# കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം- അവസ്ഥാപഠനം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)

കേരളം 2019

## പഠനസമിതി അംഗങ്ങൾ

**ഡോ. എം.എ സുധീർ**

(എമിരറ്റസ് പ്രൊഫസർ: ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്, തമിഴ്നാട്)

**ഡോ. ഗോകുൽദാസൻപിള്ള സി.**

(മുൻ കരിക്കുലം മേധാവി, എസ്.സി.ഇ.ആർ.ടി. കേരളം)

**ഡോ. അഞ്ജു ഐ.**

(അസി. പ്രൊഫസർ, ഐ.എ.എസ്.ഇ. തൃശ്ശൂർ)

**ശ്രീ. ടി.ഡി. വേലായുധൻ.**

(ജോ.ഡയറക്ടർ, (റിട്ട.) ഫിഷറീസ് ഡിപ്പാർട്ടുമെന്റ്)

**ഡോ. ജെ.ബി. രാജൻ**

(അസോസിയേറ്റ് പ്രൊഫസർ. കില, തൃശൂർ)

**ശ്രീ. രത്നാകരൻ**

(പ്രിൻസിപ്പാൾ (റിട്ട.) ഡയറ്റ് തിരുവല്ല)

**ശ്രീ. പി. ആർ. രാമചന്ദ്രൻ**

(സീനിയർ ലക്ചറർ(റിട്ട), ഡയറ്റ്, ആലപ്പുഴ)

**ശ്രീ. എം. തമ്പാൻ**

(സീനിയർ ലക്ചർ (റിട്ട.) ഡയറ്റ് കോഴിക്കോട്)

**ശ്രീ. അബ്ദുൾ റഫീക്ക്**

(സീനിയർ ലക്ചറർ, ഡയറ്റ്, എറണാകുളം)

**ശ്രീ. കെ.കെ. രാഘവൻ**

(റിട്ട. എച്ച്.എം. ജി.എൽ.പി.എസ് തെരുവത്ത്)

**ശ്രീമതി. ചിത്ര. എസ്**

(ജെ.ആർ.എഫ്., എസ്.സി.ഇ.ആർ.ടി. കേരളം)

## അക്കാദമിക്ക് കോഡിനേറ്റർ

**ഡോ. ബി. ശ്രീജിത്**

(റിസർച്ച് ഓഫീസർ. എസ്.സി.ഇ.ആർ.ടി. കേരളം)

# ആമുഖം

കേരളത്തിന്റെ തീരദേശമേഖലയിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികൾ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജന സമൂഹമാണ്. സാമൂഹികമായും വിദ്യാഭ്യാസ പരമായും ഒട്ടേറെ പരിമിതികൾ അവർ നേരിടുന്നുണ്ട്. ഈ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ നിലവിലെ അവസ്ഥ എന്താണെന്ന് കണ്ടെത്തി ഗുണമേന്മയുള്ള പഠനം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു അവസ്ഥാപഠനം എസ്.സി.ഈ.ആർ.ടി ഏറ്റെടുത്ത് നടത്തിയിരിക്കയാണ്. രക്ഷാകർത്താക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ, സ്കൂൾ അധികാരികൾ തുടങ്ങിയവരിൽ നിന്ന് കൃത്യമായി വിവരം ശേഖരിച്ച് നടത്തിയ ഈ പഠനം മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം ഗുണമേന്മയുള്ളതാക്കി മാറ്റുന്നതിന് അവസരമൊരുക്കും എന്ന് പ്രതീക്ഷിക്കുന്നു.

സാമൂഹികപവും, അക്കാദമികവും, ആരോഗ്യപരവും, സ്ഥാപനപരവുമായ ഒട്ടേറെ പരിമിതികൾ ഈ കുട്ടികൾ നേരിടുന്നുണ്ടെന്ന് പഠനം സുചിപ്പിക്കുന്നു. പഠനത്തിലൂടെ രൂപപ്പെടുത്തിയ കണ്ടെത്തലുകൾ അനുസരിച്ചുള്ള നിർദ്ദേശങ്ങൾ ഈ വിഭാഗത്തിന് ഏറെ ഗുണം ചെയ്യും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് പാർശ്വവൽക്കരിക്കപ്പെട്ട ഈ സമൂഹത്തിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ വിവിധ വിഭാഗങ്ങളുടെ കൂട്ടായ പരിശ്രമം അത്യന്താപേക്ഷിതമാണ്. ഈ പഠനം അതിന് കൂടുതൽ ഊർജം നൽകുമെന്ന് പ്രതീക്ഷിക്കട്ടെ.

**ഡോ.ജെ.പ്രസാദ്**
**ഡയറക്ടർ**, എസ്.സി.ഇ.ആർ.ടി
തിരുവനന്തപുരം

# ഉള്ളടക്കം

## സംഗ്രഹം


| | |
|---|---|
| അധ്യായം 1 : പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും | 7 |
| അധ്യായം 2 : പഠന മേഖല | 12 |
| അധ്യായം 3 : രീതി ശാസ്ത്രം | 17 |
| അധ്യായം 4 : ദത്തങ്ങളുടെ വിശകലനം | 21 |
| അധ്യായം 5 : കണ്ടെത്തലുകളും നിർദ്ദേശങ്ങളും | 84 |


## അനുബന്ധം


1. കുട്ടികൾക്കുള്ള അഭിമുഖ ചോദ്യാവലി
2. അധ്യാപകർക്കുള്ള അഭിമുഖ ചോദ്യാവലി
3. രക്ഷിതാക്കൾക്കുള്ള അഭിമുഖ ചോദ്യാവലി
4. സ്ഥാപന സംവിധാനങ്ങൾ ചോദ്യാവലി
5. മൂല്യനിർണയോപാധികൾ – എൽ.പി. വിഭാഗം
6. മൂല്യനിർണയോപാധികൾ – യു.പി വിഭാഗം
7. മൂല്യനിർണയോപാധികൾ – ഹൈസ്കൂൾ വിഭാഗം
8. മൂല്യനിർണയോപാധികൾ – ഹയർ സെക്കണ്ടറി / വി.എച്ച്.എസ്.ഇ. വിഭാഗം

9, സർവെയ്ക്കു തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ – ജില്ലാ തിരിച്ചുള്ള പട്ടിക

## പട്ടികകൾ


പട്ടിക 3.1 വിദ്യാർത്ഥികളുടെ സാമ്പിൾ

3.2 അധ്യാപകരുടെ സാമ്പിൾ

3.3 രക്ഷിതാക്കളുടെ സാമ്പിൾ

പട്ടിക 4.1 അവസ്ഥാ വിശകലനം - കുട്ടികൾ സാമൂഹികം

4.2 അവസ്ഥാ വിശകലനം - കുട്ടികൾ സാമൂഹികം ഗ്രാഫ്

4.3 അവസ്ഥാ വിശകലനം - കുട്ടികൾ - സാംസ്കാരികം

4.4 അവസ്ഥാ വിശകലനം - കുട്ടികൾ - സാംസ്കാരികം ഗ്രാഫ്

4.5 അവസ്ഥാ വിശകലനം - കുട്ടികൾ - സാമ്പത്തികം

4.6 അവസ്ഥാ വിശകലനം - കുട്ടികൾ - സാമ്പത്തികം ഗ്രാഫ്

4.7 അവസ്ഥാ വിശകലനം - കുട്ടികൾ - ആരോഗ്യം

4.8 അവസ്ഥാ വിശകലനം - കുട്ടികൾ - ആരോഗ്യം ഗ്രാഫ്

4.9 അവസ്ഥാ വിശകലനം - കുട്ടികൾ - കലാകായികം

4.10 അവസ്ഥാ വിശകലനം - കുട്ടികൾ - കലാകായികം ഗ്രാഫ്

4.11 അവസ്ഥാ വിശകലനം - കുട്ടികൾ - വിദ്യാഭ്യാസം

4.12 അവസ്ഥാ വിശകലനം - കുട്ടികൾ - വിദ്യാഭ്യാസം ഗ്രാഫ്

4.13 അവസ്ഥാ വിശകലനം - കുട്ടികൾ - സ്ഥാപന സംവിധാനങ്ങൾ

4.14 അവസ്ഥാ വിശകലനം - കുട്ടികൾ - സ്ഥാപന സംവിധാനങ്ങൾ ഗ്രാഫ്

4.15 അവസ്ഥാ വിശകലനം - കുട്ടികൾ - സമ്പ്രദായം

4.16 അവസ്ഥാ വിശകലനം - കുട്ടികൾ - സമ്പ്രാദായം ഗ്രാഫ്

പട്ടിക 4.17 അവസ്ഥാ വിശകലനം - അധ്യാപകർ - സാമൂഹികം

4.18 അവസ്ഥാ വിശകലനം - അധ്യാപകർ - സാമൂഹികം ഗ്രാഫ്

4.19 അവസ്ഥാ വിശകലനം - അധ്യാപകർ - വിദ്യാഭ്യാസം

4.20 അവസ്ഥാ വിശകലനം - അധ്യാപകർ - വിദ്യാഭ്യാസം ഗ്രാഫ്

4.21 അവസ്ഥാ വിശകലനം - അധ്യാപകർ - ആരോഗ്യം

4.22 അവസ്ഥാ വിശകലനം - അധ്യാപകർ - ആരോഗ്യം ഗ്രാഫ്

4.23 അവസ്ഥാ വിശകലനം - അധ്യാപകർ - സ്ഥാപന സംവിധാനം

4.24 അവസ്ഥാ വിശകലനം - അധ്യാപകർ - സ്ഥാപന സംവിധാനം ഗ്രാഫ്

4.25 അവസ്ഥാ വിശകലനം - അധ്യാപകർ - പഠനസമ്പ്രദായം

4.26 അവസ്ഥാ വിശകലനം - അധ്യാപകർ - പഠനസമ്പ്രദായം ഗ്രാഫ്

പട്ടിക 4.27 അവസ്ഥാ പഠനം - രക്ഷിതാക്കൾ - സാമൂഹികവസ്ഥ

4.28 അവസ്ഥാ പഠനം- രക്ഷിതാക്കൾ - സാമൂഹികവസ്ഥ ഗ്രാഫ്

4.29 അവസ്ഥാ പഠനം - രക്ഷിതാക്കൾ - സാമ്പത്തികവസ്ഥ

4.30 അവസ്ഥാ പഠനം - രക്ഷിതാക്കൾ - സാമ്പത്തികവസ്ഥ ഗ്രാഫ്

4.31 അവസ്ഥാ പഠനം - രക്ഷിതാക്കൾ - സാംസ്ക്കാരികം

4.32 അവസ്ഥാ പഠനം - രക്ഷിതാക്കൾ - സാംസ്ക്കാരികം ഗ്രാഫ്

4.33 അവസ്ഥാ പഠനം - രക്ഷിതാക്കൾ - കായികം

4.34 അവസ്ഥാ പഠനം - രക്ഷിതാക്കൾ - കായികം ഗ്രാഫ്

4.35 അവസ്ഥാ പഠനം - രക്ഷിതാക്കൾ - ആരോഗ്യം
4.36 അവസ്ഥാ പഠനം - രക്ഷിതാക്കൾ - ആരോഗ്യം ഗ്രാഫ്
4.37 അവസ്ഥാ പഠനം - രക്ഷിതാക്കൾ - സ്ഥാപന സംവിധാനങ്ങൾ
4.38 അവസ്ഥാ പഠനം - രക്ഷിതാക്കൾ - സ്ഥാപന സംവിധാനങ്ങൾ ഗ്രാഫ്
പട്ടിക 4.39 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - ഭൗതികസാഹചര്യങ്ങൾ
4.40 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - ഭൗതികസാഹചര്യങ്ങൾ ഗ്രാഫ്
4.41 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - അക്കാദമികം
4.42 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - അക്കാദമികം ഗ്രാഫ്
4.43 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - ഐ.ടി സാധ്യതകൾ
4.44 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - ഐ.ടി സാധ്യതകൾ ഗ്രാഫ്
4.45 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - സാമുഹികം
4.46 അവസ്ഥാ പഠനം - സ്ഥാപനസംവിധാനങ്ങൾ - സാമൂഹികം ഗ്രാഫ്
പട്ടിക 4.47 അച്ചീവ്മെന്റ് സ്റ്റഡി. - പ്രീപ്രൈമറി - ആശയവിനിമയം
4.48 അച്ചീവ്മെന്റ് സ്റ്റഡി. - പ്രീപ്രൈമറി - പ്രകടനം
4.49 അച്ചീവ്മെന്റ് സ്റ്റഡി. - എൽ.പി മലയാളം - വായന
4.50 അച്ചീവ്മെന്റ് സ്റ്റഡി. - എൽ.പി പരിസരപഠനം
4.51 അച്ചീവ്മെന്റ് സ്റ്റഡി. - എൽ.പി. മലയാളം - ഭാഷണം
4.52 അച്ചീവ്മെന്റ് സ്റ്റഡി. - എൽ.പി ഗണിതം - സംഖ്യാബോധം
4.53 അച്ചീവ്മെന്റ് സ്റ്റഡി. - യു.പി മലയാളം - വായന
4.54 അച്ചീവ്മെന്റ് സ്റ്റഡി. - യു.പി. മലയാളം - ചർച്ച സംവാദം
4.55 അച്ചീവ്മെന്റ് സ്റ്റഡി. - യു.പി. ഗണിതം
4.56 അച്ചീവ്മെന്റ് സ്റ്റഡി. - യു.പി. ഇംഗ്ലീഷ് - വായന
4.57 അച്ചീവ്മെന്റ് സ്റ്റഡി. - യു.പി. ഇംഗ്ലീഷ് - ഭാഷണം
4.58 അച്ചീവ്മെന്റ് സ്റ്റഡി. - ഹൈസ്കൂൾ - മലയാളം - ഭാഷണം
4.59 അച്ചീവ്മെന്റ് സ്റ്റഡി. - ഹൈസ്കൂൾ - മലയാളം - വായന
4.60 അച്ചീവ്മെന്റ് സ്റ്റഡി. - ഹൈസ്കൂൾ - ഇംഗ്ലീഷ് - ഭാഷണം
4.61 അച്ചീവ്മെന്റ് സ്റ്റഡി. - ഹൈസ്കൂൾ - ഇംഗ്ലീഷ് - വായന
4.62 അച്ചീവ്മെന്റ് സ്റ്റഡി. - ഹൈസ്കൂൾ - മലയാളം - ചർച്ച സംവാദം
4.63 അച്ചീവ്മെന്റ് സ്റ്റഡി. - ഹയർ സെക്കണ്ടറി - മലയാളം - വായന
4.64 അച്ചീവ്മെന്റ് സ്റ്റഡി. - ഹയർ സെക്കണ്ടറി - മലയാളം - ഭാഷണം
4.65 അച്ചീവ്മെന്റ് സ്റ്റഡി. - ഹയർ സെക്കണ്ടറി - ഇംഗ്ലീഷ് - വായന
4.66 അച്ചീവ്മെന്റ് സ്റ്റഡി. - ഹയർ സെക്കണ്ടറി - മലയാളം - ചർച്ച സംവാദം
4.67 അച്ചീവ്മെന്റ് സ്റ്റഡി. - ഹയർ സെക്കണ്ടറി - ഇംഗ്ലീഷ് - ഭാഷണം
പട്ടിക 4.68 അച്ചീവ്മെന്റ് സ്റ്റഡി. - വി.എച്ച്.എസ്.ഇ. - ഇംഗ്ലീഷ് - വായന
4.69 അച്ചീവ്മെന്റ് സ്റ്റഡി. - വി.എച്ച്.എസ്.ഇ. - മലയാളം - ഭാഷണം
4.70 അച്ചീവ്മെന്റ് സ്റ്റഡി. - വി.എച്ച്.എസ്.ഇ. - ഇംഗ്ലീഷ് - ഭാഷണം
4.71 അച്ചീവ്മെന്റ് സ്റ്റഡി. - വി.എച്ച്.എസ്.ഇ. - മലയാളം - വായന
4.72 അച്ചീവ്മെന്റ് സ്റ്റഡി. - വി.എച്ച്.എസ്.ഇ. - മലയാളം - ചർച്ച/സംവാദം

## അധ്യായം 1

# പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗുണമേന്മയുള്ള പഠനം സാർവത്രികമാക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. വിദ്യാഭ്യാസപരമായി അവഗണന അനുഭവിക്കുന്ന ഒട്ടേറെ വിഭാഗങ്ങൾ നമ്മുടെ നാട്ടിലുണ്ട്. വനമേഖലയിൽ ജീവിക്കുന്ന ആദിവാസികൾ, കാഴ്ച പരിമിതിയും കേഴ്വി പരിമിതിയും ഉള്ളവർ, തീരപ്രദേശമേഖലയിൽ അധിവസിക്കുന്നവർ, ചേരി പ്രദേശങ്ങളിൽ കഴിയുന്നവർ എന്നിവരൊക്കെ ഇത്തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരായി കണക്കാക്കപ്പെടുന്നു. ഇവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മത്സ്യബന്ധനം പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ച തീരദേശമേഖലയിലെ ജനസമൂഹത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് അവരുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്. സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പിന്നോക്കാവസ്ഥയിൽപ്പെടുന്ന കടലോര മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ലക്ഷ്യങ്ങൾ എത്രത്തോളം നേടാൻ സാധിച്ചിട്ടുണ്ടെന്നും അവരുടെ പഠന പ്രശ്നങ്ങൾ എന്താണെന്ന് കണ്ടെത്താനും ഒരു പഠനം നടത്തുന്നത് ഈ പ്രശ്നത്തെ സമഗ്രമായി മനസ്സിലാക്കുന്നതിനും പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും അവസരമൊരുക്കും.

### 1.1 പഠനത്തിന്റെ ആവശ്യകതയും പ്രാധാന്യവും.

കേരള വികസന മോഡൽ ലോകമെങ്ങും ശ്ലാഘിക്കപ്പെടുന്ന ഒന്നാണ്. പൊതു ജനാരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ സേവന മേഖലകളിലുണ്ടായ വളർച്ചയും കാർഷിക വ്യാവസായിക മേഖലകളിലുണ്ടായ ഉണർവും കേരളീയന്റെ ജീവിത ഗുണനിലവാരത്തെ, ഉയർത്താൻ സഹായകമായിട്ടുണ്ട്. സാർവത്രികവിദ്യാഭ്യാസം, ഭൂപരിഷ്കരണം, മുതൽ അധികാരവികേന്ദ്രീകരണം വരെ നടന്ന സാമൂഹ്യമാറ്റങ്ങൾ നവകേരള സൃഷ്ടിക്കു കാരണഭൂതമായിട്ടുണ്ട് എന്നു നിസ്സംശയം പറയാം. എന്നാൽ ഗുണപരമായ മാറ്റം എല്ലാ ഭൂപ്രദേശങ്ങളിലും സംസ്കൃതിയിലും ഒരേപോലെയാണോ പ്രതിഫലിച്ചിരിക്കുന്നത്, എന്നത് ചിന്തനീയമാണ്. എസ്.സി. എസ്.ടി വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ ആദിവാസി വിഭാഗങ്ങളിലും മലനാട്ടിലെ ജനങ്ങളിൽ മൊത്തമായും വികസനകാഴ്ചപ്പാടുകൾ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഫീഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ സജീവമാണെങ്കിൽ കൂടിയും വിദ്യാഭ്യാസ വകുപ്പുമായി ചേർന്നു വിദ്യാഭ്യാസ ഗുണമേന്മായജ്ഞത്തിനും പുതിയപാതകൾ തുറക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യതക്കുറവ്, വായനശാല, ക്ലബുകൾ തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളുടെ വ്യാപനമില്ലായ്മ, രക്ഷിതാക്കളുടെ വിദ്യാഭ്യാസ നിലവാരത്തിലും ജീവിതാവബോധത്തിലുമുള്ള പിന്നോക്കാവസ്ഥ, ശാസ്ത്രജ്ഞാനത്തെ തൊഴിൽ മേഖലയിലേക്ക് ഉൾച്ചേർക്കുന്നതിലുള്ള അജ്ഞത, മൊത്തത്തിൽ ജീവിത ഗുണമേന്മയിലുള്ള പിന്നോക്കാവസ്ഥ എന്നിവ തീരദേശം നേരിടുന്ന വെല്ലുവിളികളാണ്.

വികസനരംഗത്ത് ആഗോള പ്രശസ്തിയിൽ എത്തി നിൽക്കുന്ന കേരളത്തിൽ തന്നെയാണ് തീഷ്ണമായ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് അതിജീവനത്തിന്റെ സങ്കീർണ്ണതകളും യാതനകളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗമുള്ളത് എന്ന് നാം മറന്നുകൂടാ. 10% മുതൽ 14% വരെ കൊഴിഞ്ഞ്പോക്ക് ഇന്നും സ്കൂൾ വിദ്യാഭ്യാസത്തിലൂണ്ട്. കേരളത്തിന്റെ പൊതുസാക്ഷരതാ നിരക്ക് 95% ആയിരിക്കുമ്പോൾ തീര പ്രദേശത്ത് ഇത് 91.3% മാത്രമാണ്. പൊതു വിഷയങ്ങളെ സംബന്ധിച്ചും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചും തികച്ചും അജ്ഞരായ കടലോരജനതയുടെ പൊതുബോധത്തെ ഉണർത്തി സാമൂഹികമായ സുസ്ഥിരതയിലേക്ക് ഉയർത്തേണ്ടതുണ്ട്.

കേരളത്തിന്റെ ആളോഹരി വരുമാനം ഉയർന്നിട്ടും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തിൽ കാര്യമായ മാറ്റങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല എന്നും കാണാം. മത്സ്യത്തൊഴിലാളി കളുടെ ഉന്നമനത്തിനായി രൂപീകൃതമായ മത്സ്യഫെഡിനും വിദ്യാഭ്യാസപരമായ മുന്നേറ്റത്തിന് നേതൃത്വം നൽകാൻ സാധിക്കുന്നില്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും ഫലപ്രദമായി വിനിയോഗിക്കാൻ രക്ഷിതാക്കൾക്കും സാധിക്കുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താനും വലിയൊരു വിഭാഗത്തിനും കഴിയുന്നില്ല.

കേരളത്തിലങ്ങോളമിങ്ങോളം തീരപ്രദേശത്തെ വിലയിരുത്തിയാൽ ഓരോ പ്രദേശത്തും പ്രാദേശിക ജാതി, മത വിഭാഗങ്ങളുടെ നിയന്ത്രണത്തിലാണ് ഇവർ ജിവിതം മുന്നോട്ട് നീക്കുന്നതെന്നു കാണാം. അവർ ഉണ്ടാക്കുന്ന കടൽ നിയമങ്ങളും അനുഷ്ഠാനങ്ങളും ചോദ്യം ചെയ്യാതെ അനുസരിക്കാൻ നിർബന്ധിതരാവുന്നു. സഹകരണസംഘങ്ങൾക്കും പൊതുകൂട്ടായ്മകൾക്കും വേണ്ടത്ര സ്വാധീനം തീരദേശതൊഴിൽ മേഖലയിൽ ഉണ്ടാക്കി യെടുക്കാൻ സാധിച്ചിട്ടില്ല. വിധിവിശ്വാസങ്ങളിലും അന്ധവിശ്വാസങ്ങളിലും പെട്ടുപോയ വലിയൊരു ജനതയെ കടലോരമേഖലയിൽ കാണാം. വിദ്യാഭ്യാസ സാംസ്കാരിക സഹകരണ കൂട്ടായ്മകളിലൂടെ മാത്രമേ അവരിൽ കാതലായ മാറ്റങ്ങൾ വരുത്താൻ സാധിക്കൂ.

## 1. 2 നിലവിലെ അവസ്ഥ

2011 ലെ അഖിലേന്ത്യാ സെൻസസ് പ്രകാരം കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളിക ളുടെ എണ്ണം 33.4 ദശലക്ഷമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗമാണിത്. ഇവരിൽ ബഹുഭൂരിപക്ഷവും കേരളത്തിന്റെ കടൽത്തീരമേഖലയോടു ചേർന്നുള്ള 222 മത്സ്യബന്ധന ഗ്രാമങ്ങളിലാണ് തിങ്ങിപ്പാർക്കുന്നത്. ഇവരുടെ ജീവിത പ്രശ്ന ങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവ എങ്ങനെയെന്ന അന്വേഷണം നാളിതുവരെയും നട ന്നിട്ടില്ല. ഈ പഠനം അത്തരത്തിലുള്ള ഒരു സമഗ്ര അന്വേഷണത്തിന് പാതയൊരുക്കും.

സംസ്ഥാന സമ്പദ് ഘടനയിൽ മത്സ്യ ബന്ധനമേഖലയുടെ സംഭാവന 11.58 ശതമാനമാണ് (കേരള നിയമസഭാ സബ്കമ്മറ്റി റിപ്പോർട്ട് - 2015 - '16) അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്ത ങ്ങൾ, ട്രോളിങ് നിരോധനം, മദ്ധ്യവർത്തികളുടെ ചൂഷണം, ഉത്പാദന മാന്ദ്യം, വിലയിടിവ് തുടങ്ങിവയുടെ ഫലമായി ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും കടബാധ്യതയിലാണ്. ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ കാര്യമായ ശ്രദ്ധ പതിയു ന്നില്ല. സ്വാതന്ത്ര്യം കിട്ടി 70 വർഷങ്ങൾ കഴിഞ്ഞിട്ടും നിരന്തരം പാർശ്വവൽക്കരിക്കപ്പെട്ട ജനത യായി ഇന്നും തുടരുന്നു എന്നത് പ്രത്യേക പരിഗണന അർഹിക്കുന്ന കാര്യമാണ്. എല്ലാവർക്കും വിദ്യാഭ്യാസം (Education for All), ഗുണമേന്മയുള്ള വിദ്യാഭ്യാസം (Quality Education) എന്നീ ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ നിരന്തരം പാർശ്വവൽക്കരിക്കപ്പെടുന്ന ഈ സമൂഹത്തിലെ കുട്ടികളുടെ പഠനം ആഹ്ലാദകരമാക്കുന്നതിനും, കൊഴിഞ്ഞ്പോക്ക് തടയുന്നതിനും പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. അതിന് ശാസ്ത്രീയമായ ഒരു അന്വേ ഷണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വിവിധങ്ങളായ മത്സ്യസമ്പത്തുകൾ കേരള ജനതയ്ക്ക് ലഭ്യമാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നവരാണ്. രാവെന്നോ പകലെന്നോ, മഴയെന്നോ വെയിലെന്നോ ഇല്ലാതെ സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്നതിനായി അന്നം തേടുന്ന ഇവരുടെ വേദനകൾ, നേരിടുന്ന പ്രശ്നങ്ങൾ എന്നിവ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. മത്സ്യ ത്തൊഴിലാളികളുടെ മക്കളും പരമ്പരാഗതമായി മത്സ്യത്തൊഴിലാളികളായി മാറുന്ന രീതിയാണ് പൊതുവെ കണ്ടു വരുന്നത്. കുഞ്ഞുങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം എങ്ങനെയെങ്കിലും പൂർത്തിയാക്കി മത്സ്യത്തൊഴിലുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകളുടെ ബാലപാഠങ്ങൾ അഭ്യസിപ്പിക്കുന്നതിനുള്ള നടപടികളിലേക്ക് നീങ്ങുന്നതായാണ് കണ്ടുവരുന്നത്. ഇതിന് ഒരു മാറ്റം അത്യാന്താപേക്ഷിതമാണ്.

## 1.3 പഠനത്തിന്റെ പ്രസക്തി

വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായി മാറിയതോടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണം എന്ന ബോധം രക്ഷിതാക്കളിൽ പ്രകടമാണ്. രക്ഷിതാക്കളിൽ ഉണ്ടായ ഈ മാറ്റത്തെ മനസ്സിലാക്കി അവർക്ക് ആവശ്യമായ അവബോധം നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തേണ്ടത് ആത്യന്താപേക്ഷിതമാണ്.

കുട്ടികളുടെ പഠനവുമായി ബന്ധപ്പെടുത്തി മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽത്തന്നെ രക്ഷകർത്തൃ കൂടിച്ചേരലിന് അവസരം ഒരുക്കുക ഗ്രാമീണ വായന ശാലകൾ സ്ഥാപിക്കുക കുട്ടികളുടെ കലാകായിക വാസനകൾ പരിപോഷിപ്പിക്കുക, തീരദേശ ആഘോഷങ്ങളുമായി ബന്ധപ്പെടുത്തി കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിക്കുക എന്നിവയൊക്കെ ഇപ്പോൾ നടക്കുന്നുണ്ടോ? എത്രമാത്രമാണ് അവ നടന്നുവരുന്നത് തുടങ്ങിയവയും പഠനത്തിന്റെ ഭാഗമായി അന്വേഷിക്കാൻ സാധിക്കും.

സമൂഹത്തിലെ മറ്റ് കുട്ടികളെപ്പോലെ ഈ മേഖലയിലെ മിടുക്കരായ കുട്ടികൾക്കും വിജയിച്ചു മുന്നോട്ടുവരാനുള്ള അവസരം ഒരുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്കോളർഷിപ്പ് സംവിധാനങ്ങളെക്കുറിച്ചും മത്സരപ്പരീക്ഷകളെക്കുറിച്ചും കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും ധാരണയുണ്ടോ എന്നും ഈ പഠനത്തിലൂടെ കണ്ടെത്താൻ സാധിക്കും.

കടലിന്റെ മക്കളായി വളരുന്ന ഈ കുഞ്ഞുങ്ങൾക്ക് കടലും, വെള്ളവും എല്ലാം കളി ഉപകരണങ്ങളാണ്. ആയതുകൊണ്ടു തന്നെ നീന്തലുമായി (swimming) ബന്ധപ്പെട്ട കായിക ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയാൽ നമ്മുടെ നാടിന്റെ യശസ്സ് ഉയർത്താൻ പോന്ന കായിക താരങ്ങളെ വാർത്തെടുക്കാൻ സാധിക്കും. അത്തരത്തിലുള്ള അവബോധം രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ഉണ്ടോ എന്ന കാര്യവും ഈ പഠനത്തിലൂടെ കണ്ടെത്താൻ സാധിക്കും.

സമുദ്രത്തെ ശാസ്ത്രീയമായി മനസ്സിലാക്കാനും, സമുദ്ര വിഭവങ്ങളെക്കുറിച്ച് ശരിയായ ധാരണ കൈവരിക്കാനും, സമുദ്രജീവികളെക്കുറിച്ച് ഉപരിപഠനവും ഗവേഷണവും നടത്താനും കടലിന്റെ മക്കൾക്ക് താല്പര്യമുണ്ടാകും. ഇതിനെക്കുറിച്ചുള്ള അവബോധം രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ഉണ്ടോ എന്ന് കണ്ടെത്താനും ഈ പഠനത്തിലൂടെ സാധിക്കുന്നതാണ്.

മത്സ്യ മേഖലയിൽത്തന്നെ ആധുനിക മത്സ്യബന്ധനം, മത്സ്യ വിപണനം, മത്സ്യം ഉപയോഗിച്ചുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം എന്നീ കാര്യങ്ങളിൽ ഉപരിപഠനം നടത്തി ഈ വിഭാഗത്തിന്റെ സാമ്പത്തികമായ ഭദ്രതയ്ക്ക് അടിത്തറയിടുന്നതിന് സാധിക്കും. ഇതിനുള്ള അവബോധം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കുകയുള്ളു.

മറൈൻ എഞ്ചിനിയറിംഗ് മികച്ച തൊഴിൽ സാധ്യത പ്രദാനം ചെയ്യുന്ന മേഖലയാണ്. ഇതിനോട് ഇഷ്ടം കൂടാൻ ആദ്യം വേണ്ടത് കടലിനോടുള്ള സൗഹൃദമാണ്. അത് ഏറ്റവും കൂടുതലുള്ളത് കടലിന്റെ മക്കൾക്കാണ്. ഇതിന്റെ വിവിധ സാധ്യതകൾ ഷിപ്പിംഗ് മേഖലയിലും, വിനോദ സഞ്ചാര മേഖലയിലും പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ അറിയാൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കും.

കടൽത്തീരത്തിന് സമീപസ്ഥമായ പ്രദേശങ്ങളിൽ കുഞ്ഞുങ്ങൾക്ക് പഠനം നിർവഹിക്കുന്നതിനുള്ള സ്കൂൾ സൗകര്യങ്ങൾ എത്രത്തോളമുണ്ട്? ഈ സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? ഈ പ്രശ്നങ്ങൾ പരിഹരിച്ച് പഠനം ആഹ്ലാദകരമാക്കുന്നതിന് കേരള സമൂഹത്തിന് എന്ത് തരത്തിലുള്ള പിന്തുണ നൽകാൻ സാധിക്കും? അതിനുള്ള ഒരു പ്രവർത്തന പദ്ധതി തയാറാക്കി നടപ്പാക്കാനുള്ള മാർഗനിർദേശങ്ങൾ അധികാരികൾക്ക് സമർപ്പിക്കാൻ കഴിഞ്ഞാൽ ഈ പാർശ്വവൽകൃത സമൂഹത്തോട് ചെയ്യുന്ന ഏറ്റവും വലിയ കൈത്താങ്ങാവും അത്.

ഇതിനു സഹായിക്കുന്ന പഠനം എന്ന നിലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവസ്ഥാ പഠനം വളരെ പ്രധാന്യമർഹിക്കുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടി കട ലിന്റെ മക്കൾക്കും ഉയർന്ന ജീവിത നിലവാരം കൈവരിക്കുന്നതിനും അവകാശം ഉണ്ട്. അത് സാധ്യമാക്കാൻ ഈ പഠനത്തിലൂടെ അവസരം കൈവരുന്നതാണ്.

## 1.4 പഠന ലക്ഷ്യങ്ങൾ

**പഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.**

- പ്രകൃതി ദുരന്തങ്ങളും പാരിസ്ഥിതികാഘാതങ്ങളും മറികടന്ന് യാഥാസ്ഥിതിക ചിന്താധാ രകളെ അതിലംഘിച്ച് ഗുണമേന്മയുള്ള ജീവിത നിരവാരത്തിലെത്താൻ തീരദേശമത്സ്യ ത്തൊഴിലാളി വിഭാഗത്തെ പ്രാപ്തരാക്കുക എന്നതാണ് പരമമായ ലക്ഷ്യം.
- പരമ്പരാഗത മത്സ്യബന്ധന രീതികളും വിപണന രീതികളും അവലംബിക്കുന്ന മത്സ്യ ത്തൊളിലാളി കുടുംബങ്ങളെ വിദ്യാഭ്യാസത്തിന്റെ മുന്നേറ്റത്തിലൂടെ ആധുനികവൽക്കര ണത്തിന്റെ പാതയിലെത്തിച്ച് സുസ്ഥിര വികസനത്തിനു പാത്രിഭൂതരാക്കുക.
- മദ്യം, മയക്കമരുന്ന് തുടങ്ങിയവയ്ക്കു അടിമപ്പെടുന്ന സാമൂഹ്യാവസ്ഥയ്ക്കു വിദ്യാഭ്യാസത്തി ലൂടെ പരിഹാരം കണ്ടെത്തുക. സർവോപരി സമതുലിതമായ കേരള വികസനത്തിൽ തീര പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളും പങ്കാളിയാക്കാനുള്ള നിർദ്ദേശങ്ങൾ കണ്ടെത്തുക.
- ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടിയുള്ള സ്പഷ്ടമായ ഉദ്ദേശ്യങ്ങൾ ചുവടെ കൊടുക്കുന്നു.

## 1.5 ഉദ്ദേശ്യങ്ങൾ

1. പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാഭ്യാസത്തിന്റെ വിശദമായ അവസ്ഥാ പഠനം നടത്തുക. പരമ്പാരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടിക ളുടെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.
2. സാമൂഹികം, സാംസ്കാരികം, ആരോഗ്യം, കലാകായികം, പഠനസമ്പ്രദായം, സ്ഥാപനസംവി ധാനങ്ങളുടെ സൗകര്യങ്ങൾ എന്നീ മേഖലകളുടെ വിലയിരുത്തൽ.
3. വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുക.
4. വിദ്യാഭ്യാസസ്ഥാപനങ്ങളടെ ലഭ്യത, പര്യാപ്തത, കാര്യക്ഷമത എന്നിവ കണ്ടെത്തുക.
5. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ രൂപപ്പെടുത്തുക.
6. പ്രശ്നപരിഹാരത്തിനുള്ള പ്രവർത്തന പദ്ധതി വികസിപ്പിക്കുക.

## 1.6 സാധ്യതകളും പരിമിതികളും

പഠനത്തിലൂടെ ലഭിക്കുന്ന തിരിച്ചറിവുകൾ ഉപയോഗപ്പെടുത്തി തീരദേശ മേഖലയിലെ പൊതു വിദ്യാഭ്യാസത്തിന്റെ സ്ഥായീഭാവത്തോടെയുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ സാധി ക്കും.

ഫിഷറീസ് വകുപ്പിന്റെ തുടർ പ്രവർത്തനങ്ങളിൽ പഠനത്തിന്റെ ഭാഗമായി ലഭിക്കുന്ന കണ്ടെ ത്തലുകൾ പ്രയോജനപ്പെടുത്താൻ സാധിക്കും.

ദുരന്തനിവാരണ സേന രൂപീകരണം, നാവിക സേന, തുറമുഖ വികസനം, സമുദ്രോല്പന്ന പര്യവേ ക്ഷണം, ആഴക്കടൽ മത്സ്യബന്ധനം തുടങ്ങിയവയിലെല്ലാം പരമ്പരാഗത മത്സ്യത്തൊഴിലാളിക ളുടെ വൈദഗ്ധ്യവും കടലറിവും പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കും പ്രേരകമാവും.

അനുയോജ്യമായ പഠനവിഷയങ്ങൾ, കോഴ്സുകൾ, എന്നിവ നിർണ്ണയിക്കുന്നതിനും സഹായ കമാവും.

പഠനത്തിന്റെ പരിമിതിയായി കണക്കാക്കാവുന്നത് 8 ജില്ലകളിലെ 200 ലധികം വരുന്ന മത്സ്യ ഗ്രാമങ്ങളിൽ കേവലം 10 എണ്ണം മാത്രമേ പഠനത്തിനു വിധേയമാക്കാൻ സാധിച്ചുള്ളു എന്നതാണ്. ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തുന്ന വിദ്യാലയങ്ങളിൽ പ്രത്യേകമായി പഠനം നടത്താൻ സാധിച്ചിട്ടില്ല എന്നതും പരിമിതിയാണ്. പഠനകാലത്തിന്റെ ദൈർഘ്യം കൂടുന്നതിനുസരിച്ച് പഠന മൂല്യം കുറയുകയും ചിലപ്പോൾ കണ്ടെത്തലുകൾ അപ്രസക്തമാവുകയും ചെയ്തേക്കാം.

പരിഹാര പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിംഗിനെക്കുറിച്ചുള്ള ധാരണയില്ലായ്മയും പരിമിതമാണ്. സമൂഹത്തിന്റെ വികസനത്തിന് വിദ്യാഭ്യാസ പുരോഗതി എന്നതിനൊപ്പം പാരിസ്ഥിതികവും തൊഴിൽപരവും ഉത്പാദനവിതരണ മേഖലകളിലുള്ള സാമൂഹ്യ രീതി നിരാസവും നിർണ്ണായ കഘടകങ്ങളാണ്. പ്രസ്തുത മേഖലകളിൽ ആഴത്തിലുള്ള പഠനം ഇതോടൊപ്പം നടത്താൻ സാധിക്കാത്തത് വലിയൊരു പരിമിതിയായി നിലനിൽക്കുന്നു.

## 1.7 രീതിശാസ്ത്രം

കേരള തീരദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ കണ്ടെത്തുന്നതിന് സർവെ രീതിയാണ് അവലംബിച്ചിട്ടുള്ളത്. കേരളത്തിലുടനീളം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ സമാനതകൾ ആണുള്ളത്. അതുകൊണ്ട് അഞ്ച് തീരദേശജില്ലകളിലെ ഓരോ ഗ്രാമവും പട്ടണവും റാൻഡം രീതിയിൽ തെരഞ്ഞെടുത്തു. അവിടങ്ങളിലെ പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി തലം വരെയാണ് പഠന വിധേയമാക്കിയത്. ഈ തലങ്ങളിലുള്ള വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷകർത്താക്കൾ, സ്ഥാപന മേധാവികൾ എന്നിവരിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ചോദ്യാവലി, ഇന്റർവ്യു ഷെഡ്യൂൾ, achievement test എന്നീ ടൂളുകളും ടെക്നിക്കുകളുമാണ്, വിവര ശേഖരണത്തിന് ഉപയോഗിച്ചത്. ലഭിച്ച ദത്തങ്ങളുടെ ഗണപരവും ഗുണപരവുമായ വിശകലനം നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിച്ചു.

# അധ്യായം 2

# പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പഠന പശ്ചാത്തലവും അനുബന്ധ പഠനങ്ങളും

## പഠന പശ്ചാത്തലം

ഇന്ത്യയുടെ വിദ്യാഭ്യാസ ഭൂപടത്തിൽ മികച്ച അടിത്തറയുള്ള സംസ്ഥാനമാണ് കേരളം. 2011 ലെ സെൻസസ് കണക്ക് പ്രകാരം 74.04 ശതമാനമാണ് ഇന്ത്യയുടെ മൊത്തത്തിലുള്ള സാക്ഷരത. കേരളത്തെ സംബന്ധിച്ചിടത്തോളം 93.91% ആണ് മൊത്തം സാക്ഷരത. ഇതിൽ സ്ത്രീ സാക്ഷരതയായ 91.98% ഇന്ത്യയുടെ മൊത്തത്തിലുള്ള സാക്ഷരതയുടെ 65.5% ആണ്. ഇതിൽ നിന്ന് തന്നെ കേരളത്തിന്റെ പ്രാമുഖ്യം വ്യക്തമാണ്. 5-16 വയസ് വരെയുള്ള കുട്ടികളുടെ സാക്ഷരത 100% ത്തോട് അടുത്തിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വളർച്ച ആഗോള നിലവാരത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനം കേരളം സജീവമാക്കിയിരിക്കുകയാണ്. എന്നിരുന്നാലും ഈ മേഖലയിൽ സൂക്ഷ്മമായ പഠനം അത്യാവശ്യമാണ്. നൂറ് ശതമാനം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങളുടെ തടസം പരിഹരിക്കാൻ അവ സഹായകമാവും. 590 കിലോമീറ്ററിൽ ഒരു നാടപോലെകിടക്കുന്ന കേരളത്തിന്റെ തീരദേശമേഖലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ വിദ്യാഭ്യാസം, സംസ്കാരം, ആരോഗ്യം, സാമൂഹിക - സാമ്പത്തിക സ്ഥിതി എന്നിവയിലെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തുന്നത് അതീവ പ്രാധാന്യമർഹിക്കുന്നു.

ഒരു ജനതയുടെയോ, കാലഘട്ടത്തിന്റെയോ ജീവിതാവസ്ഥകളാണ് സംസ്കാരം. ഒരു സമൂഹത്തിന്റെ ഭൂതകാലത്തെക്കുറിച്ച് കൃത്യമായ രീതിയിൽ പഠനം നടത്തിയാൽ മാത്രമെ വർത്തമാനകാല ജീവിതാവസ്ഥ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. അവ അപഗ്രഥിക്കുകയും, വിലയിരുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. മനുഷ്യവാസാരംഭം മുതൽ വ്യവസായിക മേഖലയിൽ പ്രത്യേകിച്ചും, വളർച്ചയുടെ വർത്തമാനകാലത്തിൽ പലതും ഇല്ലാതാവുകയും, പുതിയത് രൂപപ്പെടുകയും ചെയ്യുക സ്വാഭാവികമാണ്.

## 2.1 പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം.

എല്ലാ മനുഷ്യരുടേയും പ്രാഥമിക ആവശ്യങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നതാണ് വിദ്യാഭ്യാസം. മൂല്യങ്ങളെയും നൈപുണികളേയും ജീവിതത്തിൽ ആർജിച്ചെടുക്കാനും വിദ്യാഭ്യാസം സഹായിക്കുന്നു. ഇവിടെ, മത്സ്യത്തൊഴിലാളികൾ എല്ലാ അടിസ്ഥാന മേഖലകളിലും പ്രശ്നങ്ങൾ നേരിടുന്നു. വിദ്യാഭ്യാസം, ശുചിത്വം, ആരോഗ്യം, താമസസൗകര്യങ്ങൾ എന്നിവയിലെല്ലാം അവർ പ്രശ്നങ്ങൾ നേരിടുന്നു. മതം, ജാതി, വർഗം തുടങ്ങിയവ കുട്ടികളുടെ സ്ഥിതിയെ ബാധിക്കുന്നു. സാധാരണയായി മത്സ്യത്തൊഴിലാളികളുടെ സമൂഹത്തിൽ ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ പെൺകുട്ടികൾക്ക് താഴ്ന്ന സാമൂഹിക പദവിയാണ്. സാമൂഹിക സൗഖ്യത്തിന്റെ അടിത്തറ എന്നതു തന്നെ കുടുംബാംഗങ്ങളും കുട്ടികളുമായുള്ള ബന്ധമാണ്. എന്നാൽ തീരദേശങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബന്ധം വളരെ കുറവാണ്. ഒരുപാട് കുട്ടികൾക്ക് തങ്ങളുടെ മാതാപിതാക്കൾക്ക് തങ്ങളെ കേൾക്കാൻ സമയമില്ലെന്നും, ശ്രദ്ധിക്കാൻ സമയമില്ലാതെ മറ്റു ജോലികളിൽ വ്യാപൃതരാണെന്നും ഉള്ള പരാതികളുണ്ട്. ഇവിടെ ആൺകുട്ടികളുടെ സാമൂഹിക പദവിയാണ് പെൺകുട്ടികളേക്കാൾ ഉയർന്നതായി കാണപ്പെട്ടിട്ടുള്ളത്. സാംസ്കാരികവും മതപരവുമായ കാര്യങ്ങൾ ഈ തീരപ്രദേശങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നേട്ടത്തിൽ മുഖ്യപങ്കു വഹിക്കുന്നുണ്ട്. മുകളിൽ ചേർത്ത വിദ്യാഭ്യാസ പിന്നോക്കാവ

സ്ഥയുടെ കാരണങ്ങളോടൊപ്പം ചേർത്തുവക്കേണ്ടുന്നതാണ് അധ്യാപക വിദ്യാർഥി ബന്ധത്തിന്റെ ദൃഢതയില്ലായ്മ. അവർക്കു വേണ്ടുന്നത് പരിഗണനയാണ്. പലപ്പോഴും സ്കൂളിൽ നിന്ന് അത് ലഭിക്കുന്നില്ല. തീരദേശത്ത് താമസിക്കുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്കിനുള്ള മറ്റൊരു കാരണം സ്കൂളിന്റെ ദൂരപരിധിയാണ്. അയവുള്ള പാഠ്യപദ്ധതിയുടെ അഭാവം, സമയക്രമം പാലിക്കാനുള്ള പ്രയാസങ്ങൾ, ഉച്ചഭക്ഷണത്തിന്റെ കുറവ് എന്നിവയും പ്രധാന പ്രതിസന്ധികളാണ്.

- **സാമൂഹിക - സാമ്പത്തിക സ്ഥിതി**

കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയുടെ അഭാവം വലിയ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പഠന സൗകര്യമില്ലായ്മ, മാതാപിതാക്കളുടെ ശ്രദ്ധക്കുറവ്, തുടങ്ങിയവ പഠനപ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. തുടർച്ചയായ തൊഴിൽദിനങ്ങൾ രക്ഷിതാക്കൾക്കില്ല എന്നതും കാരണമാണ്.

- ആധുനിക ലോകം ടെക്നോളജിയുടെ കാലമാണ്. പുതിയമാറ്റങ്ങൾ വലിയ സാധ്യതകൾ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കൊണ്ടുവരുന്നു. അവയോടൊപ്പം ഉയരാനുള്ള സാമ്പത്തിക വളർച്ച ഈ വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ മറ്റൊരു പ്രശ്നം സാമൂഹ്യമായ ഇടപെടലുകളോടുള്ള താല്പര്യകുറവാണ്. ഇവർ പ്രത്യേകം സംഘങ്ങളാവുന്നു. ജാതിപരമായും മതപരമായും ഒറ്റപ്പെടൽ അനുഭവിക്കുന്നു.

ഇന്നത്തെ കാലത്ത് യന്ത്രവൽക്കരണവും ആധുനിക വിദ്യാഭ്യാസ രീതികളും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മാറ്റങ്ങളിൽ മുഖ്യപങ്കുവഹിക്കുന്നു. എന്നാൽ മത്സ്യത്തൊഴിലാളി സമൂഹം ഈ മാറ്റത്തിന്റെ യാതൊരു ഗുണഫലങ്ങളും അനുഭവിക്കുന്നില്ല. കാരണം യന്ത്രവൽക്കരണം പരമ്പരാഗത മത്സ്യതൊഴിലാളികളെ സ്വാധീനിച്ചിട്ടില്ല എന്നതാണ്. മത്സ്യത്തൊഴിലാളി സമൂഹം പരമ്പരാഗതമായി വിദ്യാഭ്യാസ ന്യൂനത അനുഭവിക്കുന്നവരാണ്. അവരുടെ തൊഴിൽ സംബന്ധമായിട്ടുള്ള കാര്യങ്ങളാൽ തന്നെ അവർ വിദ്യാഭ്യാസ മേഖലയിൽ നിന്നും അകറ്റി നിർത്തപ്പെടുകയായിരുന്നു. കുട്ടികളെ മത്സ്യബന്ധന സംബന്ധമായ ജോലികൾക്ക് ഉപയോഗിക്കാമെന്നതുകൊണ്ടു തന്നെ, അടിസ്ഥാന വിദ്യാഭ്യാസം നിർബന്ധമായി അവർ കണക്കാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളി സമൂഹത്തിന് വിദ്യാഭ്യാസത്തോടുള്ള ഈ ഒരു കാഴ്ച്ചപ്പാട് അവരുടെ മുഴുവൻ സമൂഹത്തിന്റെയും വിദ്യാഭ്യാസ നിലവാരത്തെ ബാധിച്ചിട്ടുണ്ട്.

ഇന്ന് ഈ പരമ്പരാഗത സമൂഹങ്ങളിൽ ഉയർന്നു വന്നിരിക്കുന്ന പ്രശ്നം തികച്ചും സങ്കീർണമാണ്. ആശയവിനിമയത്തിലും മറ്റുമുണ്ടായ വികസനങ്ങൾ ഈ സമൂഹത്തെ തീർത്തും ഒറ്റപ്പെടുത്തിയിരിക്കുന്നു എന്നു പറയാം. മത്സ്യബന്ധന മേഖലയിൽ നിന്നുള്ള പാവപ്പെട്ടവരും നിരക്ഷരരുമായ ആൾക്കാർ ആണ് ഇതിനു കൂടുതലും ഇരകളാകുന്നത്. പുറം ലോകവുമായുള്ള ബന്ധം കുട്ടികളുടെ വിദ്യാഭ്യാസത്തെ നല്ല രീതിയിൽ സ്വാധീനിക്കും. അവരുടെ കാഴ്ചപ്പാടുകൾ മാറ്റാനും വിദ്യാഭ്യാസം മെച്ചപ്പെടുത്താനും മറ്റു മേഖലകളുമായുള്ള ബന്ധം ഇവരെ സഹായിക്കും.

- **പാർപ്പിടം**

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഇന്നത്തെ ജീവിതരീതിയും, ബുദ്ധിമുട്ടുകൾ അനുഭവിക്കുവാനുള്ള കാരണവും ആ സമൂഹമൊട്ടാകെ കേരളത്തിന്റെ തീരപ്രദേശത്ത് തിങ്ങിഞെരുങ്ങി, അവിടെ മാത്രമായി ഒതുങ്ങി ജീവിക്കാൻ ഇടയാക്കുന്നു എന്നതാണ്. അവർ ഓരോരുത്തരും കടലിനോട് ചേർന്ന്, അവരുടെ വള്ളങ്ങളും മറ്റും എളുപ്പത്തിൽ കടലിലിറക്കാൻ കഴിയുന്ന ഇടങ്ങളിൽ ആണ് ജീവിക്കാൻ ആഗ്രഹിക്കുന്നത്. മൺസൂൺ സമയങ്ങളിലും മറ്റും, അവരുടെ ജീവന് യാതൊരു സുരക്ഷയുമില്ല. തിങ്ങിഞെരുങ്ങിയുള്ള ജീവിതം ആരോഗ്യപരമായ പ്രശ്നങ്ങൾക്കും, ശുചിത്വ പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഒട്ടുമിക്ക മത്സ്യത്തൊഴിലാളികളും

ഗവൺമെന്റ് ഭൂമിയിലും പുറമ്പോക്കുകളിലുമാണ് താമസം. ഈ കാരണങ്ങളെല്ലാം തന്നെ വിദ്യാഭ്യാസമുൾപ്പെടെ അവരുടെ പ്രാഥമിക ആവശ്യങ്ങൾക്ക് വിലങ്ങു തടിയാകുന്നവയാണ്. വർഷങ്ങളായി മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവനോപാധി കടലാണ്. കടലിനോട് ചേർന്ന ജീവിതമാണ് അവരുടേത്. അതുകൊണ്ട് തന്നെ മറ്റൊരിടത്തേക്ക് പറിച്ചുനടുക അസാധ്യമാണ്. നല്ലൊരു വീട് അവർക്ക് സ്വപ്നം മാത്രമാണ്. ഭൂരിപക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളിലും പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നതിനുള്ള സംവിധാനം പോലുമില്ല. ഇപ്പോഴും കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിർത്തുന്നവരുമുണ്ട്.

- **ആരോഗ്യം**

ആരോഗ്യമേഖലയിലെ ബോധവത്കരണം അത്യാവശ്യമായി വേണ്ട വിഭാഗമാണ് മത്സ്യത്തൊഴിലാളി സമൂഹം. ആരോഗ്യമേഖലയിൽ അത്യാവശ്യ ഇടപെടലുകൾ നടത്താൻ വായനശാലകൾ, കുടുംബശ്രീകൾ, മറ്റു സേവനദാതാക്കൾ തുടങ്ങിയവയുടെ ആവശ്യം ഉണ്ട്. രോഗകാരണങ്ങൾ പ്രതിരോധമാർഗങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്ക്കരണം ആവശ്യമാണ്.

- **സംസ്കാരം**

മനുഷ്യജീവിതത്തെ സുന്ദരമാക്കുന്നത് അവന്റെ ചുറ്റുപ്പാടുകളുടെ തെളിച്ചമാണ്. സംസ്കാരം എന്നവാക്ക് എല്ലാറ്റിനും മുകളിലാണ്. വിദ്യാഭ്യാസത്തിന്റെ അപചയമാണ് സംസ്കാരത്തെ ഇല്ലാതാക്കുന്നത്. സ്കൂൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുന്നത് കുട്ടിയെ സംഘർഷത്തിൽ ആക്കുന്നു. മദ്യവും, പുകവലിയും ശീലമാക്കിയവരും മത്സ്യത്തൊഴിലാളി വിഭാഗത്തിൽ കൂടുതലാണ്. ചെറിയ പ്രായത്തിൽ തന്നെ ദുശീലങ്ങളിൽപ്പെട്ടവരുമുണ്ട്. നല്ല സൗഹൃദങ്ങൾ കുറവാണ്. ദുശീലങ്ങൾ കൂടുമ്പോഴാണ് കുടുംബ ബന്ധങ്ങൾ ശിഥിലമാവുന്നത്. ഇവയെ ഇല്ലാതാക്കാൻ ഏകവഴി ഗുണമേന്മയുള്ള വിദ്യാഭ്യാസമാണ്.

## 2.2 അനുബന്ധപഠനങ്ങളുടെ വിശകലനം

1. പോൾ (1980) **"A study of the vocational interests of the pupils of the Fisheries high schools of kerala in relation to their achievement patterns"** എന്ന വിഷയത്തെ അധികരിച്ച് ഒരു പഠനം നടത്തുകയുണ്ടായി.

   ഈ പഠനവുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ചുവടെ നൽകുന്നു.

- കുട്ടികളുടെ തൊഴിൽ അഭിരുചി - ഭാഷ, സാമുഹ്യശാസ്ത്രം, ഫിഷറീസ് സയൻസ്, കൃഷി, സാഹിത്യം, ഗണിതം, എഞ്ചിനീയറിംഗ് എന്നീ വിഷയങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടിരിയ്ക്കുന്നു.

- കുട്ടികളുടെ സ്വാഭാവിക താല്പര്യവും തൊഴിൽ അഭിരുചിയും തമ്മിൽ നേർദിശയിൽ ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും കമ്പ്യൂട്ടേഷൻ, കലാപരമായ താല്പര്യം എന്നിവയിൽ ഈ സാമ്യം കാണാൻ കഴിയുന്നില്ല.

- പഠന സാഹചര്യം കുട്ടികളുടെ മികവിന് കാരണമാകുന്നതിനാൽ പ്രായോഗികമായ കൂടുതൽ പഠന സാഹചര്യങ്ങൾ കുട്ടികൾക്ക് ഒരുക്കിക്കൊടുത്തു കൊണ്ട് അവരുടെ പഠനമികവിനെ മെച്ചപ്പെടുത്താൻ സാധിയ്ക്കുമെന്നും ഈ പഠനം വ്യക്തമാക്കുന്നു.

2. 2013 ൽ കാർത്തികേയൻ **തമിഴ്നാട്ടിലെ ദക്ഷിണ തീരപ്രദേശങ്ങളിലെ ഗ്രാമീണ മത്സ്യബന്ധന തൊഴിലാളികളുടെ ജീവിത രീതിയുമായി** ബന്ധപ്പെടുത്തി ഒരു പഠനം നടത്തുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ചുവടെ കൊടുക്കുന്നു.

- ഭൂരിഭാഗം മത്സ്യതൊഴിലാളികളും അവരുടെ നിത്യജീവിതാവശ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതായി കണ്ടെത്താൻ കഴിഞ്ഞു. പ്രധാനമായും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിനും പാചകം ചെയ്യുന്നതിനായുള്ള അലൂമിനിയം പാത്രങ്ങൾ വാങ്ങുന്നതിനും അവരുടെ വരുമാനം ചെലവഴിക്കുന്നു. ചാകര സമയങ്ങളിൽ ഇവർ വീട്ടു സാധനങ്ങൾ വാങ്ങി സൂക്ഷിക്കുകയും പിന്നീട് വറുതിക്കാലമാകുമ്പോൾ അവർ അവ വില്ക്കുകയും ചെയ്യുന്നു.

- കാൽശതമാനത്തോളം വരുന്ന പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾ ടൈല് പാകിയ ഉറപ്പുള്ള വീടുകളിൽ താമസിക്കുമ്പോൾ ഭൂരിഭാഗവും കുടിലുകളിൽ താമസിക്കുന്നതായി പഠനം വെളിവാക്കുന്നു.

- മത്സ്യബന്ധനത്തൊഴിലാളികളുടെ താമസ ഇടങ്ങൾ ഭൗതികസാഹചര്യങ്ങളുടെ അഭാവ ത്താൽ വലിയ തോതിൽ ബുദ്ധുമുട്ടനുഭവിക്കുന്നു. ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം, അഴുക്ക് ചാൽ, ശുചിത്വപൂർണ്ണമല്ലാത്ത ചുറ്റു പാടു കൾ എന്നിവമൂലം ആരോഗ്യപരമായി ബുദ്ധുമുട്ടുകൾ ഇക്കൂട്ടർ നേരിടുന്നതായി പഠനം വ്യക്തമാക്കുന്നു.

- ദിവസവും കടലിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ചികിത്സാ സംബന്ധമായി ആശു പത്രി സൗകര്യങ്ങളുടെ ലഭ്യതക്കുറവ് പ്രതിസന്ധി സൃഷ്ടിക്കുന്നു. ചികിത്സാ സൗക ര്യാർത്ഥം ദൂരെയുള്ള ഗവൺമെന്റ് ആശുപത്രികളെയും നാട്ടുവൈദ്യനെയും അവർക്ക് ആശ്രയിക്കേണ്ടി വരുന്നു.

- ചാകര സമയത്ത് ദിനംപ്രതി ഏകദേശം അയ്യായിരം രൂപയും വറുതിക്കാലത്ത് മൂവായിരം രൂപയും ലഭിക്കുന്നു. ഭൂരിഭാഗം വരുന്ന മത്സ്യത്തൊഴിലാളികളും 31 വയസ്സിനു മുകളിൽ പ്രായമുള്ളവരും ആധുനിക സാങ്കേതിക വിദ്യയിലൂന്നി മത്സ്യബന്ധനം നടത്തുകയും ചെയ്യു ന്നു. ബാക്കിയുള്ളവർ പരമ്പരാഗത മത്സ്യബന്ധന രീതിയാണ് അവലംബിക്കുന്നത്.

- 32.8% മത്സ്യത്തൊഴിലാളികൾ മാത്രമാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടു ള്ളത്.

- ഫിഷറീസ് സൊസൈറ്റിയിൽ 57.4% മത്സ്യ തൊഴിലാളികൾക്ക് മാത്രമാണ് അംഗത്വമുള്ള ത്. എന്നാൽ 23.4% പേർക്ക് കോപ്പറേറ്റീവ് ബാങ്കുകളിലും 34.2% പേർക്ക് മത്സ്യഫെഡിലും അംഗത്വമുള്ളതായി പഠനം വ്യക്തമാക്കുന്നു.

- ഭൂരിഭാഗം വരുന്ന (65.33%) മത്സ്യത്തൊഴിലാളികളും മോട്ടോർ ഘടിപ്പിച്ച ബോട്ടുകൾ ഉപ യോഗിക്കുമ്പോൾ മറ്റുള്ളവർ സാധാരണ ബോട്ടുകൾ (വള്ളം) ഉപയോഗിക്കുകയും മത്സ്യ ബന്ധനം നടത്തുകയും ചെയ്യുന്നു.

- മത്സ്യത്തൊഴിലാളികളുടെ ശരാശരി വാർഷിക വരുമാനം 73810.34 രൂപയാണ്. ഇത് 40 വർഷത്തിനുമേലുള്ള ജോലി പരിചയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

- 30.60 % വരുന്ന മത്സ്യത്തൊഴിലാളികൾക്ക് 10-12 വർഷത്തെ തൊഴിൽ പരിചയം മാത്രമാ ണുള്ളതെന്ന് പഠനം സൂചിപ്പിയ്ക്കുന്നു.

- ലോൺ തിരിച്ചടവിനായി ഏകദേശം 24.85 രൂപ ദിവസവും ചെലവാക്കുന്നതായും പഠനം വ്യക്തമാക്കുന്നു.

3. ചാൾസ് (2011 ) **കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലവിലെ ആരോഗ്യസ്ഥിതിയെയും ആരോഗ്യ സംരക്ഷണത്തെയും സംബന്ധിച്ചും ഒരു പഠനം** നടത്തുകയുണ്ടായി

ഇതുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ചുവടെ കൊടുക്കുന്നു.

- കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വളരെ താഴ്ന്ന ആരോഗ്യ സ്ഥിതിയാണെന്ന് ഈ പഠനം വ്യക്തമാക്കുന്നു.
- കൂടാതെ വിദ്യാഭ്യാസം, കുടുംബത്തിന്റെ വലിപ്പം, തൊഴിൽ, വരുമാനം, ചെലവ്, പ്രാഥമിക സൗകര്യങ്ങൾ, ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ എന്നിവയിലെല്ലാം ലിംഗം/ജാതി/മത/ദേശഭേദമന്യേ തീരദേശ ജനത പിന്നോക്കാവസ്ഥ നേരിട്ടുന്നു.
- സർക്കാരും സർക്കാരിതര ഏജൻസികളും മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണ കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടൽ നടത്തേണ്ടിയിരിക്കുന്നു.

4. വിജയരാഘവൻ (2009) **മലബാർമേഖലയിലെ ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഒരു സാമൂഹ്യ - സാമ്പത്തിക വിശകലനം നടത്തുകയുണ്ടായി.**

ഇതുപ്രകാരമുള്ള കണ്ടെത്തലുകൾ

- മലബാർ മേഖലയിലെ മത്സ്യത്തൊഴിലാളികളിൽ 52.2% ജനങ്ങളും ഹിന്ദുമതത്തിലെ ധീവര സമൂദായത്തിലുൾപ്പെട്ടവരും ശേഷം വരുന്ന 37.8% ജനത ഇസ്ലാം മതത്തിലുൾപ്പെട്ടവരുമാണെന്നു പഠനം വെളിവാക്കുന്നു.
- ഭൂരിഭാഗം വരുന്ന (96.80%) മത്സ്യത്തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഉൾപ്പെട്ടവരാണ്.

5. രാജേഷ് (2005) **"കേരളത്തിലെ തീരദേശ വിനോദ സഞ്ചാരത്തിന് കേരള സമ്പദ്ഘടനയുടെ മേലും പരിസ്ഥിതിയുടെ മേലുമുള്ള സ്വാധീനം"** - ഈ വിഷയത്തെ ആസ്പദമാക്കി ഒരു പഠനം നടത്തുകയുണ്ടായി.

ഇതുപ്രകാരമുള്ള കണ്ടെത്തലുകൾ:

- കേരളത്തിന്റെ തീരപ്രദേശ സാധ്യതകൾ പ്രായോജനപ്പെടുത്തിക്കൊണ്ട് സുസ്ഥിര വികസനത്തിലേക്ക് പോകുവാൻ തീരദേശ വിനോദ സഞ്ചാരം സഹായകമാകുന്നു.
- തദ്ദേശ വിനോദ സഞ്ചാരത്തിൽ ഇതര സംസ്ഥാനങ്ങളായ ആന്ധ്ര പ്രദേശ്, ഉത്തർപ്രദേശ്, തമിഴ്നാട്, കർണ്ണാടക, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നിവയപ്പോലെ കേരളത്തിലെ തീരദേശ വിനോദ സഞ്ചാരം നിർണ്ണായകമായ പങ്കുവഹിക്കുന്നു.
- വികസിത രാഷ്ട്രങ്ങളെ അപേക്ഷിച്ച് വികസ്വര രാഷ്ട്രമായ ഇന്ത്യയുടെ വിനോദസഞ്ചാര രംഗത്തെ കണക്കുകൾ സൂചിപ്പിക്കുന്നത് വളർച്ചാ നിരക്ക് താരതതമ്യേന അനുദിനം കൂടിക്കൊണ്ടിരിക്കുന്നു എന്നാണ്.
- വിദേശ സഞ്ചാരികൾ കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, എന്നീ പ്രദേശങ്ങൾ, വിനോദത്തിനായി തെരഞ്ഞെടുക്കുമ്പോൾ പാലക്കാട്, കൊച്ചി എന്നീ പ്രദേശങ്ങളാണ് തദ്ദേശവാസികൾ കൂടുതലായി തെരഞ്ഞെടുക്കുന്നത്.
- ചെലവിന്റെ കണക്ക് പരിശോധിക്കുമ്പോൾ വിദേശികളുടെയും സ്വദേശികളുടേയും ചെലവിൽ വലിയ വ്യത്യാസമുള്ളതായി പഠനം വ്യക്തമാക്കുന്നു.
- വിദേശ സഞ്ചാരികൾക്ക് 3878 രൂപ പ്രതിശീർഷ ചെലവ് കണക്കാക്കുമ്പോൾ തദ്ദേശ സഞ്ചാരികൾക്ക് അവ വെറും 2234 രൂപ മാത്രമാണ്.

# അധ്യായം 3

# രീതിശാസ്ത്രം

കേരളത്തിന്റെ തീരപ്രദേശത്ത് മത്സ്യബന്ധനം ജീവനോപാധിയായി സ്വീകരിച്ച് കഴിയുന്ന പരമ്പരാഗത മത്സ്യതൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ അവസ്ഥയെ ക്കുറിച്ചുള്ള പഠനത്തിന്റെ രീതിശാസ്ത്രം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കാം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പരമ്പരാഗത മത്സ്യതൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം ഒരു പ്രധാന മേഖലയായി കണ്ടുകൊണ്ട് സാമൂഹികം, സാംസ്കാരികം, സാമ്പത്തികം, ആരോഗ്യം, കലാകായികം, വിദ്യാഭ്യാസം, സ്ഥാപനസംവിധാന ങ്ങൾ, പഠനസമ്പ്രദായം എന്നീ ഉപമേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് കുട്ടികളും കുടുംബങ്ങളും വിദ്യാലയങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളികൾ തിരിച്ചറിയുകയും അവയെ ഇല്ലായ്മചെയ്തും ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചും വിദ്യാഭ്യാസത്തിൽ കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാധൂകരിക്കാനാണ് ഈ പഠനം സംഘടിപ്പിക്കപ്പെട്ടത്.

കടൽത്തീരം എന്നും ഒരു സുന്ദരമായ കാഴ്ചയാണ്. കടലിനോട് മല്ലടിച്ച് ജീവിക്കുന്ന തൊഴിലാളി കൾക്കാകട്ടെ എന്നും നിരാശയും. ആ നിരാശാബോധത്തിൽ നിന്നാണ് പുതുനാമ്പുകളായ കുരുന്നുകളുടെ ജീവൻ ഉണർവേകുന്നത്. നൈരാശ്യം സന്നിവേശിക്കപ്പെട്ട ഒരു സമൂഹമായി തുടരാതിരിക്കാനുള്ള ഏക ആശ്രയം വിദ്യാഭ്യാസമാണ്. അതായത് അനുയോജ്യമായ വിദ്യാഭ്യാസ സാഹചര്യങ്ങളൊരുക്കി ഉചിതമായ രീതിയിൽ വിദ്യ അഭ്യസിപ്പിക്കുക എന്നത് വിദ്യാഭ്യാസ വകുപ്പിന്റെ കടമയാണ്. പൊതുബോധത്തെ ഉണർത്തി പ്രതീക്ഷാനിർഭരമായ ഒരു നല്ല നാളെയിലേക്ക് കൈപിടിച്ച് ഉയർത്താൻ ഈ പഠനത്തിന് കഴിയട്ടെ എന്ന പ്രത്യാശയോടെ പഠനത്തിന്റെ ശാസ്ത്രീയ വീക്ഷണത്തിലേക്ക് ഒരു എത്തിനോട്ടം നടത്താം.

## 3.1 സാമ്പിൾ

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലം വരെ പഠിക്കുന്ന മുഴുവൻ കുട്ടികളും രക്ഷിതാക്കളും അവരെ പഠിപ്പിക്കുന്ന അധ്യാപകരുമാണ് ഈ പഠനത്തിന്റെ പോപ്പുലേഷൻ. അതിൽ കേരളത്തിലെ തീരദേശ ജില്ലകളായ കാസർഗോഡ്, കോഴിക്കോട്, എറണാകുളം, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത കുട്ടികളും രക്ഷിതാക്കളും അധ്യാപകരും വിദ്യാലയങ്ങളുമാണ് സാമ്പിൾ.

ഓരോ ജില്ലയിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തും ഒരു നഗര സഭാവാർഡും കൂടി അഞ്ചു ജില്ലകളിൽ നിന്ന് 10 പ്രദേശങ്ങളാണ് പഠനത്തിനുവേണ്ടി തെരഞ്ഞെടുത്തത്. വിശദവിവരങ്ങൾ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പഠനത്തിന്റെ – സാമ്പിൾ വിശദാംശങ്ങൾ – ജില്ല, ഗ്രാമം, നഗരം**

| ക്രമനമ്പർ | ജില്ല | ഗ്രാമം | നഗരം |
|---|---|---|---|
| 1. | തിരുവനന്തപുരം | അടിമലത്തുറ | വലിയതുറ |
| 2. | ആലപ്പുഴ | പുറക്കാട് | ആലപ്പുഴ |
| 3. | എറണാകുളം | ചെല്ലാനം | ഫോർട്ട് കൊച്ചി |
| 4. | കോഴിക്കോട് | ചാലിയം | പുതിയാപ്പ |
| 5. | കാസർഗോഡ് | അജാനൂർ | കാസർഗോഡ് |

**പട്ടിക 3.1**

**സാമ്പിളായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ പട്ടിക**

**വിദ്യാർത്ഥികളുടെ സാമ്പിൾപട്ടിക**

| ക്രമനമ്പർ | സ്കൂൾ വിഭാഗം | വിദ്യാർത്ഥികൾ | |
|---|---|---|---|
| | | ഗ്രാമം | പട്ടണം |
| 1 | പ്രീപ്രൈമറി | 40 | 40 |
| 2 | പ്രൈമറി | 40 | 40 |
| 3 | അപ്പർ പ്രൈമറി | 40 | 40 |
| 4 | ഹൈസ്കൂൾ | 40 | 40 |
| 5 | ഹയർ സെക്കണ്ടറി | 40 | 40 |
| 6 | വി.എച്ച്.എസ്.ഇ | ലഭ്യമായത് | ലഭ്യമായത് |

*പട്ടിക 3.2*

അധ്യാപകരുടെ സാമ്പിൾപട്ടിക

| ക്രമനമ്പർ | സ്കൂൾ വിഭാഗം | അധ്യാപകരുടെ എണ്ണം | |
|---|---|---|---|
| | | ഗ്രാമം | പട്ടണം |
| 1 | പ്രീ പ്രൈമറി | 6 | 6 |
| 2 | പ്രൈമറി | 4 | 4 |
| 3 | അപ്പർ പ്രൈമറി | 4 | 4 |
| 4 | ഹൈസ്കൂൾ | 6 | 6 |
| 5 | ഹയർ സെക്കണ്ടറി | 6 | 6 |
| 6 | വി.എച്ച്.എസ്.ഇ | ലഭ്യമായത് | ലഭ്യമായത് |

*പട്ടിക 3.3*

രക്ഷിതാക്കളുടെ സാമ്പിൾപട്ടിക

| ക്രമനമ്പർ | സ്കൂൾ വിഭാഗം | രക്ഷകർത്താക്കൾ | |
|---|---|---|---|
| | | ഗ്രാമം | പട്ടണം |
| 1 | പ്രീ പ്രൈമറി | 6 | 6 |
| 2 | പ്രൈമറി | 4 | 4 |
| 3 | അപ്പർ പ്രൈമറി | 4 | 4 |
| 4 | ഹൈസ്കൂൾ | 6 | 6 |
| 5 | ഹയർ സെക്കണ്ടറി | 6 | 6 |
| 6 | വി.എച്ച്.എസ്.ഇ | ലഭ്യമായത് | ലഭ്യമായത് |

*പട്ടിക 3.4*

## 3.2 ഉപാധികളും ഉപകരണങ്ങളും (Tools and Techniques)

എസ്.സി.ഇ.ആർ.ടി. യിൽ വെച്ച് 2018 ഫെബ്രുവരി 27, 28, മാർച്ച് 1 തീയതികളിൽ നടത്തിയ ശില്പശാലയിൽ നാല് ടൂളുകൾ തയാറാക്കുകയുണ്ടായി. കുട്ടികൾ അധ്യാപകർ രക്ഷിതാക്കൾ എന്നിവർക്കുള്ള അഭിമുഖചോദ്യാവലിയും സ്ഥാപന സംവിധാനങ്ങളെക്കുറിച്ചും പിന്തുണാ സംവിധാനങ്ങളെക്കുറിച്ചും അറിയാൻ പ്രധാനാധ്യാപകരിൽ നിന്നും സഹഅധ്യാപകരിൽ നിന്നും വിവരശേഖരണത്തിന് ഉള്ള ഫോർമാറ്റും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുട്ടികളുടെ വിവിധ മേഖലകളിലെ നേട്ടം മനസ്സിലാക്കുന്നതിന് ക്ലാസ്സുകളിൽ ഉപയോഗിക്കേണ്ടുന്ന മൂല്യനിർണയ ഉപാധികളും ഈ പഠനത്തിൽ ഉപയോഗിക്കുന്നു.

**1. കുട്ടികൾക്കുള്ള അഭിമുഖ ചോദ്യാവലി**

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ സാമൂഹികം, സാംസ്കാരികം, സാമ്പത്തികം, ആരോഗ്യപരം, സ്ഥാപനസംവിധാനങ്ങൾ പഠനസംവിധാനങ്ങൾ സൗകര്യങ്ങൾ, വിദ്യാഭ്യാസം എന്നീ മേഖലകളിലുള്ള പിന്നാക്കാവസ്ഥ മനസിലാക്കുന്നതിനും അതിനുള്ള കാരണങ്ങൾ കണ്ടുപിടിച്ച് പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള അഭിമുഖ ചോദ്യാവലിയാണ് തയാറാക്കിയത്. ഇത് അനുബന്ധമായി നൽകിയിട്ടുണ്ട്.

**2. അധ്യാപകർക്കുള്ള അഭിമുഖചോദ്യാവലി**

കുട്ടികളുടെ ഹാജർനില, അധ്യാപകവിദ്യാർത്ഥിബന്ധം, സാമൂഹിക പങ്കാളിത്തം, പഠനാന്തരീക്ഷം, സാംസ്കാരികാന്തരീക്ഷം, സാമ്പത്തികനില, ആരോഗ്യകാര്യങ്ങൾ, അധ്യാപക രക്ഷാകർത്തൃബന്ധം, പഠനനിലവാരം എന്നീ കാര്യങ്ങളെ പ്രധാനമായും അറിയുന്നതിനുള്ള അഭിമുഖചോദ്യാവലിയാണ് തയാറാക്കിയത്. ഇതും അനുബ്ധമായി നൽകിയിട്ടുണ്ട്.

**3. രക്ഷിതാക്കളുടെ ചോദ്യാവലി**

രക്ഷിതാക്കളുടെ സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അവസ്ഥകൾ അനാവരണം ചെയ്യപ്പെടാനുള്ള ചോദ്യങ്ങളോടൊപ്പം കുടുംബപശ്ചാത്തലം, ബന്ധങ്ങൾ എന്നിവയും ഈ ടൂളിലൂടെ കണ്ടെത്തുന്നു കോപ്പി അനുബന്ധമായി നൽകിയ്യിട്ടുണ്ട്.

**4. വിദ്യാഭ്യാസ സ്ഥാപനസംവിധാനങ്ങളെക്കുറിച്ച് വിവരങ്ങൾ അറിയാൻ**

പ്രധാന അധ്യാപകനും മറ്റ് അനധ്യാപകരുമടക്കമുള്ള ജീവനക്കാരോട് സ്ഥാപനത്തെക്കുറിച്ചും സ്ഥാപനം നേടിയിട്ടുള്ള മികവുകളെക്കുറിച്ചും കുട്ടികളുടെ പഠനം ഏറ്റെടുത്ത് നടത്താൻ ഉള്ള സ്ഥാപനത്തിന്റെ സന്നദ്ധതയെക്കുറിച്ചും സാമൂഹ്യ ബന്ധത്തെക്കുറിച്ചും അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയെക്കുറിച്ചുമാണ് വിവരം ശേഖരിച്ചത്. ഇതിന്റെ കോപ്പിയും അനുബന്ധമായി നൽകിയിട്ടണ്ട്.

## 3.3. പഠനനിലവാരം അറിയാനുള്ള മൂല്യനിർണയപ്രവർത്തനങ്ങൾ

പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലംവരെയുള്ള സാമ്പിളായി തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പഠനനിലവാരം അറിയുന്നതുനുവേണ്ടി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ തയാറാക്കിയ മൂല്യ നിർണ്ണയ പ്രവർത്തനങ്ങൾ ക്ലാസ്സിൽ നടപ്പിലാക്കി കുട്ടികളുടെ ഗ്രേഡുകൾ ശേഖരിച്ചു. പ്രീ-പ്രൈമറി ക്ലാസ്സുകളിൽ കളിരീതിയിലുള്ള പ്രവർത്തനങ്ങളാണ് നൽകിയത്. കുട്ടികളുടെ സജീവഇടപെടലുകളാണ് മൂല്യനിർണ്ണയത്തിന് വിധേയമാക്കിയത്. ലോവർ പ്രൈമറിയിൽ 1, 2 ക്ലാസ്സുകൾ ഒരു യൂണിറ്റായി എടുത്ത് 2-ാം ക്ലാസ്സിലും 3, 4 ക്ലാസ്സുകൾ ഒരു യൂണിറ്റായി എടുത്ത് 4-ാം ക്ലാസിലും ഗണിതം (സംഖ്യാബോധം), പരിസരപഠനം (പട്ടികപ്പെടുത്തൽ, തരം തിരിക്കൽ),

ഭാഷ (ഭാഷണം വായന) എന്നീ ശേഷികളുടെ വികാസമാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. അപ്പർ പ്രൈമറി ക്ലാസ്സുകളിൽ വായന, ഗണിതം, സംവാദം എന്നീ വിഷയങ്ങളെ സംബന്ധിക്കുന്ന മൂല്യനിർണ്ണയം നടത്തിയപ്പോൾ ഹൈസ്കൂൾ ക്ലാസ്സുകളിൽ മൂല്യനിർണ്ണയത്തിന് ഇംഗ്ലീഷ് ഭാഷണം, വായന, സംവാദം എന്നീ ശേഷികൾ ഉൾപ്പെടുത്തി. ഹയർ സെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ഇംഗ്ലീഷ്, മലയാളം - ഭാഷണം, വായന, ചർച്ച, സംവാദം എന്നീ ഉപാധികളാണ് മൂല്യനിർണയത്തിന് ഉപയോഗിച്ചത്.

## 3.4. പഠനരീതി

സർവ്വേരീതിയാണ് പഠനത്തിന് ആവലംബിച്ചത്. ഇതിനായി ജില്ലതിരിച്ച് പരിശീലനം സിദ്ധിച്ച അധ്യാപകർക്ക് ചുമതല നൽകുകയും ചെയ്തു.

## 3.5. സ്റ്റാറ്റിസ്റ്റിക്സ്

ദത്തങ്ങളുടെ അപഗ്രഥനത്തിന് ശാതമാനവും, മാധ്യവുമാണ് പ്രധാനമായും ഉപയോഗിച്ചത്.

# അധ്യായം 4

# ദത്തങ്ങളുടെ ക്രോഡീകരണവും വിശകലനവും

### 4.1 (A) കുട്ടികളുടെ അഭിപ്രായങ്ങളുടെ ക്രോഡീകരണവും വിലയിരുത്തലും

**(i) സാമൂഹിക മേഖലയുമായി ബന്ധപ്പെട്ടത്.**

കുട്ടികളുടെ സാമൂഹികാവസ്ഥ വിലയിരുത്താൻ വിദ്യാലയത്തിലെ ഹാജർ നില, മറ്റു കുട്ടികളുമായുള്ള ചങ്ങാത്തം, ക്ലാസ്സിലെ കുട്ടികളുമായുള്ള ഇടപെടൽ, സ്കൂൾ അനുഭവങ്ങൾ മാതാപിതാക്കളുമായി പങ്കുവയ്ക്കൽ, വീട്ടിലെ പഠനാനുകൂല സാഹചര്യങ്ങൾ, പഠനോപകരണങ്ങളുടെ ലഭ്യത - പാഠപുസ്തകം, നോട്ടുപുസ്തകം, പേന, ബാഗ്, വസ്ത്രം മുതലായവയാണ് പരിഗണിച്ചത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, വോക്കഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.1: സാമൂഹിക മേഖലയുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ.**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 290 | 294 | 584 | 1161 | 1177 | 2338 | 476 | 365 | 841 | 41 | 31 | 36 |
| 2 എൽ.പി | 291 | 295 | 586 | 1165 | 1180 | 2345 | 839 | 649 | 1488 | 72 | 55 | 64 |
| 3. യു.പി | 294 | 290 | 584 | 1177 | 1162 | 2339 | 824 | 721 | 1545 | 70 | 62 | 66 |
| 4. ഹൈസ്കൂൾ | 293 | 294 | 587 | 1173 | 1178 | 2351 | 833 | 766 | 1599 | 71 | 65 | 68 |
| 5. എച്ച്.എസ്.എസ് | 291 | 291 | 582 | 1167 | 1164 | 2331 | 852 | 687 | 1531 | 73 | 59 | 66 |
| 6. വി.എച്ച്.എസ്.ഇ | 293 | 292 | 585 | 1172 | 1169 | 2341 | 504 | 456 | 960 | 43 | 39 | 41 |
| ശരാശരി | | | | | | | 370 | 311 | 341 | 62 | 52 | 57 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 584 കുട്ടികളിൽ നിന്ന് (ഗ്രാമ 290, നഗരം 294) വിവരങ്ങൾ ശേഖരിച്ചു. സാമൂഹികമേഖലയുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ കുട്ടികളുടെ ആകെ പ്രതികരണങ്ങൾ 2338 ആണ്. ഇതിൽ 841 പ്രതികരണങ്ങൾ പോസിറ്റീവ് ആയതും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതുപ്രകാരം 36% കുട്ടികളാണ് പ്രീപ്രൈമറി തലത്തിൽ മികച്ച സാമൂഹ്യ സാഹചര്യമുണ്ടെന്ന് പ്രതികരിച്ചത്.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി. തലത്തിൽ ആകെയുള്ള 2345 പ്രതികരണങ്ങളിൽ 1488 പോസിറ്റീവ് പ്രതികരണങ്ങൾ (64%) ഉണ്ടെന്ന് കാണാം.

യു.പി. തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 2339, പോസിറ്റീവ് പ്രതികരണങ്ങൾ 1545, (66%) ആണ്. ഹൈസ്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 2351 ആണ്. ഇതിൽ പോസ്റ്റീവ് പ്രതികരണങ്ങൾ 1599 (68%) ആണ്. എച്ച്.എസ്.എസ്, വി.എച്ച്,എസ്.ഈ എന്നീവയിൽ ആകെ പ്രതികരണങ്ങൾ യഥാക്രമം 2331 ഉം, 2341 ഉം ആണ്. ഇവിടത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 1531 (66%), 960 (41%) എന്നിങ്ങനെയാണ്.


## സാമൂഹികമേഖലയുടെ വിലയരുത്തൽ വിശകലനം

പട്ടികയിൽ നിന്നും 57% കുട്ടികൾക്ക് മെച്ചപ്പെട്ട സാമൂഹ്യ സാഹചര്യം ഉള്ളതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ സാമൂഹ്യ സാഹചര്യം ഉള്ള വിഭാഗം ഹൈസ്കൂളാണ് (68%). യു.പി. വിഭാഗത്തിലേയും ഹയർ സെക്കന്ററി വിഭാഗത്തിലേക്കും കുട്ടികൾക്ക് 66% സാമൂഹിക സാഹചര്യമുള്ളപ്പോൾ ഏറ്റവും കുറവ് സാമുഹ്യസാഹചര്യം രേഖപ്പെടുത്തിയിരിക്കുന്നത് പ്രീപ്രൈമറി വിഭാഗക്കാർക്കിടയിലാണ് (36%).

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളുടെ സാമൂഹികനിലവാരം അവരുടെ സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിലെ 41% കുട്ടികൾ, ഉയർന്ന് നിലവാരത്തിലുള്ളപ്പോൾ നഗരപ്രദേശത്തുള്ള 31% പേർ മാത്രമാണ് ഉയർന്ന നിലവാരത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. എൽ.പി. തലം: ഗ്രാമം 72% - നഗരം 55%, യു.പി. തലം: ഗ്രാമം 70% - നഗരം 62% എച്ച്.എസ്. തലം: ഗ്രാമം 71% - നഗരം 65%, എച്ച്.എസ്.എസ്. ഗ്രാമം 73% - നഗരം 59%; വി.എച്ച്.എസ്.ഇ : ഗ്രാമം 43% - നഗരം 39% എന്നിങ്ങനെയാണ് സാമൂഹിക പരമായ നിലവാരം.

നഗരപ്രദേശത്തുള്ള കുട്ടികളേക്കാൾ സാമൂഹിക സാഹചര്യം (52%) ഗ്രാമപ്രദേശങ്ങളുള്ള കുട്ടികൾക്കാണെന്ന് (62%) പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

സാമുഹിക സാഹചര്യം നഗരം - ഗ്രാമം താരതമ്യം




ചിത്രം 4.1

### (ii) കുട്ടികളുടെ സാംസ്ക്കാരികാവസ്ഥ വിലയിരുത്തൽ

കുട്ടികളുടെ സാംസ്ക്കാരികാവസ്ഥ വിലയിരുത്താമൻ വായനശാല, ക്ലബുകൾ എന്നിവയിലെ പങ്കാളിത്തം, സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗം, ബാലസഭ, ഉത്സവങ്ങൾ തുടങ്ങിവയിലെ പങ്കാളിത്തം, വിദ്യാലയങ്ങളിലെ വിവിധങ്ങളായ ക്ലബുകളിലെ പങ്കാളിത്തം എന്നിവയാണ് പഠന വിധേയമാക്കിയത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് ഗ്രാമം/ നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷൻ ഹയർസെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രിതികരണങ്ങൾ, അതിന്റെ ആകെ ശതമാനം എന്നിവ ചുവടെ പട്ടിക 4.2 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.2 സംസ്ക്കാരിക മേഖലയുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രാപ്രൈമറി | 255 | 243 | 498 | 1020 | 975 | 1995 | 51 | 39 | 90 | 5 | 4 | 5 |
| 2 എൽ.പി | 136 | 184 | 320 | 544 | 738 | 1282 | 392 | 295 | 687 | 72 | 40 | 56 |
| 3. യു.പി | 243 | 245 | 488 | 973 | 982 | 1955 | 389 | 275 | 664 | 40 | 28 | 34 |
| 4. ഹൈസ്കൂൾ | 241 | 245 | 486 | 966 | 982 | 1948 | 454 | 432 | 886 | 47 | 44 | 46 |
| 5. എച്ച്.എസ്.എസ് | 244 | 242 | 486 | 975 | 971 | 1946 | 507 | 437 | 944 | 52 | 45 | 49 |
| 6. വി.എച്ച്.എസ്.ഇ | 247 | 247 | 494 | 990 | 990 | 1980 | 297 | 277 | 574 | 30 | 28 | 29 |
| ശരാശരി | | | | | | | 229 | 187 | 208 | 41 | 32 | 37 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 498 കുട്ടികളിൽ നിന്ന് (ഗ്രാമം 255 ഉം, നഗരം 243 ഉം) വിവരങ്ങൾ ശേഖരിച്ചു. സാംസ്ക്കാരിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഊ കുട്ടികളുടെ ആകെ പ്രതികരണങ്ങൾ 1995 ആണ്. ഇതിൽ 90 പ്രതികരണങ്ങൾ പോസിറ്റീവ് ആയതും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതു പ്രകാരം 5% കുട്ടികൾ മാത്രമാണ് പ്രീപ്രൈമറി തലത്തിൽ മികച്ച സാംസ്ക്കാരിക മികവ് പുലർത്തുന്നതെന്ന് കണ്ടെത്തിയത്. കൊച്ചു കുഞ്ഞുങ്ങൾ ആയതുകൊണ്ടാകാം ഊ കുറവ് കാണാൻ സാധിച്ചത്.

എൽ.പി തലത്തിൽ ആകെയുള്ള 1282 പ്രതികരണങ്ങളിൽ 687 (56%) പോസിറ്റാവ് പ്രതികരണ ങ്ങളാമ്. യൂ.പി തലം. ആകെ പ്രതികരണങ്ങൾ 1955 പോസിറ്റീവ് പ്രതികരണങ്ങൾ 664 (34%). ഹൈസ്കൂൾ വിഭാഗത്തിൽ ആകെയുള്ള 1988 പ്രതികരണങ്ങളിൽ 886 (46%) പോസിറ്റീവ് പ്രതി കരണങ്ങൾ ആണ്. ഹയർ സെക്കണ്ടറി ആകെ പ്രതികരണങ്ങൾ 1946. ഇതിൽ 944 (49%) പോസി റ്റീവ് പ്രതികരണങ്ങൾ ഉണ്ടെന്ന് കാണാം. വൊക്കേഷൻ ഹയർ സെക്കണ്ടറിയിൽ ആകെ പ്രതി കരണങ്ങൾ 1980 ആണ്. ഇതിൽ 574 (29%) പോസിറ്റീവ് പ്രതികരണങ്ങൾ ആണ്.


**സംസ്ക്കാരിക മേഖലയുടെ വിലയിരുത്തൽ വിശകലനം:**

പട്ടിക (4.2) പ്രകാരം ശരാശരി 37% കുട്ടികളാണ് സാംസ്ക്കാരിക മികവ് പുലർത്തുന്നത് എന്ന് കാണാം. അതായത് പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി/ വി.എച്ച്.എസ്.ഇ. വരെയുള്ള തലങ്ങളിൽ കുട്ടികളുടെ സാംസ്ക്കാരിക ഇടപെടലുകൾ കുറവായിട്ടാണ് കണ്ടിട്ടുള്ളത്.

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ (49%) വായനശാല, സാംസ്ക്കാരിക കേന്ദ്രങ്ങൾ, ക്ലബുകൾ, ട്യൂഷൻ സെന്ററുകൾ, സാമൂഹ്യ മാധ്യമങ്ങൾ, SPC, സ്കൗട്ട്, ഗൈഡ്, NCC പോലെയുള്ള പ്രവർത്തനങ്ങളിൽ താരതമ്യേന കൂടിയ പങ്കാളിത്തമുള്ളവരാണ്. 46% ഹൈസ്കൂൾ വിദ്യാർത്ഥികളും 54% എൽ.പി. വിദ്ധ്യാർത്ഥികളും 34% യു.പി വിദ്യാർത്ഥികളും മാത്രമേ ഈ പ്രവർത്തങ്ങളിൽ പങ്കാളികളാവുന്നുള്ളു. പ്രീപ്രൈമറി തലത്തിലെ കുറഞ്ഞ ശതമാനം അവരുടെ പ്രായത്തിനനുസരിച്ചുള്ള ഇടപെടലിന്റെ കുറവിനെയാണ് സൂചിപ്പിക്കുന്നത്.

ഗ്രാമപ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലെയും കുട്ടികളുടെ സാംസ്കാരികാവസ്ഥ താര തമ്യം ചെയ്യമ്പോൾ എൽ.പി തലത്തിൽ ഗ്രാമം 72% - നഗരം 40% ആണ്. ആന്തരം വളരെ കൂടു തലാണെന്ന് കാണാം. യു.പി തലം ഗ്രാമം 40% - നഗരം 28% ആണ്. ഹൈസ്കൂൾ തലം ഗ്രാമം 47% - നഗരം 44% ആണ്. ഹയർ സെക്കന്ററി തലം ഗ്രാമം 47% - നഗരം 44% ആണ്. ഹയർ സെക്കന്ററി തലം ഗ്രാമം 52% - നഗരം 45% ആണ്. വൊക്കേഷൻ ഹയർ സെക്കന്ററി തലം ഗ്രാമം 38% - നഗരം 28% ആണ്. ഗ്രാമപ്രദേശത്തും കുട്ടികൾ (41%) നഗര പ്രദേശത്തുള്ള കുട്ടികളേ ക്കാൾ (32%) സംസ്കാരികപരമായി മുന്നിലാണെന്ന് കാണാം.

സാംസ്കാരിക മേഖല ഗ്രാമം - നഗരം താരതമ്യം




ചിത്രം 4.2

## (iii) സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ സാമ്പത്തികാവസ്ഥ വിലയിരുത്തുന്നതിന് വിനോദയാത്രയിലെ പങ്കാളിത്തം, മൂന്നു നേരവുമുള്ള ഭക്ഷണത്തിന്റെ ലഭ്യത, സ്കൂളിലെ മറ്റു പ്രവർത്തനങ്ങളിലെ പങ്കാളിത്തം മുതലായവയാണ് പരിഗണിച്ചത്.

ഗ്രാമം/ നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ പട്ടിക 4.3 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.3: സാമ്പത്തിക മേഖലയിലുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 196 | 194 | 390 | 589 | 584 | 1173 | 165 | 146 | 311 | 28 | 25 | 27 |
| 2 എൽ.പി | 195 | 196 | 391 | 586 | 588 | 1174 | 334 | 359 | 639 | 57 | 61 | 59 |
| 3. യു.പി | 195 | 193 | 388 | 585 | 580 | 1165 | 351 | 331 | 682 | 60 | 57 | 59 |
| 4. ഹൈസ്കൂൾ | 194 | 193 | 387 | 582 | 581 | 1163 | 332 | 349 | 681 | 57 | 60 | 59 |
| 5. എച്ച്.എസ്.എസ് | 194 | 194 | 388 | 584 | 584 | 1168 | 362 | 310 | 672 | 62 | 53 | 58 |
| 6. വി.എച്ച്.എസ്.ഇ | 197 | 196 | 393 | 592 | 589 | 1181 | 225 | 206 | 431 | 38 | 35 | 37 |
| ശരാശരി | | | | | | | 302 | 291 | 296 | 50 | 49 | 50 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 390 കുട്ടികളിൽ നിന്ന് (ഗ്രാമ 196, നഗരം 194) വിവരങ്ങൾ ശേഖരിച്ചു. സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട് വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ കുട്ടികളുടെ പ്രതികരണങ്ങൾ 1173 ആണ്. ഇതിൽ 311 പ്രതികരണങ്ങൾ പോസിറ്റീവ് ആയതും ബാക്കുയുള്ളവ നെഗറ്റീവും ആയിരുന്നു. അതുപ്രകാരം 27% കുട്ടികളാണ് പ്രീപ്രൈമറി തലത്തിൽ മികച്ച സാമ്പത്തിക സാഹചര്യമുണ്ടെന്ന് പ്രതികരിച്ചത്. ഈ രീതിയിൽ പട്ടിക വിശകലനം തുടരുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 1174 പ്രതികരണങ്ങളിൽ 639 പോസിറ്റീവ് പ്രതികരണങ്ങൾ (59%) ഉണ്ടെന്നുകാണാം. യു.പി തലത്തിൽ ആകെയുള്ള 1165 പ്രതികരണങ്ങളിൽ (682) പോസിറ്റീവ് പ്രതികരണങ്ങൾ (59%) ആണ്. ഹൈസ്ക്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 1163 ആണ്. ഇതിൽ പോസിറ്റീവ് പ്രതികരങ്ങൾ 681 (59%) ആണ്. എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ എന്നിവയിൽ ആകെ പ്രതികരണങ്ങൾ യഥാക്രമം 1168 ഉം 1181 ഉം ആണ്. ഇവിടത്തെ പോസിറ്റീവ് പ്രതികരങ്ങൾ 672, 431 (58%, 37%) എന്നിങ്ങനെയാണ്.

### സാമ്പത്തിക മേഖലയുടെ വിലയിരുത്തൽ വിശകലനം


പട്ടികയിൽ നിന്നും 50% കുട്ടികൾക്കു മെച്ചപ്പെട്ട സാമ്പത്തികാവസ്ഥ ഉള്ളതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ സാമ്പത്തികസാഹചര്യം ഉള്ള വിഭാഗങ്ങൾ എൽ.പി വിഭാഗം (59%), യൂ.പി വിഭാഗം (59%), ഹൈസ്ക്കൂൾ വിഭാഗം (59%) എന്നിവയാണ്. ഹയർസെക്കന്ററി വിഭാഗ

ത്തിൽ 58% ഉള്ളപ്പോൾ വി.എച്ച്.എസി.ഇ വിഭാഗത്തിൽ 37% പ്രീപ്രൈമറി വിഭാഗക്കാരിക്കിട യിൽ 27% എന്നിവ ഏറ്റവും കുറവ് സാമ്പത്തിക സാഹചര്യ രേഖപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ സാമ്പത്തിക സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമങ്ങളിലെ 28% പേർ ഉയർന്ന നിലവാരത്തിലുള്ളപ്പോൾ നഗര പ്രദേശത്തു 25% മാത്രമാണ്. ഉയർന്ന നിലാവരത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. എൽ.പി. തലം ഗ്രാമം 57% നഗരം 61%; യു.പി. തലത്തിൽ ഗ്രാമം 60% നഗരം, 57% ; ഹൈസ്ക്കൂൾ തലം; ഗ്രാമം 57, നഗരം 60% ; ഹയർസെക്കണ്ടറി തലം: ഗ്രാമം 62%, നഗരം 53% ; വി.എച്ച്.എസ്. ഇ ഗ്രാമം 38% , നഗരം 35% എന്നിങ്ങനെയാണ് സാമ്പത്തികപരമായ നിലവാരം.

നഗരപ്രദേശങ്ങളുള്ള കുട്ടികളേക്കാൾ സാമ്പത്തിക സാഹചര്യം ചെറിയ മുൻതൂക്കം 49% ഗ്രാമപ്രദേശത്തുള്ള കുട്ടികൾക്കാണെന്ന് (50%) പഠനം സൂചിപ്പിക്കും. ചുവടെയുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**സാമ്പത്തിക സ്ഥിതി താരതമ്യം ഗ്രാമം - നഗരം**




ചിത്രം 4.3

### (iv) ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ ആരോഗ്യ സാഹചര്യം വിലയിരുത്താൻ പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യത (ശൗചാലയം, കുടിവെള്ളം, പഠനമുറി) ശാരീരികവും മാനസികവുമായ പഠന തടസ്സങ്ങൾ, മദ്യപാനം, പുകവലി തുടങ്ങിയ ദുശീലങ്ങൾ, നിത്യരോഗികളുടെ സാന്നിദ്ധ്യം മുതലായവയാണ് പരിഗണിച്ചത്.

ഗ്രാമം/ നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, പോസിറ്റീവ് പ്രതികരണങ്ങൾ അതിന്റെ ശതമാനം എന്നിവ പട്ടിക 4.4 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.4: ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 257 | 257 | 514 | 770 | 772 | 1542 | 154 | 139 | 293 | 20 | 18 | 19 |
| 2 എൽ.പി | 258 | 256 | 514 | 775 | 278 | 1053 | 349 | 246 | 595 | 45 | 88 | 66 |
| 3. യു.പി | 262 | 257 | 519 | 786 | 772 | 1558 | 299 | 309 | 608 | 38 | 40 | 39 |
| 4. ഹൈസ്കൂൾ | 257 | 261 | 518 | 770 | 785 | 1555 | 316 | 314 | 630 | 41 | 40 | 41 |
| 5. എച്ച്.എസ്.എസ് | 257 | 264 | 521 | 771 | 794 | 1565 | 293 | 301 | 594 | 38 | 38 | 38 |
| 6. വി.എച്ച്.എസ്.ഈ | 259 | 255 | 514 | 779 | 764 | 1543 | 187 | 168 | 355 | 24 | 22 | 23 |
| ശരാശരി | | | | | | | 206 | 555 | 209 | 34 | 42 | 38 |

പ്രീപ്രൈമറിയുമായി ബന്ധപ്പെടുത്തി 514 പേരുടെ ആകെ പ്രതികരണങ്ങൾ 1542 അത്. ഇതിൽ 293 (19%) പോസിറ്റീവ് പ്രതികരണങ്ങൾ ആൺ. എൽപി. തലവുമായി ബന്ധപ്പെടുത്തി 514 പേരുടെ ആകെ പ്രതികരണങ്ങൾ 1053 ആണ്. ഇതിൽ 595 (56%) പോസിറ്റീവ് പ്രതികരണങ്ങളാണ്. യൂ.പി. തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 1558, പോസിറ്റീവ് പ്രതികരണങ്ങൾ 608, (39%) ആണ്. ഹൈസ്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 1555 ആണ്. ഇതിൽ പോസിറ്റീവ് പ്രതികരണങ്ങൾ 630 (41%) ആണ്. എച്ച്.എസ്.എസ്.വി.എച്ച്.എസ്.ഇ എന്നിവയിൽ ആകെ പ്രതികരണങ്ങൾ യാഥാക്രമം 1565 ഉം 1543 ഉം ആണ്. ഇവിടെത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 38%, 23% എന്നിങ്ങനെയാണ്.

### അരോഗ്യമേഖലയുടെ വിലയിരുത്തൽ വിശകലനം


പട്ടിക (4.4) ൽ നിന്നും 38% കുട്ടികൾക്കു മെച്ചപ്പെട്ട ആരോഗ്യ സാഹചര്യമുള്ളതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ ആരോഗ്യ സാഹചര്യം ഉള്ള വിഭാഗം എൽ.പി. വിഭാഗമാണ് (66%) യൂ.പി. വിഭാഗത്തിലെയും ഹയർ സെക്കണ്ടറി വിഭാഗത്തിലേയും വി.എച്ച്.എസ്. ഈ വിഭാഗ ത്തിലെയും കുട്ടികൾക്ക് യഥാക്രമം 39%. 38%, 23% എന്നിങ്ങനെ ആരോഗ്യപരമായ സാഹചര്യം ഉള്ളപ്പോൾ ഏറ്റവും കുറവ് രേഖപ്പെടുത്തിയിരിക്കുന്നത് പ്രീപ്രൈമറി വിഭാഗത്തിലാണ് (19%).

ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ ആരോഗ്യ സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിലെ 20% പേർ ഉയർന്ന ആരോഗ്യ സാഹചര്യം ഉള്ളതായും നഗരത്തിൽ 18% പേർ മാത്രമാണ് ഉയർന്ന നിലവാരത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 595 പ്രതികരണങ്ങളിൽ എൽ.പി തലം ഗ്രാമം 45%, നഗരം 88%, യൂ.പി. തലം ഗ്രാമം 38%, നഗരം 40%, ഹൈസ്കൂൾ വിഭാഗം ഗ്രാമം 41%, നഗരം 40%, ഹയർ സെക്കണ്ടറി ഗ്രാമം 38%, നഗരം 38%, വൊക്കേഷണൽ ഹയർ സെക്കണ്ടരി ഗ്രാമം 24%, നഗരം 22% എന്നിങ്ങനെയാണ് ആരോഗ്യ പരമായ സാഹചര്യം.

നഗരപ്രദേശത്തുള്ള കുട്ടികൾക്ക് (42%) ആരോഗ്യ സാഹചര്യം ഗ്രാമപ്രദേശത്തുള്ള കുട്ടികളേക്കാൾ കൂടുതലാണെന്ന് (34%) പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

ആരോഗ്യ സാഹചര്യം ഗ്രാമം - നഗരം




ചിത്രം 4.4

### (v) കലാകായിക മേഖലയുമായ ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ കലാകായികാവസ്ഥ വിലയിരുത്താൻ വിദ്യാലയത്തിലെ കുട്ടികളുടെ കലാകായിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം, സ്കൂൾ സമയത്തിന് ശേഷമുള്ള കലാകായിക പ്രവർത്തനങ്ങളിലെ ഇടപെടൽ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള പിന്തുണ എന്നിവയാണ് ഈ മേഖലയിൽ പരിഗണിക്കപ്പെട്ടത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി. വൊക്കേഷണൽ ഹയർ സെക്കണ്ടറി, എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതരണങ്ങൾ അതിന്റെ ശതമാനം എന്നിവ പട്ടിക 4.5 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.5: കലാകായിക മേഖലയുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 191 | 197 | 388 | 574 | 593 | 1167 | 132 | 178 | 310 | 23 | 30 | 27 |
| 2 എൽ.പി | 195 | 193 | 388 | 586 | 580 | 1166 | 498 | 296 | 794 | 85 | 51 | 68 |
| 3. യു.പി | 194 | 195 | 389 | 582 | 586 | 1168 | 495 | 299 | 794 | 85 | 51 | 68 |
| 4. ഹൈസ്കൂൾ | 194 | 194 | 388 | 582 | 581 | 1163 | 361 | 372 | 733 | 62 | 64 | 63 |
| 5. എച്ച്.എസ്.എസ് | 194 | 195 | 389 | 581 | 584 | 1165 | 337 | 362 | 699 | 58 | 62 | 60 |
| 6. വി.എച്ച്.എസ്.ഈ | 193 | 196 | 389 | 580 | 588 | 1168 | 232 | 153 | 385 | 40 | 26 | 33 |
| ശരാശരി | | | | | | | | | | 59 | 47 | 53 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 388 കുട്ടികളിൽ നിന്ന് (ഗ്രാമം 191, നഗരം 197) വിവരങ്ങൾ ശേഖരിച്ചു. കലാകായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ കുട്ടികളുടെ ആകെ പ്രതികരണങ്ങൾ 1167 ആണ്. ഇതിൽ 310 പോസിറ്റീവ് പ്രതികരണങ്ങളും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതു പ്രകാരം 27% കുട്ടികൾക്കാണ് പ്രീപ്രൈമറി തലത്തിൽ മികച്ച കലാകായിക സാഹചര്യമുണ്ടെന്ന് കണ്ടെത്തിയത്. ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി. തലത്തിൽ ആകെയുള്ള 1166 പ്രതികരണങ്ങളിൽ ആകെ 794 പോസിറ്റീവ് പ്രതികരണങ്ങൾ (68%) ഉണ്ടെന്ന് കാണാം. യൂ.പി തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 1168 ആണ് ഇതിൽ 794 പോസിറ്റീവ് പ്രതികരണങ്ങൾ (68%) ആണ് ഉള്ളത്. ഹൈസ്ക്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 1163 ഉം പോസിറ്റീവ് പ്രതികരണങ്ങൾ 733 ഉം (63%) ആണ്. എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഈ എന്നിവയിൽ ആകെ പ്രതികരണങ്ങൾ 1165, 1168 എന്നിങ്ങനെയാണ്. ഇവിടുത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 699 (60%), 385 (33%) എന്നിങ്ങനെയാണ്.

**കലാകായിക മേഖലയുടെ വിലയിരുത്തൽ വിശകലനം:**


പട്ടിക (4.5) പ്രകാരം 53% കുട്ടികൾക്കും മെച്ചപ്പെട്ട കലാകായിക സാഹചര്യം ഉള്ളതായി

മനസ്സിലാക്കണം. ഇതിൽ ഏറ്റവും കൂടുതൽ കലാകായിക സഹചര്യം ഉള്ളത് എൽ.പി വിഭാഗത്തിലേയും (68%) യു.പി വിഭാഗത്തിലേയും കുട്ടികൾക്കാണെന്ന് (68%) മനസ്സിലാക്കണം. ഹൈസ്ക്കൂൾ വിഭാഗത്തിലേയും ഹയർ സെക്കണ്ടറി വിഭാഗത്തിലേയും വൊക്കേഷണൽ ഹയർ സെക്കണ്ടററി വിഭാഗത്തിലേയും കലാകായിക സാഹചര്യം രേഖപ്പെടുത്തിയിരിക്കുന്നത് യഥാക്രമം 63%, 60%, 33% എന്നിങ്ങനെയാണ്. എന്നാൽ ഏറ്റവും കുറവ് കലാകായിക സാഹചര്യം രേഖപ്പെടുത്തിയിരിക്കുന്നത് പ്രീപ്രൈമറി വിഭാഗത്തിലാണ്. (27%)

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ ആവരുടെ കലാകായിക സഹാചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീ പ്രൈമറി തലത്തിൽ ഗ്രാമത്തിലെ 23% ഉള്ളപ്പോൾ നഗര പ്രദേശത്ത് 30% ഉയർന്ന കലാകായിക സഹാചര്യം അനുഭവിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. എൽ,പി തലത്തിൽ ഗ്രാമം 85%, നഗരം 51%, യൂ.പി തലം: ഗ്രാമം 85%, നഗരം 51%, ഹൈസ്കൂൾ തലം: ഗ്രാമം 62%, നഗരം 64%, ഹയർ സെക്കണറി തലം: ഗ്രാമം. 58%, നഗരം 62%, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ യഥാക്രമം ഗ്രാമം 40% നഗരം 26% എന്നിങ്ങനെയാണ് കലാകായിക പരമായ സാഹചര്യം.

നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (47%) ഗ്രാമ പ്രദശത്തുള്ള കുട്ടികൾക്കാണ് 59% കലാകായിക സാഹചര്യം കൂടുതലുള്ളതെന്ന് പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**കലാകയിക സാഹചര്യം ഗ്രാമം - നഗരം**




ചിത്രം 2.5

## (vi) വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിലയരുത്തൽ:

കുട്ടികളുടെ വിദ്യാഭ്യാസാവസ്ഥ വിലയിരുത്താൻ വിദ്യാലയത്തിൽ പഠനത്തിന് ലഭ്യമാകുന്ന ലാബ്, ലൈബ്രറി, സ്മാർട്ട്, റൂം സൗകര്യങ്ങൾ, പഠനത്തിൽ ആത്മ വിശ്വാസം വളർത്താൻ പ്രേരകമായ ഇടപെടലുകൾ, സമയ ബന്ധിതമായി പഠന പ്രവർത്തനങ്ങൾ ചെയ്ത് തീർത്ത് ഫലവത്തായി ആശയങ്ങൾ സ്വാംശീകരിക്കാനുള്ള സാവകാശം, ഭാവി ജീവിതം കരുപിടിപ്പിക്കാനാവശ്യമായ ജീവസുറ്റ നിർദ്ദേശങ്ങൾ മുതലായവയാണ് പരിഗണിച്ചത്.

ഗ്രാമം/ നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ അതിന്റെ ശതമാനം എന്നിവ പട്ടിക 4.6 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6 വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ.**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രാപ്രൈമറി | 270 | 272 | 542 | 1350 | 1362 | 2712 | 405 | 327 | 732 | 30 | 24 | 27 |
| 2 എൽ.പി | 274 | 275 | 549 | 1371 | 1373 | 2744 | 1097 | 728 | 1825 | 80 | 53 | 67 |
| 3. യു.പി | 272 | 273 | 545 | 1361 | 1369 | 2730 | 1048 | 931 | 1979 | 77 | 68 | 73 |
| 4. ഹൈസ്കൂൾ | 271 | 274 | 545 | 1359 | 1372 | 2731 | 1114 | 1125 | 2239 | 82 | 82 | 82 |
| 5. എച്ച്.എസ്.എസ് | 273 | 272 | 545 | 1365 | 1362 | 2727 | 1160 | 994 | 2154 | 85 | 73 | 79 |
| 6. വി.എച്ച്.എസ്.ഈ | 273 | 273 | 546 | 1364 | 1364 | 2728 | 682 | 655 | 1337 | 50 | 48 | 49 |
| ശരാശരി | | | | | | | 404 | 348 | 376 | 67 | 58 | 63 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 542 കുട്ടികളിൽ നിന്ന് (ഗ്രാമം 270, നഗരം 272) വിവരങ്ങൾ ശേഖരിച്ചു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ കുട്ടികളുടെ ആകെ പ്രതികരണങ്ങൾ 2712 ആണ്. ഇതിൽ 732 പ്രതികരണങ്ങൾ പോസിറ്റീവ് ആയതും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതു പ്രകാരം 27% കുട്ടികൾക്ക് പ്രീപ്രൈമറി തലത്തിൽ മികച്ച വിദ്യാഭ്യാസ സാഹചര്യമുണ്ടെന്ന് കണ്ടെത്തി ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 2744 പ്രതികണമങ്ങളിൽ 1825 പോസിറ്റീവ് പ്രതികരണങ്ങൾ (67%) ഉണ്ടെന്ന് കാണാം. യു.പി തലത്തിൽ 2730 പ്രതികരണങ്ങളിൽ പോസിറ്റീവ് പ്രതികരണങ്ങൾ 1979 (73%) ആണ്. ഹൈസ്ക്കൂൾ തലത്തിൽ 2731 പ്രതികരണങ്ങൾ പോസിറ്റീവ് പ്രതികരണങ്ങൾ 2239 (82%) ആണ്. എച്ച്.എസ്.എസ്. വി.എച്ച്.എസ്..ഇ എന്നിവിടങ്ങളിൽ ആകെ പ്രതികരണങ്ങൾ 2727 ഉം 2728 ഉം ആണ് പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 2154 (79%) 1337 (49%) എന്നിങ്ങനെയാണ്.

### വിദ്യാഭ്യാസ മേഖലയുടെ വിലയിരുത്തൽ വിശകലനം.


പട്ടികയിൽ നിന്നും 63% കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യം ഉള്ളതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സാഹചര്യം ഉള്ള വിഭാഗം ഹെസ്കൂൾ

ആണ് (82%) യു.പി വിഭാഗത്തിലേയും ഹയർ സെക്കണ്ടറി വിഭാഗത്തിലെയും എൽ.പി വിഭാഗത്തിലേയും, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെയും വിദ്യാഭ്യാസ സാഹചര്യം യഥാക്രമം 73%, 79%, 67%, 49% എന്നിങ്ങനെയാണ്. ഏറ്റവും കുറവ് വിദ്യാഭ്യാസ സൗകര്യം പ്രീ പ്രൈമറി വിഭാഗങ്ങൾക്കിടയിലാണ് (27%).

ഗ്രാമപ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിലെ 30% പേർ ഉയർത്ത സാഹചര്യംത്തിലുള്ളപ്പോൾ നഗര പ്രദേശത്തിലുള്ള 24% പേർ മാത്രമാണ് ഉയർന്ന സാഹചര്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. എൽ.പി. തലം: ഗ്രാമം 80%, നഗരം 53%, യു.പി തലം: ഗ്രാമം 77%, നഗരം 68%, ഹൈസ്ക്കൂൾ തലം: ഗ്രാമം 82%, നഗരം 82%, എച്ച്.എസ്.എസ്. തലം: ഗ്രാമം 85% നഗരം 73%, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലം ഗ്രാമം 50%, നഗരം 48% എന്നിങ്ങനെയാണ് വിദ്യാഭ്യാസപരമായ നിലവാരം.

നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ വിദ്യാഭ്യാസ സാഹചര്യം (58%) ഗ്രാമപ്രദേശത്തുള്ള കുട്ടികൾക്കാണന്ന് (67%) പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**വിദ്യാഭ്യാസ സൗകര്യങ്ങൾ ഗ്രാമം - നഗരം താരതമ്യം**




ചിത്രം 4.6

**(vii) സ്ഥാപന സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിലയിരുത്തൽ**

കുട്ടികളുടെ സ്ഥാപനസംവിധാനങ്ങൾ വിലയിരുത്താൻ വിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുന്ന ഘടകങ്ങൾ, നിലവിലുള്ള സ്കൂൾ സമയം പര്യാപ്തമാണോ, പ്രതികൂല കാലാവസ്ഥയെ തരണം ചെയ്യാനുള്ള ഭൗതിക സംവിധാനങ്ങളുടെ ലഭ്യത, പുനഃരധിവാസ പ്രവർത്തനങ്ങൾ എത്രത്തോളം വിദ്യാർത്ഥികളെ ബാധിക്കുന്നു? മുതലായവയാണ് പരിഗണിച്ചത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണർ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കി കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.7 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.7 സ്ഥാപന സംവിധാനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 262 | 261 | 523 | 787 | 783 | 1570 | 236 | 188 | 424 | 30 | 24 | 27 |
| 2 എൽ.പി | 260 | 259 | 519 | 779 | 777 | 1556 | 631 | 443 | 1074 | 81 | 57 | 69 |
| 3. യു.പി | 260 | 260 | 520 | 780 | 782 | 1562 | 562 | 524 | 1086 | 72 | 67 | 70 |
| 4. ഹൈസ്കൂൾ | 261 | 260 | 521 | 785 | 781 | 1566 | 565 | 523 | 1088 | 72 | 67 | 70 |
| 5. എച്ച്.എസ്.എസ് | 258 | 258 | 516 | 776 | 777 | 1553 | 644 | 505 | 1149 | 83 | 65 | 74 |
| 6. വി.എച്ച്.എസ്.ഈ | 261 | 258 | 519 | 783 | 774 | 1557 | 360 | 325 | 685 | 46 | 42 | 44 |
| ശരാശരി | | | | | | | | | | 64 | 54 | 59 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 523 കുട്ടികളിൽ നിന്ന് (ഗ്രാമം 262, നഗരം 261) വിവരങ്ങൾ ശേഖരിച്ചു. സ്ഥാപന സംവിധാനവുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ കുട്ടികളുടെ ആകെ പ്രതികരണങ്ങൾ 1570 ആണ്. ഇതിൽ 424 പ്രതികരണങ്ങൾ പോസിറ്റീവ് ആയതും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. ആതു പ്രകാരം 27% കുട്ടികളാണ് പ്രീപ്രൈമറിതലത്തിൽ മികച്ച സ്ഥാപനസംവിധാനങ്ങളുണ്ടെന്ന് പ്രതികരിച്ചത്. ഈ രീതിയിൽ തുടർന്ന് പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി. തലത്തിൽ ആകെയുള്ള 1556 പ്രതികരണങ്ങളിൽ 1074 പോസിറ്റീവ് പ്രതികരണങ്ങൾ (69%) ഉണ്ടെന്ന് കാണാം. യൂ.പി. തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 1562. ഇതിൽ പോസിറ്റീവ് പ്രതികരണങ്ങൾ 1086 (70%), ഹൈസ്ക്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 1566. ഇതിൽ പോസിറ്റീവ് പ്രതികരണങ്ങൾ 1088 (70%) ആണ്. എച്ച്.എസ്.എസ്, വി,.എച്ച്.എസ്.ഇ യിൽ ആകെയുള്ള പ്രതികരണങ്ങൾ 1553 ഉം 1557 ഉം ആണ്. ഇവിടത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 1149 (74%) 685 (44%) എന്നിങ്ങനെയാണ്.


**സ്ഥാപന സംവിധാനത്തിന്റെ വിലയിരുത്തൽ വിശകലനം**

പട്ടിക 4.7 ൽ നിന്നും 59% കുട്ടികൾക്ക് മെച്ചപ്പെട്ട സ്ഥാപന സംവിധാനങ്ങൾ ഉണ്ടെന്ന് മനസ്സി ലാക്കാൻ സാധിക്കും. ഇതിൽ ഏറ്റവും കൂടുതൽ നിലവാരമുള്ള സ്ഥാപന സംവിധാനങ്ങൾ ഉള്ളത് എച്ച്.എസ്.എസ്. വിഭാഗത്തിലെ കുട്ടികൾക്കാണ് (74%). ഹൈസ്ക്കൂൾ വിഭാഗത്തിലേ യും, യു.പി. വിഭാഗത്തിലേയും, എൽ.പി. വിഭാഗത്തിലേയും, വി.എച്ച്.എസ്.ഇ. വിഭാഗത്തിലെയും കുട്ടികളുടെ സ്ഥാപന സംവിധാന ലഭ്യത യഥാക്രമം 70%, 70%, 69%, 44% എന്നിങ്ങനെയാണ് ഏറ്റവും കുറവ് സ്ഥാപന സംവിധാന നിലവാരമുള്ളത് പ്രീപ്രൈമറി വിഭാഗക്കാർക്കിടയിലാണ് (27%)

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ സ്ഥാപന സംവി ധാന സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിലെ 30% പേർ ഉയർന്ന നിലവാരത്തിലുള്ളപ്പോൾ നഗര പ്രദേശത്തിലേത് 24% മാത്രമാണ്. എൽ.പി തലം: ഗ്രാമം 81%, നഗരം 57% ആണ്. യു.പി തലം: ഗ്രാമം 72%, നഗരം 67%, ഹൈസ്ക്കൂൾ ഗ്രാമം: 72%, നഗരം 67%, എച്ച്.എസ്.എസ്. തലം: ഗ്രാമം 83%, നഗരം 65%, വി.എച്ച്.എസ്.ഇ. തലം: ഗ്രാമം 46%, നഗരം 42% എന്നിങ്ങനെയാണ് സ്ഥാപന സംവിധാനങ്ങളുടെ സാഹചര്യം.

നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (54%) സ്ഥാപന സംവിധാനങ്ങളുടെ നിലവാരം ഗ്രാമപ്ര ദേശങ്ങളുള്ള കുട്ടികൾക്കാണെന്ന് (64%) പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**സ്ഥാപനസംവിധാനങ്ങൾ താരതമ്യം ഗ്രാമം - നഗരം**




ചിത്രം 4.7

### (viii) പഠന സമ്പ്രദായവുമായി ബന്ധപ്പെട്ടത് വിലിയിരുത്തൽ

കുട്ടികളുടെ പഠനസമ്പ്രദായം വിലയിരുത്താൻ അധ്യാപകരുടെ സമീപനം, പഠന പരിഹാരം പ്രവർത്തനങ്ങളുടെ അവസ്ഥ, പാഠ ഭാഗങ്ങൾ ജീവിത ബന്ധിയാക്കൽ, ഇഷ്ടപ്പെട്ട പഠന മാധ്യമം, പഠന മാധ്യമങ്ങളുടെ ആസ്വാദ്യത എന്നിവയാണ് പരിഗണിച്ചത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.8 ൽ നല്കിയിരിക്കുന്നു.

**പട്ടിക 4.8: പഠന സമ്പ്രാദായവുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ കുട്ടികൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 239 | 232 | 471 | 1194 | 1162 | 2356 | 215 | 244 | 459 | 18 | 21 | 20 |
| 2 എൽ.പി | 234 | 235 | 469 | 1170 | 1176 | 2346 | 714 | 494 | 1208 | 61 | 42 | 52 |
| 3. യു.പി | 233 | 233 | 466 | 1163 | 1165 | 2328 | 756 | 559 | 1315 | 65 | 48 | 57 |
| 4. ഹൈസ്കൂൾ | 234 | 232 | 466 | 1172 | 1162 | 2334 | 785 | 639 | 1424 | 67 | 55 | 61 |
| 5. എച്ച്.എസ്.എസ് | 234 | 235 | 469 | 1168 | 1175 | 2343 | 794 | 705 | 1499 | 68 | 60 | 64 |
| 6. വി.എച്ച്.എസ്.ഈ | 235 | 232 | 467 | 1173 | 1158 | 2331 | 469 | 440 | 909 | 40 | 38 | 39 |
| ശരാശരി | | | | | | | | | | 53 | 44 | 49 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 471 കുട്ടികളിൽ നിന്ന് (ഗ്രാമം 239, നഗരം 232) വിവരങ്ങൾ ശേഖരിച്ചു. പഠന സമ്പ്രാദായവുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ കുട്ടികളുടെ ആകെ പ്രതികരണങ്ങൾ 2356 ആണ്. ഇതിൽ 459 പ്രതികരണങ്ങൾ പോസിറ്റീവും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതു പ്രകാരം 20% കുട്ടികളാണ് പ്രീപ്രൈമറി തലത്തിൽ മികച്ച പഠന ഗുണങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് പ്രതികരിച്ചത്. ഈ രീതിയിൽ തുടർന്ന് പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 2346 പ്രതികരണങ്ങളിൽ 1208 പോസിറ്റീവ് പ്രതികരണങ്ങൾ (52%) ഉണ്ടെന്ന് കാണാം. യൂ.പി തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 2328, പോസറ്റീവ് പ്രതികരണങ്ങൾ 1315 (57%) ആണ്. ഹൈസ്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 2334 ആണ്. ഇതിൽ പോസിറ്റീവ് പ്രതികരണങ്ങൾ 1424 (61%) ആണ്. എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ എന്നിവയിൽ ആകെ പ്രതികരണങ്ങൾ യഥാക്രമം 2343 ഉം 2331ഉം ആണ്. ഇവിടത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 1499 (64%), 909 (39%) എന്നിങ്ങനെയാണ്.


**പഠന സമ്പ്രദായത്തിന്റെ വിലയിരുത്തൽ വിശകലനം**

പട്ടിക 4.7 ൽ നിന്നും 49% കുട്ടികൾക്കു മെച്ചപ്പെട്ട പഠനഗുണങ്ങൾ ലഭിക്കുന്നതായി മനസ്സിലാക്കാം ഇതിൽ ഏറ്റവും കൂടുതൽ സാഹചര്യം ഉള്ള വിഭാഗം എച്ച്.എസ്.എസ്. വിഭാഗത്തിപ്പെട്ടവരാണ് (64%), ഹൈസ്ക്കൂൾ, യു.പി, എൽ.പി, വി.എച്ച്.എസ്.ഇ. യഥാക്രമം 61%, 57%, 52%, 39% എന്നിങ്ങനെയാണ്. ഏറ്റവും കുറവ് പഠന സമ്പ്രദായങ്ങൾ ലഭ്യമാകുന്നത് പ്രീപ്രൈമറി വിഭാഗക്കാർക്കിടയിലാണ് (20%)

ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ പഠന സമ്പ്രാദയാവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിൽ 18% പേർ മാത്രം ഉയർന്ന് നിലവാരത്തിലുള്ളപ്പോൾ നഗര പ്രദേശത്തിലുള്ള 21% പേർ ഉയർന്ന നിലവാരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. എൽ.പി തലം: ഗ്രാമം 61%, നഗരം 42%, യു.പി. തലം: ഗ്രാമം 65%, നഗരം 48%, ഹൈസ്ക്കൾ തലം: ഗ്രാമം 67%, നഗരം 55%, എച്ച്.എസ്.എസ്. ഗ്രാമം: 68%, നഗരം 60%, വി.എച്ച്.എസ്.ഇ. ഗ്രാമം 40%, നഗരം 38% എന്നിങ്ങനെയാണ്.

നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (44%) മെച്ചപ്പെട്ട പഠന സമ്പ്രാദായം ലഭ്യമാക്കുന്നത് ഗ്രാമപ്രദേശത്തുള്ള കുട്ടികൾക്കാണ് (53%) പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈഡയഗ്രം ഇത് സൂചിപ്പിക്കുന്നു.

**പഠനസമ്പ്രാദായം ഗ്രാമം – നഗരം താരതമ്യം**




ചിത്രം 4.7

## (B) അദ്ധ്യാപകരുടെ അഭിപ്രായങ്ങളുടെ ക്രോഡീകരണവും വിലയിരുത്തലും

### (i) സാമൂഹിക മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

വിദ്യാർത്ഥികളുടെ സാമൂഹികമായ മനോഭാവത്തിലുള്ള അനുകൂല വളർച്ചയും പ്രതികരണങ്ങളും സംബന്ധിച്ച് അധ്യാപകരുടെ അഭിപ്രായങ്ങളെ വിലയിരുത്തുകയുണ്ടായി. ഇതിനായി കുട്ടിയുടെ ഹാജർ നില, ഹാജർ ഇല്ലായ്മയുടെ കാരണങ്ങൾ, സ്കൂൾ സമയവുമായി പൊരുത്തപ്പെടൽ, പൊരുത്തപ്പെടുന്നില്ലങ്കിൽ കാരണം, സഹപാഠികളുമായുള്ള ഇടപെടൽ രീതി, അദ്ധ്യാപകരുമായുള്ള ഇടപെടൽ, ഇടപെടലിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ, സമൂഹമായുള്ള ഇടപഴകൽ, ദൈനംദിന പ്രവർത്തനങ്ങളിലെ താല്പര്യം, പഠനരീതി, ഇവരെ മുഖ്യധാരയിൽ എത്തിക്കൽ നടത്തിയ പ്രവർത്തനങ്ങൾ മുതലായവയാണ് പരിഗണിച്ചത്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നു.

**പട്ടിക. 4.8: സാമൂഹിക മേഖലയുമായി ബന്ധപ്പെട്ട് അധ്യാപകരുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ അധ്യാപകർ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 33 | 33 | 66 | 330 | 330 | 660 | 142 | 161 | 303 | 43 | 49 | 46 |
| 2 എൽ.പി | 33 | 33 | 66 | 330 | 330 | 660 | 160 | 162 | 322 | 48 | 49 | 49 |
| 3. യു.പി | 33 | 33 | 66 | 330 | 330 | 660 | 215 | 154 | 369 | 65 | 47 | 56 |
| 4. ഹൈസ്കൂൾ | 33 | 33 | 66 | 330 | 330 | 660 | 213 | 174 | 387 | 65 | 53 | 59 |
| 5. എച്ച്.എസ്.എസ് | 33 | 33 | 66 | 330 | 330 | 660 | 174 | 215 | 389 | 53 | 65 | 59 |
| 6. വി.എച്ച്.എസ്.ഈ | 33 | 33 | 36 | 330 | 330 | 660 | 155 | 128 | 283 | 47 | 39 | 43 |
| ശരാശരി | | | | | | | | | | 54 | 50 | 52 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 66 അധ്യാപകരിൽ നിന്ന് (ഗ്രാമം 33, നഗരം 33) വിവരങ്ങൾ ശേഖരിച്ചു. സാമൂഹിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ അദ്ധ്യാപകരുടെ ആകെ പ്രതികരണങ്ങൾ 660 ആണ്. ഇതിൽ 303 പ്രതികരണങ്ങൾ പോസിറ്റീവ് ആയതും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതുപ്രകാരം 46% അദ്ധ്യാപകർ പ്രീപ്രൈമറി തലത്തിലെ കുട്ടികളിൽ മികച്ച സാമൂഹിക ഇടപെടൽ സംഭവിക്കുന്നതായി അഭിപ്രായപ്പെട്ടു.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 660 പ്രതികരണങ്ങളിൽ 322 പോസിറ്റീവ് പ്രതികരണങ്ങൾ (49%) ഉള്ളതായി കാണാം. യൂ.പി തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 660. പോസിറ്റീവ് പ്രതികരണങ്ങൾ 369 (56%) ആണ്. ഹൈസ്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 660, പോസീറ്റീവ് പ്രതികരണങ്ങൾ 387 (59%) ആണ്. എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ. യിൽ പ്രതികരണങ്ങൾ 660 ഉം, 660 ഉം ആണ്. ഇവിടുത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 59%, 43% എന്നിങ്ങനെയാണ്.


## സാമൂഹിക മേഖലയുടെ വിലയിരുത്തൽ വിശകലനം

പട്ടികയിൽ നിന്നും 52% കുട്ടികൾക്കും മെച്ചപ്പെട്ട സാമൂഹികസാഹചര്യം ഉള്ളതായി അധ്യാപകർ അഭിപ്രായപ്പെടുന്നു. ഇതിൽ ഏറ്റവും കൂടുതൽ സാമൂഹിക സാഹചര്യം ഉള്ള വിഭാഗങ്ങൾ ഹൈസ്ക്കൂളും, എച്ച്.എസ്.എസും (59%) ആണ്. യൂ.പി., എൽ.പി എന്നിവിടങ്ങളിൽ യഥാക്രമം 56%, 49%, 46% എന്നിങ്ങനെയാണ്. ഏറ്റവും കുറവ് സാമൂഹികസാഹചര്യം രേഖപ്പെടുത്തിയിരിക്കുന്നത് വി.എച്ച്.എസ്.ഇ വിഭാഗക്കാർക്കിടയിലാണ് (43%).

ഗ്രാമ പ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിലെ 43% പേർ മാത്രം ഉയർന്ന നിലവാരത്തിലുള്ളപ്പോൾ നഗരപ്രദേശത്തിലുള്ള 49% പേർ ഉയർന്ന സാമൂഹിക നിലവാരം പുലർത്തുന്നു. എൽ.പി തലം: ഗ്രാമം 48%, നഗരം 49%, യൂ.പി. തലം: ഗ്രാമം 65%, നഗരം 47%, ഹൈസ്കൂൾ തലം: ഗ്രാമം: 65, നഗരം 53%, ഹയർ സെക്കണ്ടറി തലം: ഗ്രാമം 53%, നഗരം 65%, വൊക്കേഷണർ ഹയർ സെക്കണ്ടറി തലം ഗ്രാമം. 47, നഗരം 39% എന്നിങ്ങനെയാണ് സാമൂഹിക ചരമായ നിലവാരം.

നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (50%) ഗ്രാമപ്രദേശത്തുള്ള കുട്ടികൾ (54%) സാമൂഹികമായ നിലവാരം കൂടുതലെന്ന് അധ്യാപകരുടെ അഭിപ്രായം വ്യക്തമാക്കുന്നു. ചുവടെയുള്ള പൈഡയഗ്രം ഗ്രാമ - നഗര സാമൂഹ്യ മേഖല താരതമ്യം സൂചിപ്പിക്കുന്നു.

**ഗ്രാമ - നഗര താരതമ്യം - സാമുഹ്യമേഖല**




ചിത്രം 4.8

## (ii) വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ

കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി കുട്ടികളുടെ പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളൽ ബോധനരീതി, ഗൃഹപാഠങ്ങളിലെ ഇടപെടൽ, ആശയ വിനിമയശേഷി, ഗണിത ശേഷി, സാമ്പത്തിക പരാധീനത, പഠനത്തിലുവേണ്ടി സർക്കാരിനെ സാമ്പത്തിക സഹായങ്ങൾ, വിദ്യാഭ്യാസ കാര്യങ്ങളിൽ മാതാപിതാക്കളുടെ ഇടപെടൽ, വീടുകളിലെ പഠനാന്തരീക്ഷം, പഠന രീതികൾ എന്നിവയാണ് പരിഗണിച്ചത്.

ഗ്രാമം / നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രമറി, ലോവര് പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ അദ്ധ്യാപകരിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ അധ്യാപകരുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.9 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.9: വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് അധ്യാപകരുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ.**

| വിഭാഗം | ആകെ അധ്യാപകർ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 48 | 48 | 96 | 480 | 480 | 960 | 187 | 226 | 413 | 39 | 47 | 43 |
| 2 എൽ.പി | 48 | 48 | 96 | 480 | 480 | 960 | 250 | 212 | 462 | 52 | 44 | 48 |
| 3. യു.പി | 48 | 48 | 96 | 480 | 480 | 960 | 387 | 238 | 625 | 81 | 50 | 66 |
| 4. ഹൈസ്കൂൾ | 48 | 48 | 96 | 480 | 480 | 960 | 354 | 273 | 627 | 74 | 57 | 66 |
| 5. എച്ച്.എസ്.എസ് | 48 | 48 | 96 | 480 | 480 | 960 | 222 | 240 | 462 | 46 | 50 | 48 |
| 6. വി.എച്ച്.എസ്.ഈ | 48 | 48 | 96 | 480 | 480 | 960 | 204 | 187 | 391 | 43 | 39 | 41 |
| ശരാശരി | | | | | | | | | | 56 | 48 | 52 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 96 അദ്ധ്യാപകരിൽ നിന്ന് (ഗ്രാമം 48, നഗരം 48) വിവരങ്ങൾ ശേഖരിച്ചു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ അധ്യാപകരുടെ ആകെ പ്രതികരണങ്ങൾ 960 ആണ്. ഇതിൽ 413 പ്രതികരണങ്ങൾ പോസിറ്റീവായതും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതുപ്രകാരം 43% അധ്യാപകർ പ്രീപ്രൈമറി തലത്തിലെ കുട്ടികൾ വിദ്യാഭ്യാസകാര്യത്തിൽ മികച്ച നിലവാരം പുലർത്തുന്നതായി അഭിപ്രായപ്പെട്ടു.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 960 പ്രതികരണങ്ങളിൽ 462 പോസിറ്റീവ് പ്രതികരണങ്ങൾ (48%) ഉള്ളതായി കാണാം. യൂ.പി തലത്തിൽ ആകെയുള്ള 960 പ്രതികരണങ്ങളിൽ പോസിറ്റീവ് പ്രതികരണങ്ങൾ 625 (66%) ആണ്. ഹൈസ്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 960, പോസിറ്റീവ് പ്രതികരണങ്ങൾ 627 (66%). എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ എന്നിവിടങ്ങളിൽ ആകെ പ്രതികരണങ്ങൾ 960 ഉം, 960 ഉം ആണ്. ഇവിടത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 462 (48%), 391 (41%) എന്നിങ്ങനെയാണ്.


### വിദ്യാഭ്യാസമേഖലയുടെ വിലയിരുത്തൽ വിശകലനം

പട്ടികയിൽ നിന്നും 52% കുട്ടികൾക്കും ഉയർന്ന വിദ്യാഭ്യാസ നിലവാരം ഉള്ളതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ നിലവാരം ഉള്ള വിഭാഗങ്ങൾ യു.പി (66%) യും ഹൈസ്ക്കൂളുമാണ് (66%). എച്ച്.എസ്.എസ്., എൽ.പി, പ്രീപ്രൈമറി എന്നീവിടങ്ങളിലെ വിദ്യാഭ്യാസ നിലവാരം 48%, 48%, 43% എന്നിങ്ങനെയാണ്. ഏറ്റവും കുറവ് വിദ്യാഭ്യാസ നിലവാരം രേഖപ്പെടുത്തിയിരിക്കുന്നത് വി.എച്ച്.എസ്.ഇ വിഭാഗക്കാർക്കിടയിലാണ് (41%).

ഗ്രാമ പ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ വിദ്യാഭ്യാസ നിലവാരവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിലെ 39% പേർ മാത്രം ഉയർന്ന നിലവാരം പുലർത്തുമ്പോൾ നഗര പ്രദേശത്തെ 47% പേർ വിദ്യാഭ്യാസ പരമായ ഉയർന്ന നിലവാരം പുലർത്തുന്നു. എൽ.പി തലം: ഗ്രാമം 52% നഗരം 44%, യു.പി തലം: ഗ്രാമം 81%, നഗരം 50%, ഹൈസ്കൂൾ തലം ഗ്രാമം: 74, നഗരം 57%, എച്ച്.എസ്.എസ് തലം: ഗ്രാമം 46%, നഗരം 50% വി.എച്ച്.എസ്.ഇ. തലം ഗ്രാമം 43%, നഗരം 39% എന്നിങ്ങനെയാണ് വിദ്യാഭ്യാസ പരമായ നിലവാരം.

നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (48%) ഗ്രാമ പ്രദേശത്തുള്ള കുട്ടികൾക്കാണ് (56%) വിദ്യാഭ്യാസ പരമായി കൂടുതൽ നിലവാരം ഉള്ളതെന്ന് പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**താരതമ്യം ഗ്രാമം - നഗരം വിദ്യാഭ്യാസ മികവുകൾ**




ചിത്രം 4.9

### (iii) ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ

കുട്ടികളുടെ ആരോഗ്യ പരമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി അധ്യാപകരുടെ ഇടപെടൽ, വ്യക്തി ശുചിത്വം, വിദ്യാലയ ശുചിത്വം ഇവ പാലിക്കുന്നതിൽ കുട്ടികളുടെ പങ്ക് മുതലായ കാര്യങ്ങളാണ് പരിഗണിച്ചത്.

ഗ്രാമം/ നഗരത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, എച്ച്.എസ്.എസ്., വി.എച്ച്.എസ്. എന്നിവിടങ്ങളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും പഠന വിധേയമാക്കിയ അധ്യാപകരുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസീറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.10 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.10: ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് അധ്യാപകരുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ.**

| വിഭാഗം | ആകെ അധ്യാപകർ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 12 | 12 | 24 | 120 | 120 | 240 | 62 | 63 | 125 | 52 | 53 | 53 |
| 2 എൽ.പി | 12 | 12 | 24 | 120 | 120 | 240 | 73 | 67 | 140 | 61 | 56 | 58 |
| 3. യു.പി | 12 | 14 | 26 | 120 | 140 | 260 | 104 | 71 | 175 | 85 | 51 | 67 |
| 4. ഹൈസ്കൂൾ | 12 | 12 | 24 | 120 | 120 | 240 | 109 | 88 | 197 | 91 | 73 | 82 |
| 5. എച്ച്.എസ്.എസ് | 13 | 12 | 15 | 30 | 120 | 50 | 20 | 83 | 103 | 58 | 69 | 69 |
| 6. വി.എച്ച്.എസ്.ഈ | 12 | 12 | 24 | 120 | 120 | 240 | 78 | 59 | 137 | 65 | 49 | 57 |
| ശരാശരി | | | | | | | | | | 69 | 59 | 64 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 24 അധ്യാപകരിൽ നിന്ന് (ഗ്രാമം 12, നഗരം 12) വിവരങ്ങൾ ശേഖരിച്ചു ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടു വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ അധ്യാപകരുടെ ആകെ പ്രതികരണങ്ങൾ 240 ആണ്. ഇതിൽ 125 പ്രതികരണങ്ങൾ പോസിറ്റീവായതും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതു പ്രകാരം 53% അധ്യാപകർ പ്രീപ്രൈമറി തലത്തിലെ കുട്ടികൾ ആരോഗ്യ  കാര്യത്തിൽ മികച്ച നിലവാരം പുലർത്തുന്നതായി അഭിപ്രായപ്പെട്ടു. ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 240 പ്രതികരണങ്ങളിൽ 140 എണ്ണം പോസിറ്റീവ് പ്രതികണമങ്ങൾ ഉള്ളതായി (58%) കാണാം. യൂ.പി തലത്തിൽ ആകെയുള്ള 260 പ്രതികരണങ്ങളിൽ 175 എണ്ണം പോസിറ്റീവ് പ്രതികരണങ്ങളാണ് (67%) ഹൈസ്ക്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 240. ഇതിൽ പോസീറ്റീവ് പ്രതികരണങ്ങൾ 197 (82% ആണ്). എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ എന്നിവിടങ്ങളിൽ ആകെ പ്രതികരണങ്ങൾ 150, 240 എന്നിങ്ങനെയാണ്. ഇവിടുത്തെ പോസിറ്റീവ് യഥാക്രമം 103 (69%), 137 (57%) എന്നിങ്ങനെയാണ്.

### ആരോഗ്യമേഖലയുടെ വിലയിരുത്തൽ വിശകലനം


പട്ടിക 4.10 ൽ നിന്ന് 64% കുട്ടികൾക്കും ആരോഗ്യകാര്യത്തിൽ ഉയർന്ന നിലവാരം ഉള്ളതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ നിലവാരം കൂടുതലുള്ളത് ഹൈസ്ക്കൂൾ വിഭാഗ

ത്തിൽപെട്ട കുട്ടികൾക്കാണ് (82%), എൽ.പി. 58%, യു.പി. 67%, എച്ച്.എസ്.എസ്. 69%, വി.എച്ച്.എസ്.ഇ. 57% എന്നിങ്ങനെയാണ്. ഏറ്റവും കുറവ് പോസിറ്റീവ് പ്രതികരണം മേഖപ്പെടുത്തിയിരിക്കുന്നത് പ്രീപ്രൈമറി വിഭാഗത്തിലാണ് (53%).

ഗ്രാമപ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളെ അവരുടെ ആരോഗ്യ നിലവാരവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമത്തിലെ 52% പേർ മാത്രമേ ഉയർന്ന നിലവാരം പുലർത്താന്നുള്ളു. എന്നാൽ നഗര പ്രദേശത്തെ 53% പേർ ആരോഗ്യകാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നു. എൽ,പി തലം: ഗ്രാമം 61%, നഗരം 56%, യു.പി തലം: ഗ്രാമം 85%, നഗരം 51%, ഹൈസ്ക്കൂൾ തലം ഗ്രാമം 91%, നഗരം 73%, എച്ച്.എസ്.എസ്. തലം ഗ്രാമം 58%, നഗരം 69%, വി.എച്ച്.എസ്.ഇ. ഗ്രാമം 65%, നഗരം 49%, എന്നിങ്ങനെയാണ് ആരോഗ്യപരമായ നിലവാരം.

ഗ്രാമ പ്രദേശത്തുള്ള കുട്ടികൾ (69%) നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (59%) ആരോഗ്യകാര്യത്തിൽ ഉയർന്ന് നിലവാരം പുലർത്തുന്നതായി പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈഡയഗ്രം ഇത് വ്യക്തമാക്കുന്നു.

ആരോഗ്യകാര്യം നഗരം - ഗ്രാമ താരതമ്യം




ചിത്രം 4.10

### (iv) സ്ഥാപന സംവിധാനവുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ സ്ഥാപന സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും ലൈബ്രറി, കളിസ്ഥലം, ലബോറട്ടറി എന്നിവയും സ്കൂളിന്റെ സമയക്രമവും അടിസ്ഥാനപ്പെടുത്തിയാണ് വിലയിരുത്തിയത്.

ഗ്രാമം/ നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി,, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ അധ്യാപകരിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ അധ്യാപകരുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.11 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.11 സ്ഥാപന സംവിധാനവുമായി ബന്ധപ്പെട്ടുള്ള അധ്യാപകരുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ അധ്യപകർ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 6 | 6 | 12 | 60 | 60 | 120 | 22 | 20 | 42 | 37 | 33 | 35 |
| 2 എൽ.പി | 6 | 6 | 12 | 60 | 60 | 120 | 38 | 33 | 71 | 63 | 55 | 59 |
| 3. യു.പി | 6 | 6 | 12 | 60 | 60 | 120 | 49 | 38 | 87 | 82 | 63 | 73 |
| 4. ഹൈസ്കൂൾ | 6 | 6 | 12 | 60 | 60 | 120 | 59 | 50 | 109 | 98 | 83 | 91 |
| 5. എച്ച്.എസ്.എസ് | 6 | 6 | 12 | 60 | 60 | 120 | 41 | 55 | 96 | 68 | 92 | 80 |
| 6. വി.എച്ച്.എസ്.ഈ | 6 | 6 | 12 | 60 | 60 | 120 | 45 | 40 | 95 | 75 | 67 | 79 |
| ശരാശരി | | | | | | | | | | 71 | 66 | 70 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 12 അധ്യാപകരിൽ നിന്ന് (ഗ്രാമം 6, നഗരം 6) വിരങ്ങൾ ശേഖരിച്ചു.

സ്ഥാപന സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ള ഈ അധ്യാപകരുടെ ആകെ പ്രതികരണങ്ങൾ 120 ആണ്. ഇതിൽ 42 എണ്ണം പോസിറ്റീവ് പ്രതികരണങ്ങളും ബാക്കി യുള്ളവ നെഗറ്റീവും ആയിരുന്നു. അതു പ്രകാരം 35% അധ്യാപകർ പ്രീപ്രൈമറി തലത്തിലെ കുട്ടികൾ സ്ഥാപന സംവിധാനങ്ങളുടെ കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതായി അഭിപ്രായപ്പെട്ടു.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 120 പ്രതികരണങ്ങളിൽ 71 എണ്ണം (59%) പോസറ്റീവ് പ്രതികരണങ്ങളായിരുന്നു. യു.പി തലത്തിൽ ആകെയുള്ള 120 പ്രതികരണങ്ങളിൽ 87 (73%) എണ്ണം പോസിറ്റീവ് പ്രതികരണങ്ങളായിരുന്നു. ഹൈസ്ക്കൂൾ തലത്തിൽ 120 പ്രതികരണങ്ങളിൽ 109% വും പോസിറ്റീവ് പ്രതികരണങ്ങളായിരുന്നു. എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ 96 (80%), വി.എച്ച്.എസ്.ഇ 95 (79%) എന്നിങ്ങനെയാണ് സ്ഥാപന സംവിധാനങ്ങളിലെ നിലവാരം സൂചിപ്പിക്കുന്നത്.


**സ്ഥാപന സംവിധാനങ്ങളുടെ വിലയിരുത്തൽ വിശകലനം**

പട്ടിക 4.11 പ്രകാരം 70% കുട്ടികൾ പഠന സംവിധാനങ്ങളുടെ കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ നിലവാരം ഉള്ളത് ഹൈസ്ക്കൂൾ വിഭാഗത്തിനാണ് (91%), എൽ.പി. 59%, യൂ.പി. 73%, എച്ച്,എസ്.എസ്. 80% എന്നിങ്ങനെയാണ് നിലവാരം സൂചിപ്പിക്കുന്നത്. ഏറ്റവും കുറവ് രേഖപ്പെടുത്തിയിരിക്കുന്നത് പ്രീപ്രൈമറി വിഭാഗ ത്തിനാണ് (35%).

ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും കുട്ടികളെ അവരുടെ സ്ഥാപന സംവി ധാന ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ പ്രീ പ്രൈമറി തലത്തിൽ ഗ്രാമ പ്രദേ ശത്ത് 37% പേർ മാത്രം ഉയർന്ന നിലവാരം പുലർത്തുമ്പോൾ നഗര പ്രദേശത്ത് 33% പേർ മാത്ര മാണ് ഉയർന്ന നിലവാരം പുലർത്തുന്നത് എൽ.പി തലം: ഗ്രാമം 63%, നഗരം 55%, യൂ.പി തലം ഗ്രാമം 82%, നഗരം 63%, ഹൈസ്ക്കൂൾ ഗ്രാമം 98%, നഗരം 83%, എച്ച്.എസ്.എസ്. ഗ്രാമം 68%, നഗരം 92%, വി.എച്ച്.എസ്.ഇ ഗ്രാമം 75%, നഗരം 67% എന്നിങ്ങനെയാണ് പഠന സംവിധാനങ്ങ ളുടെ ലഭ്യത സൂചിപ്പിക്കുന്നത്.

നഗര പ്രദേശത്തുള്ള കുട്ടികൾ (66%) സ്ഥാപന സംവിധാനങ്ങളുടെ കാര്യത്തിൽ ഗ്രാമ പ്രദേശ ത്തുള്ള കുട്ടികളേക്കാൾ (71%) പിന്നോക്കം നിൽക്കുന്നതായി പഠനം വ്യക്തമാക്കുന്നു. ചുവടെ യുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

സ്ഥാപന സംവിധാനങ്ങൾ ഗ്രാമം നഗരം താരതര്യം




ചിത്രം 4.11

### (v) പഠന സമ്പ്രദായവുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ പഠന സമ്പ്രാദയവുമായി ബന്ധപെട്ടുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി പഠനബോധന പ്രവർത്തനങ്ങൾക്കായി ലൈബ്രറിയേയും മൾട്ടീമീഡിയുടെ സാധ്യതകളെയും പരിഗണിച്ചു.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ എന്നീ വിഭാഗങ്ങളിലെ അധ്യാപകരിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ അധ്യാപകരുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.12 ൽ നൽകിയിരിക്കുന്നു.

| വിഭാഗം | ആകെ അധ്യാപകർ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 18 | 18 | 36 | 180 | 180 | 360 | 88 | 61 | 149 | 49 | 34 | 42 |
| 2 എൽ.പി | 18 | 18 | 36 | 180 | 180 | 360 | 122 | 110 | 232 | 68 | 61 | 64 |
| 3. യു.പി | 18 | 18 | 36 | 180 | 180 | 360 | 174 | 106 | 280 | 97 | 59 | 78 |
| 4. ഹൈസ്കൂൾ | 18 | 18 | 36 | 180 | 180 | 360 | 166 | 140 | 306 | 92 | 78 | 85 |
| 5. എച്ച്.എസ്.എസ് | 18 | 18 | 36 | 180 | 180 | 360 | 94 | 116 | 210 | 52 | 64 | 58 |
| 6. വി.എച്ച്.എസ്.ഈ | 18 | 18 | 36 | 180 | 180 | 360 | 93 | 89 | 182 | 52 | 49 | 51 |
| ശരാശരി | | | | | | | | | | 68 | 56 | 63 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 36 അധ്യാപകരിൽ നിന്ന് (ഗ്രാമം 18, നഗരം 18) വിവരങ്ങൾ ശേഖരിച്ചു. പഠന സമ്പ്രദായവുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ അധ്യാപകരുടെ ആകെ പ്രതികരണങ്ങൾ 360 ആണ്. ഇതിൽ 149 എണ്ണം (42%) പോസിറ്റീവ് പ്രതികരണങ്ങളും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതുപ്രകാരം 42% അധ്യാപകർ പ്രീപ്രൈമറി തലത്തിലെ കുട്ടികൾ പഠന സമ്പ്രാദായവുമായി ബന്ധപ്പെട്ട് ഉയർന്ന നിലവാരം പുലർത്തുന്നതായി അഭിപ്രായപ്പെട്ടു.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 360 ആണ്. ഇവിടുത്തെ പോസിറ്റീവ് പ്രതികരണം 232 (64%) ആണ്. യൂ.പി തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 360, പോസിറ്റീവ് പ്രതികരണം 280 (78%) ഹൈസ്ക്കൂൾ ആകെയുള്ള പ്രതികരണങ്ങൾ 360 ഇതിൽ പോസിറ്റീവ് പ്രതികരണം 306 (85%). എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ എന്നിവിടങ്ങളിൽ ആകെ പ്രതികരണങ്ങൾ 360 ഉം 360 ഉം ആണ്. ഇവിടുത്തെ പോസിറ്റീവ് പ്രതികരണങ്ങൾ യഥാക്രമം 210 (58%), 182 (51%) എന്നിങ്ങനെയാണ്.

### പഠന സമ്പ്രദായത്തിന്റെ വിലയിരുത്തൽ വിശകലനം


പട്ടിക 4.12 പ്രകാരം 63% കുട്ടികൾ പഠന സമ്പ്രദായത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ നിലവാരം പൂലർത്തുന്നത് ഹൈസ്ക്കൂൾ വിഭാഗമാണ് 306 (85%) എൽ.പി. 64%, യൂ.പി. 78%, എച്ച്.എസ്.എസ്. 58%, വി.എച്ച്.എസ്.ഇ 51%

എന്നിങ്ങനെയാണ് മറ്റുള്ള സ്കൂൾ വിഭാഗങ്ങളുടെ നിലവാരം സൂചിപ്പിക്കുന്നത്. ഏറ്റവും കുറവ് പഠന സമ്പ്രാദായത്തിൽ പിന്നോക്കം നിൽക്കുന്നത് പ്രീപ്രൈമറി വിഭാഗമാണ് 42%.

ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും കുട്ടികളെ അവരുടെ പഠന സമ്പ്രദയാത്തിന്റെ രീതിയനുസരിച്ച് പരിശോധിച്ചാൽ പ്രീപ്രൈമറിതലത്തിൽ ഗ്രാമ പ്രദേശത്ത് 49%, നഗരപ്രദേശത്ത് 34%, എന്നിങ്ങനെകാണാം. എൽ.പി തലം ഗ്രാമം - 68%, നഗരം 61%, യൂ,പി തലം: ഗ്രാമം 97%, നഗരം 59%, ഹൈസ്കൂൾ തലം ഗ്രാമം 92%, നഗരം 78%, എച്ച്.എസ്.എസ്. ഗ്രാമം 52%, നഗരം 64%, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലം ഗ്രാമം 52%, നഗരം 49% എന്നിങ്ങനെയാണ് പഠന സമ്പ്രദായത്തിന്റെ നിലവാരം സൂചിപ്പിക്കുന്നത്.

നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (56%) ഗ്രാമപ്രദേശത്തുള്ള കുട്ടികൾ (68%) പഠനസമ്പ്രാദായത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതായി പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**പഠന സമ്പ്രദായം ഗ്രാമം - നഗരം താരതമ്യം**




ചിത്രം 4.12

## C) രക്ഷിതാക്കളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ

### (i) സാമൂഹിക അവസ്ഥയുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ സാമൂഹികമായ അവസ്ഥ മനസ്സിലാക്കാൻ സ്വന്തമായ വീടും സ്ഥലവും, വീട്ടിലെ സൗകര്യങ്ങൾ, കുട്ടികൾക്കുള്ള പഠന സൗകര്യം, വീടില്ലാത്ത അവസ്ഥ, ലൈഫ് പദ്ധതി അംഗത്വം, ക്ഷേമനിധി അംഗത്വം, വിവിധ സംഘടനകളിലെ അംഗത്വം, സംഘടനകളുടെ തരം, പി.ടി.എ യോഗത്തിലെ പങ്കാളിത്തം, ഭാരവാഹിത്വം, അയൽക്കൂട്ടത്തിലെ അംഗത്വം, റസിഡൻസ് അസോസിയേഷന്റെ പ്രവർത്തനത്തിലുള്ള പങ്കാളിത്തം, കുട്ടികളുടെ പഠന നില അറിയിക്കുവാനുള്ള താല്പര്യം, സമൂഹത്തിൽ നിന്നുള്ള വിവേചനം, അവധി ദിനങ്ങളിൽ കുട്ടിയുടെ സമൂഹവുമായുള്ള ഇടപഴകൽ എന്നിവ പരിഗണിച്ചു.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ രക്ഷകർത്താകളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.13 ൽ നൽകിയിരിക്കുന്നു.

**4.13 സാമൂഹികാവസ്ഥയുമായി ബന്ധപ്പെട്ടുള്ള രക്ഷകർത്താക്കളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ.**

| വിഭാഗം | ആകെ അദ്ധ്യാപകർ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 86 | 86 | 172 | 860 | 860 | 1720 | 352 | 232 | 384 | 41 | 27 | 34 |
| 2 എൽ.പി | 85 | 84 | 169 | 850 | 840 | 1690 | 298 | 126 | 424 | 35 | 15 | 25 |
| 3. യു.പി | 84 | 84 | 168 | 840 | 840 | 1680 | 135 | 117 | 252 | 16 | 14 | 15 |
| 4. ഹൈസ്കൂൾ | 86 | 85 | 171 | 860 | 850 | 1710 | 172 | 221 | 393 | 20 | 26 | 23 |
| 5. എച്ച്.എസ്.എസ് | 86 | 87 | 173 | 860 | 870 | 1730 | 223 | 122 | 345 | 26 | 14 | 20 |
| 6. വി.എച്ച്.എസ്.ഈ | 86 | 86 | 172 | 860 | 860 | 1720 | 95 | 292 | 387 | 11 | 34 | 24 |
| ശരാശരി | | | | | | | | | | 25 | 22 | 24 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 172 രക്ഷകർത്താക്കളിൽ നിന്ന് ഗ്രാമം 86, നഗരം 86) വിവരങ്ങൾ ശേഖരിച്ചു. സാമൂഹികാവസ്ഥയുമായി ബന്ധപ്പെട്ട് വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ രക്ഷകർത്താക്കളുടെ ആകെ പ്രതികരണങ്ങൾ 1720 ആണ്. ഇതിൽ 584 പ്രതികരണങ്ങൾ (34% പോസീറ്റീവ് പ്രതികരണങ്ങൾ ആണ്. ബാക്കുയള്ളവ നെഗറ്റീവ് ആയിരുന്നു. അതു പ്രകാരം 34% രക്ഷകർത്താക്കൾ പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികൾ ഉയർന്ന് സാമൂഹിക നിലവാരം പുലർത്തുന്നതായി അഭിപ്രായപ്പെട്ടു.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 1690 പ്രതികരണങ്ങളിൽ, പോസീറ്റീവ് പ്രതികരണങ്ങൾ 424 (25%) ആണ്. യൂ.പി തലത്തിൽ ആകെ

പ്രതികരണങ്ങൾ 1680 ആണ്. ഇതിൽ പോസിറ്റീവ് പ്രതികരണങ്ങൾ 252 (15%) ഹൈസ്ക്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 1710 ഉം പോസിറ്റീവ് പ്രതികരണം 393 (23%) ഉം ആണ്. എച്ച്,.എസ്.എസ്, വി.എച്ച്,എസ്.ഇ എന്നിവിടങ്ങളിലെ ആകെ പ്രതികരണങ്ങൾ 1730 ഉം 1720 ഉം ആണ്. ഇവിടുത്തെ പോസിറ്റീവ് പ്രതികരണങ്ങൾ 345 (20%) ഉം 95 (24%) ആണ്.


**സാമൂഹിക മേഖലയുടെ വിലയിരുത്തൽ വിശകലനം**

പട്ടിക 4.13 പ്രകാരം 24% കുട്ടികൾ സാമൂഹികമായി ഉയർന്ന നിലവാരം പുലർത്തുന്നതായി മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ സാമൂഹികമായി ഉയർന്ന നിലവാരം പുലർത്തുന്നത് പ്രീപ്രൈമറി തലത്തിൽപ്പെട്ട കുട്ടികളാണ് (34%) എൽ.പി 25%, ഹൈസ്ക്കൂൾ 23%, വി.എച്ച്.എസ്.ഇ 24%, എച്ച്.എസ്.എസ് 20% എന്നിവയാണ്. ഇതിൽ ഏറ്റവും പിന്നിൽ സാമൂഹികമായി നിൽക്കുന്നത് യു.പി വിഭാഗമാണ് 252 (25%).

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലെയും കുട്ടികളെ അവരുടെ സാമൂഹിക സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രാമപ്രദേശത്ത് 41% വും നഗര പ്രദേശത്ത് 27% എന്നിങ്ങനെ കാണാം. എൽ.പി തലം. ഗ്രാമം 35%, നഗരം 15%, യു.പി തലം ഗ്രാമം 16% നഗരം 14%, എച്ച്.എസ്.എസ്. ഗ്രാമം 20% നഗരം 26%, എച്ച്.എസ്.എസ് ഗ്രാമം 26% നഗരം 14%, വി.എച്ച്.എസ്.ഇ ഗ്രാമം 11% നഗരം 34% എന്നിങ്ങനെയാണ് സാമൂഹിക സാഹചര്യത്തിന്റെ നിലവാരം സൂചിപ്പിക്കുന്നത്.

നഗര പ്രദേശത്തിലുള്ള കുട്ടികളേക്കാൾ (22%) നഗര പ്രദേശത്തെ കുട്ടികൾ (25%) സാമൂഹികമായി ഉയർന്ന നിലവാരം പുലർത്തുന്നുവെന്ന് പഠനം സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**സാമൂഹിക നിലവാര ഗ്രാമ - നഗര താരതമ്യം**




ചിത്രം 4.13

## ii) സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ

കുട്ടികളുടെ സാമ്പത്തികവസ്ഥ മനസ്സിലാക്കുന്നതിനായി വരുമാന മാർഗ്ഗം, ശരാശരി തൊഴിൽ, മാസവരുമാനം, വരുമാനത്തിലെ കൂടുതൽ/കുറവ് (സ്ത്രീ/പുരുഷൻ) ചെലവ് നിർവ്വഹിക്കുന്ന രീതി, സ്വന്തമായ മത്സ്യബന്ധനോപകരണം, ഉപകരണത്തിന്റെ ഇൻഷുറൻസ് സ്ഥിതി, സഹകരണ സംഘത്തിലെ അംഗത്വം, ബീച്ച് തല ലേലത്തിലെ പങ്കാളിത്തം, മത്സ്യഫെഡ് വായ്പ, കടം, കുട്ടികളുടെ വിദ്യാഭ്യാസ ചെലവ്, വിദ്യാഭ്യാസ വായ്പ, സ്കോളർഷിപ്പ്, മറ്റ് വിദ്യാഭ്യാസ അനുകൂല്യങ്ങൾ, റേഷൻകട വഴി കിട്ടുന്ന സൗജന്യ ഭക്ഷ്യധാന്യം, മതസാമൂദായിക സംഘടനകൾക്ക് നൽകുന്ന വിഹിതം, സമ്പാദ്യശീലം, ബാങ്ക് അക്കൗണ്ട്, അക്കൗണ്ട് ആരുടെ പേരിൽ മുതലായകാര്യങ്ങളാണ് പരിഗണിച്ചത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷൻ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.13 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.14 സാമ്പത്തികാവസ്ഥയുമായി ബന്ധപ്പെട്ട് രക്ഷകർത്താകളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ രക്ഷകർത്താക്കൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 112 | 114 | 226 | 1356 | 1370 | 2726 | 461 | 315 | 776 | 34 | 23 | 29 |
| 2 എൽ.പി | 113 | 115 | 228 | 1367 | 1382 | 2749 | 410 | 152 | 562 | 30 | 11 | 20 |
| 3. യു.പി | 113 | 109 | 222 | 1367 | 1309 | 2676 | 205 | 144 | 349 | 15 | 11 | 13 |
| 4. ഹൈസ്കൂൾ | 114 | 112 | 226 | 1363 | 1341 | 2704 | 259 | 295 | 554 | 19 | 22 | 21 |
| 5. എച്ച്.എസ്.എസ് | 112 | 124 | 236 | 1341 | 1492 | 2833 | 295 | 174 | 474 | 22 | 12 | 17 |
| 6. വി.എച്ച്.എസ്.ഇ | 112 | 112 | 224 | 1345 | 1345 | 2690 | 148 | 296 | 444 | 11 | 22 | 17 |
| ശരാശരി | | | | | | | | | | 22 | 17 | 20 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 226 രക്ഷകർത്താക്കളിൽ നിന്നും (ഗ്രാമം 112, നഗരം 114) വിവരങ്ങൾ ശേഖരിച്ചു. സാമ്പത്തികവസ്ഥയുമായി ബന്ധപ്പെട്ട് വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷകർത്താക്കളുടെ ആകെ പ്രതികരണങ്ങൾ 2726 ആണ്. ഇതിൽ 776 പ്രതികരണങ്ങൾ പോസിറ്റീവായതും ബാക്കുയുള്ളവ നെഗറ്റീവും ആയിരുന്നും. അതുപ്രകാരം 29% പീപ്രൈമറിതലത്തിലെ രക്ഷകർത്താക്കളാണ് സാമ്പത്തിക സാഹചര്യമുണ്ടെന്ന് പ്രതികരിച്ചത്.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 2749 പ്രതികരണങ്ങൾ 562 (20%) പ്രതികരണങ്ങൾ പോസിറ്റീവാണെന്ന് മനസ്സിലാക്കാം.

യൂ.പി തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 2676 ആണ്. ഇതിൽ 349 (13%) പ്രതികരണങ്ങൾ പോസിറ്റീവാണ്. ഹൈസ്ക്കൂൾ തലത്തിൽ 2704 പ്രതികരണങ്ങളിൽ 554 (21%) പ്രതികരണങ്ങൾ പോസിറ്റീവാണ്. എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ. എന്നീവിടങ്ങളിൽ യഥാക്രമം 2833, 2690 എന്നിങ്ങനെയാണ് ആകെ പ്രതികരണങ്ങൾ ഇടിടുത്തെ പോസറ്റീവ് പ്രതികരണങ്ങൾ 474 (17%), 444 (17%) എന്നിങ്ങനെയാണ്.


സാമ്പത്തികാവസ്ഥയുടെ വിലയിരുത്തൽ വശകലനം

പട്ടികയിൽ നിന്നും 20% കുട്ടികളുടെ മെച്ചപ്പെട്ട സാമ്പത്തിക സാഹചര്യമുണ്ടെന്ന് മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ സാമ്പത്തിക സാഹചര്യം ഉള്ള വിഭാഗം പ്രീപ്രൈമറിയാണ് (29%), എൽ.പി. (20%), ഹൈസ്ക്കൂൾ 21%, എച്ച്.എസ്.എസ് 17%, വിഎച്ച്.എസ്.ഇ 17% എന്നിങ്ങനെയാണ് സാമ്പത്തിക സാഹചര്യം രേഖപ്പെടുത്തിയരിക്കുന്നത്. ഇതിൽ ഏറ്റവും കുറവ് സാമ്പത്തിക സാഹചര്യം രേഖപ്പെടുത്തിയിരിക്കുന്നത് യൂ.പി (13%) വിഭാഗം രക്ഷകർത്താക്കൾക്കിടയിലാണ്.

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലെയും കുട്ടികളുടെ രക്ഷകർത്താക്കളെ പ്രതികരണങ്ങളെ അവരുടെ സാമ്പത്തികവ്യവസ്ഥയുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ നഗര പ്രദേശത്തെ 23% പേർ മാത്രം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നുവെങ്കിൽ ഗ്രാമ പ്രദേശത്തെ 34% പേർ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നു. എൽ.പി. ഗ്രാമം 30, നഗരം 11, യൂ.പി. ഗ്രാമം 15%, ഹൈസ്ക്കൂൾ ഗ്രാമം 19% നഗരം 22%, ഹയർ സെക്കണ്ടറി ഗ്രാമം 22%, നഗരം 12%, വൊക്കേഷണൽ ഹയർസെക്കണ്ടറി ഗ്രാമം 11%, നഗരം 22% എന്നിങ്ങനെയാണ് സാമ്പത്തികപരമായ നിലവാരം.

രക്ഷിതാക്കളുടെ അഭിപ്രായത്തിൽ ഗ്രാമപ്രദേശത്തുള്ള കുട്ടികളുടെ രക്ഷിതക്കാൾ നഗര് പ്രദേശത്തുള്ള കുട്ടികളേക്കാൾ സാമ്പത്തികമായി മുൻമ്പന്തിയിൽ നിൽക്കുന്നതായി പഠനത്തിലൂടെ സൂചിപ്പിക്കുന്നു. ചുവടെയുള്ള പൈഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**സാമ്പത്തിക സ്ഥിതി - ഗ്രാമം - നഗരം താരതമ്യം**




ചിത്രം 4.14

### (iii) സാംസ്ക്കാരിക മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ

കുട്ടികളുടെ സാംസ്ക്കാരികാവസ്ഥ വിലയിരുത്തന്നതിനായി രക്ഷകർത്താവിന്റെ വായനാ ശീലം, വായനാശാലാ അംഗത്വം, ഉത്സവഘോഷ പങ്കാളിത്തം, പത്രവായന, സോഷ്യൽ മീഡിയ ഉപയോഗം എന്നിവയാണ് പരിഗണിച്ചത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷൻ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നുമാണ് വിവിരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.15 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.15: സാംസ്ക്കാരിക മേഖലയുമായി ബന്ധപ്പെട്ട് രക്ഷകർത്താക്കളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ രക്ഷകർത്താക്കൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 101 | 101 | 202 | 603 | 604 | 1207 | 380 | 278 | 658 | 63 | 46 | 55 |
| 2 എൽ.പി | 99 | 98 | 197 | 595 | 589 | 1184 | 327 | 159 | 486 | 55 | 27 | 41 |
| 3. യു.പി | 100 | 101 | 201 | 600 | 605 | 1205 | 150 | 109 | 259 | 25 | 18 | 22 |
| 4. ഹൈസ്കൂൾ | 101 | 100 | 201 | 607 | 598 | 1205 | 176 | 239 | 415 | 29 | 40 | 35 |
| 5. എച്ച്.എസ്.എസ് | 100 | 98 | 198 | 598 | 587 | 1185 | 239 | 135 | 374 | 40 | 23 | 32 |
| 6. വി.എച്ച്.എസ്.ഇ | 100 | 100 | 200 | 600 | 600 | 1200 | 108 | 276 | 374 | 18 | 46 | 32 |
| ശരാശരി | | | | | | | | | | 38 | 33 | 36 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 202 രക്ഷകർത്താക്കളിൽ നിന്നും (ഗ്രാമം 101, നഗരം 101) വിവരങ്ങൾ ശേഖരിച്ചു. സാസംക്കാരിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷകർത്താക്കളുടെ ആകെ പ്രതികരണങ്ങൾ 1207 ആണ്. ഇതിൽ പോസിറ്റീവ് പ്രതികരണങ്ങൾ 658 ഉം ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതുപ്രകാരം 55% പ്രീപ്രൈമറി തലത്തിലെ രക്ഷകർത്താക്കൾ മികച്ച സാംസ്ക്കാരിക പങ്കാളിത്തം ഉറപ്പാക്കുന്നു എന്നാണ് പ്രതികരിച്ചത്.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ ആകെയുള്ള 1184 പ്രതികരണങ്ങളിൽ 486 (41%) പ്രതികരണങ്ങളും പോസിറ്റീവ് പ്രതികരണങ്ങളും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. യൂ.പി. തലത്തിൽ ആകെയുള്ള പ്രതികരണങ്ങൾ 1205 ഇതിൽ പോസീറ്റീവ് പ്രതികരണങ്ങൾ 259 (22%) ആണ്. ഹൈസ്ക്കൂൾ തലത്തിൽ ആകെയുള്ള പ്രതികണങ്ങൾ 1205 ഉം പോസിറ്റീവ് പ്രതികരണം 415 ഉം (35%) ആണ്. എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ. എന്നിവടങ്ങളിൽ യഥാക്രമം ആകെ പ്രതികരണങ്ങൾ 1185, 1200 എന്നിങ്ങനെയാണ്. ഇതിൽ പോസിറ്റീവ് പ്രതികരണങ്ങൾ 374 (32%), 374 ഉം (32%) ആണ്.


**സാംസ്ക്കാരികാവസ്ഥയുടെ വിലയിരുത്തൽ വിശകലനം**

പട്ടികയിൽ നിന്നും 36% കുട്ടികൾക്കും മെച്ചപ്പെട്ട സാംസ്ക്കാരിക സാഹചര്യമുണ്ടന്ന് മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ മെച്ചപ്പെട്ട സാഹചര്യമുള്ളത് പ്രീപ്രൈമറി വിഭാഗം രക്ഷകർത്താക്കൾക്കിടയിലാണ് (55%). എൽ.പി. 41%, ഹൈസ്ക്കൂൾ 35%, എച്ച്,എസ്.എസ്. 32%, വി.എച്ച്.എസ്.ഇ 32% എന്നിങ്ങനെയാണ്. ഏറ്റവും കുറവ് സാംസ്ക്കാരിക സാഹചര്യമുള്ളത് യൂപി വിഭാഗക്കാരുടെ രക്ഷകർത്താക്കൾക്കിടയിലാണ്.

ഗ്രാമ പ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലേയും കുട്ടികളുടെ രക്ഷകർത്താക്കളുടെ പ്രതികരണങ്ങൾ സാംസ്ക്കാരിക സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറിതലത്തിൽ ഗ്രാമ പ്രദേശത്തിലെ 63% രക്ഷകർത്താക്കളും നഗര പ്രദേശത്തെ 46% രക്ഷകർത്താക്കളും കുട്ടികൾ സാംസ്ക്കാരിക പങ്കാളിത്തം ഉറപ്പാക്കുന്നു എന്ന് മനസ്സിലാക്കാം. എൽ.പി ഗ്രാമം 55%, നഗരം 27%, യൂ.പി ഗ്രാമം 25% നഗരം 18%, ഹൈസ്ക്കൂൾ ഗ്രാമം 29%, നഗരം 40% എച്ച്.എസ്.എസ്. ഗ്രാമം 40%, നഗരം 23%, വി.എച്ച്,.എസ്.ഇ. ഗ്രാമം 18%, നഗരം 46% എന്നിങ്ങനെയാണ് രക്ഷകർത്താക്കളുടെ സാംസ്ക്കാരിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രതികരണങ്ങൾ.

നഗര പ്രദേശത്തുള്ള കുട്ടികൾ (33%) ഗ്രാമ പ്രദേശത്തുള്ള കുട്ടികളേക്കാളും (38%) സാംസ്ക്കാരികമായി പിന്നോക്കം നിൽക്കുന്നതായി രക്ഷിതാക്കളുടെ പ്രതികരണങ്ങൾ സൂചിപ്പിക്കുന്നു. ചുവടെ തന്നിരിക്കുന്ന പൈഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**സാംസ്കാരികാവസ്ഥ ഗ്രാമം – നഗരം താരതമ്യം**




ചിത്രം 4.15

### (iv) കായിക മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ കായിക സാഹചര്യം മനസ്സിലാക്കുന്നതിനായി വിദ്യാലയത്തിൽ കായിക വികസനത്തിനുള്ള പരിപാടികൾ സംഘടിപ്പിക്കൽ, മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ, കളിക്കാനുള്ള സൗകര്യങ്ങളുടെ ലഭ്യത അവ ഉപയോഗപ്പെടുത്തൽ, ഇഷ്ടവിനോതങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന മത്സരങ്ങളിലെ പങ്കാളിത്തം, ഗ്രാമത്തിലെ പ്രശസ്ത കളിക്കാരെക്കുറിച്ചുള്ള അറിവ് എന്നിവയാണ് പരിഗണിച്ചത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷൻ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.16 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.16 കായിക മേഖലയുമായി ബന്ധപ്പെട്ട രക്ഷകർത്താക്കളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ രക്ഷകർത്താക്കൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രാപ്രൈമറി | 71 | 69 | 140 | 393 | 347 | 700 | 173 | 111 | 284 | 49 | 32 | 41 |
| 2 എൽ.പി | 70 | 22 | 92 | 352 | 357 | 709 | 155 | 68 | 223 | 44 | 19 | 32 |
| 3. യു.പി | 70 | 69 | 139 | 350 | 347 | 697 | 84 | 59 | 143 | 24 | 17 | 21 |
| 4. ഹൈസ്കൂൾ | 70 | 70 | 140 | 352 | 348 | 700 | 81 | 122 | 203 | 23 | 35 | 29 |
| 5. എച്ച്.എസ്.എസ് | 70 | 69 | 139 | 348 | 345 | 693 | 115 | 69 | 184 | 33 | 20 | 27 |
| 6. വി.എച്ച്.എസ്.ഈ | 70 | 71 | 141 | 350 | 354 | 704 | 42 | 138 | 180 | 12 | 39 | 26 |
| ശരാശരി | | | | | | | | | | 31 | 27 | 29 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 140 സ്കൂളിൽ നിന്നും (ഗ്രാമം 71, നഗരം 69) വിവരങ്ങൾ ശേഖരിച്ചു. കായിക മേഖലയമായി ബന്ധപ്പെട്ട വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷകർത്താക്കളുടെ ആകെ പ്രതികരണങ്ങൾ 700 ആണ്. ഇതിൽ 284 എണ്ണം പോസിറ്റീവ് പ്രതികരണവും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. ഇതിൽ 41% പേർ മെച്ച പ്പെട്ട കായിക സാഹചര്യമുണ്ടെന്ന് അഭിപ്രായപ്പെട്ടു എൽ.പി തലത്തിൽ ഈ രീതിയലിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ ആകെ പ്രതികരണങ്ങൾ 709 ഉം പോസിറ്റീവ് പ്രതികരണങ്ങൾ 223 (32%) ഉം ആണ്. യൂ.പി തലത്തിൽ ആകെ പ്രതികരണങ്ങൾ 697 ഉം പോസിറ്റീവ് പ്രതികരണങ്ങൾ 143 (21%) ഉം ഹൈസ്ക്കൂൾ തലത്തിൽ ആകെ പ്രതികരണങ്ങൾ 700 ഉം പോസിറ്റീവ് പ്രതികരണങ്ങൾ 203 (29%) ഉം ആണ്. എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ എന്നിവിടങ്ങളിലെ ആകെ പ്രതികരണങ്ങൾ യഥാക്രമം 693 ഉം 704 ഉം ആണ്. ഇവിടുത്തെ പോസിറ്റീവ് പ്രതികരണങ്ങൾ 184 (27%), 180 (26%) എന്നിങ്ങനെയാണ്.


## കായിക മേഖലയുടെ വിലയിരുത്തൽ വിശകലനം

പട്ടിക 4.16 ൽ നിന്നും 29% കുട്ടികൾക്ക് മെച്ചപ്പെട്ട കായിക സാഹചര്യമുണ്ടെന്ന് മനസ്സിലാക്കാം. ഇതിൽ ഏറ്റവും കൂടുതൽ മെപ്പെപ്പെട്ട സാഹചര്യമുള്ളത് പ്രീപ്രൈമറി വിഭാഗക്കാർക്കിടയിലാണ്. 41%. എൽ.പി തലം 32%, ഹൈസ്കൂൾ 29%, ഹയർസെക്കണ്ടറി 27%, വി.എച്ച്.എസ്.ഇ. 26% എന്നിങ്ങനെയാണ്. ഏറ്റവും കുറവ് കായിക സാഹചര്യം നിലനിൽക്കുന്നത് യു.പി വിഭാഗക്കാർക്കിടയിലാണ് (21%).

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളുടെ രക്ഷിതാക്കളുടെ പ്രതികരണങ്ങൾ കായിക സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി തലത്തിൽ ഗ്രമപ്രദേശത്ത് 49%, നഗര പ്രദേശത്ത് 32% കായികപരമായ സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് വിലയിരുത്തുന്നു. എൽ.പി. തലം: ഗ്രാമം 44%, നഗരം 19%, യു.പി. തലം ഗ്രാമം 24%, നഗരം 17%, ഹൈസ്ക്കൂൾ ഗ്രാമം 23%, നഗരം 35%, ഹയർസെക്കണ്ടറി ഗ്രാമം 33%, നഗരം 20%, വൊക്കേഷൻ ഹയർ സെക്കണ്ടരി ഗ്രാമം 12%, നഗരം 39% എന്നിങ്ങനെയാണ് രക്ഷകർത്താകളും പ്രതികരണങ്ങൾ.

നഗര പ്രദേശത്തുള്ള കുട്ടികൾ (27%) ഗ്രാമപ്രദേശത്തുള്ള കുട്ടികളെക്കാളും (31%) കായിക വികസത്തിൽ പിന്നോക്കം നിൽക്കുന്നു എന്ന് രക്ഷിതാക്കളുടെ പ്രതികരമണങ്ങൾ സൂചിപ്പിക്കുന്നു. ചുവടെ തന്നിരിക്കുന്ന പൈഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**കായിക മേഖലയിലെ താരതമ്യ ഗ്രാമം – നഗരം**




ചിത്രം 4.16

## (v) ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട സ്ഥിതി സാഹചര്യം മനസ്സിലാക്കുന്നതിനായി പ്രതിരോധ കുത്തിവെയ്പ്പുകൾ, ചികിൽസാ രീതികൾ, ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങൾ, ഭക്ഷണ രീതി, വ്യക്തി ശൂചിത്വവും പരിസര ശുചിത്വവും ഉറപ്പുവരുത്താൻ അവലംബിക്കുന്ന മാർഗങ്ങൾ എന്നിവ പരിഗണിച്ചു.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷൻ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.17 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.17 ആരോഗ്യവുമായി ബന്ധപ്പെട്ട രക്ഷകർത്താക്കളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ**

| വിഭാഗം | ആകെ രക്ഷകർത്താക്കൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രാപ്രൈമറി | 100 | 100 | 200 | 598 | 594 | 1192 | 299 | 196 | 495 | 50 | 33 | 42 |
| 2 എൽ.പി | 100 | 100 | 200 | 605 | 594 | 1199 | 230 | 101 | 331 | 38 | 17 | 28 |
| 3. യു.പി | 97 | 98 | 195 | 583 | 593 | 1176 | 105 | 89 | 194 | 18 | 15 | 17 |
| 4. ഹൈസ്കൂൾ | 98 | 98 | 196 | 588 | 588 | 1176 | 153 | 159 | 312 | 26 | 27 | 27 |
| 5. എച്ച്.എസ്.എസ് | 99 | 97 | 196 | 593 | 582 | 1175 | 160 | 99 | 252 | 27 | 17 | 22 |
| 6. വി.എച്ച്.എസ്.ഈ | 100 | 100 | 200 | 615 | 606 | 1221 | 80 | 194 | 274 | 13 | 32 | 22 |
| ശരാശരി | | | | | | | | | | 29 | 24 | 26 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 200 രക്ഷകർത്താക്കളിൽ നിന്നും (ഗ്രാമം 100, നഗരം 100) വിവരങ്ങൾ ശേഖരിച്ചു. ആരോഗ്യവുമായി ബന്ധപ്പെട്ട നിരവധി സൂചകരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷകർത്താക്കളുടെ ആകെ പ്രതികരണങ്ങൾ 1192 ആണ്. ഇതിൽ 495 പ്രതികരണങ്ങൾ പോസിറ്റീവും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതുപ്രകാരം 42% രക്ഷിതാക്കൾ പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ രീതികൾ അവലംബിക്കുന്നതായി പ്രതികരിച്ചു.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി. തലത്തിൽ ആകെയുള്ള 1199 പ്രതികരണങ്ങളിൽ 331 (28%) പോസിറ്റീവ് പ്രതികരണങ്ങളും ബാക്കി നെഗറ്റീവ് പ്രതികരണങ്ങളുമാണ്. യൂ.പി തലത്തിൽ ആകെയുണ്ടായിരുന്ന 1176 പ്രതികരണങ്ങളിൽ 194 ഉം (17%) പോസിറ്റീവ് പ്രതികരണങ്ങളും ബാക്കിയുള്ളവ നെഗറ്റീവ് പ്രതികരമങ്ങളുമായിരുന്നു. ഹെസ്ക്കൂൾ തലത്തിൽ ആകെ 1176 പ്രതികരണങ്ങളിൽ പോസിറ്റീവ് പ്രതികരണങ്ങൾ 312 (27%) ഉം ബാക്കി നെഗറ്റീവ് പ്രതികരണങ്ങളുമായിരുന്നു. എച്ച്.എസ്.എസ്, വി.എച്ച്.എസ്. ഇ എന്നിവിടങ്ങളിൽ ആകെ പ്രതികരണങ്ങൾ യഥാക്രമം 1175 ഉം 1221 ഉം ആണ്. പോസിറ്റീവ് പ്രതികരണങ്ങൾ 252 (22%), 274 (22%) എന്നിങ്ങനെയായിരുന്നു.


**ആരോഗ്യ ശീലങ്ങളുടെ വിലയിരുത്തൽ വിശകലനം**

പട്ടികയിൽ നിന്നും 26 % കുട്ടികൾ മെച്ചപ്പെട്ട ആരോഗ്യ ശീലങ്ങൾ കാത്തു സൂക്ഷിക്കുന്നു വെന്ന് രക്ഷിതാക്കളുടെ പ്രതികരണത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. ഇക്കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് പ്രീപ്രൈമറി വിഭാഗമാണ്. എൽ.പി 28%, ഹൈസ്ക്കൂൾ 27%. എച്ച്.എസ്.എസ്. 22%, വി.എച്ച്.എസ്.ഇ 22% എന്നിങ്ങനെയാണ് വിവിധ വിഭാഗങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങളിലുള്ള നിലവാരം. ഇക്കാര്യത്തിൽ ഏറ്റവും വിന്നോക്കം നിൽക്കുന്ന വിഭാഗം യു.പി (17%) വിഭാഗമാണെന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം.

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളുടെ രക്ഷിതാക്കളുടെ പ്രതികര ണങ്ങൾ ആരോഗ്യ ശീലങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീമറി തലത്തിൽ 50%, ഉം നഗര പ്രദേശത്ത് 33% ഉം മെച്ചപ്പെട്ട അരോഗ്യ ശീലങ്ങൾ കാത്തു സൂക്ഷിക്കുന്നു. എൽ.പി. ഗ്രാമം, 38%, നഗരം 17%, യു.പി ഗ്രാമം 18%, നഗരം 15%, ഹൈസ്ക്കൂൾ ഗ്രാമം 26%, നഗരം 27%, എച്ച്.എസ്.എസ് ഗ്രാമം 27%, നഗരം 17%, വി.എച്ച്,.എസ്.ഇ. തലത്തിൽ ഗ്രാമം. 13%, നഗരം 32% എന്നിങ്ങനെയാണ് ആരോഗ്യ ശീലങ്ങളുടെ കാര്യത്തിലുള്ള കുട്ടികളുടെ നിലവാരം.

ഗ്രാമ പ്രദേശങ്ങളിലെ കുട്ടികൾ (29%) നഗര പ്രദേശത്തുള്ള കുട്ടികളേക്കാൾ (24%) കൂടുതൽ മെച്ചപ്പെട്ട ആരോഗ്യ ശീലങ്ങൾ/ നിലവാരം കാത്തു സൂക്ഷിക്കുന്നതായി പഠനം സൂചിപ്പിക്കു ന്നു. ചുവടെ തന്നിട്ടുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**ആരോഗ്യകാര്യങ്ങൾ ഗ്രാമം - നഗരം താരതമ്യം**




ചിത്രം 4.17

### (vi) സ്ഥാപന സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

കുട്ടികൾക്ക് ചുറ്റുമുള്ള സ്ഥാപന സംവിധാനങ്ങളുടെ ലഭ്യത മനസ്സിലാക്കുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലകളിലുള്ള സ്കൂൾ, ആശുപത്രി, ഓഫീസുകൾ, പൊതു സ്ഥാപനങ്ങൾ, സ്കൂളിൽ പ്രവർത്തിക്കുന്ന ക്ലാസ്മുറികൾ, ലാബ്, ലൈബ്രറി ബഞ്ച്, ഡെസ്ക്, ശൗചാലയങ്ങൾ, കളിസ്ഥലം, യാത്രാസൗകര്യം, ഉച്ചഭക്ഷണം, സമാർട്ട് മുറികൾ പോലെയുള്ള സൗകര്യങ്ങൾ മുതലായവയാണ് പരിഗണിച്ചത്.

ഗ്രാമം/നഗരത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രീപ്രൈമറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നുമാണ് വിവിരങ്ങൾ ശേഖരിച്ചത്. ഓരോ വിഭാഗത്തിൽ നിന്നും വിലയിരുത്തലിന് വിധേയമാക്കിയ കുട്ടികളുടെ എണ്ണം, ആകെ പ്രതികരണങ്ങൾ, ആകെ പോസിറ്റീവ് പ്രതികരണങ്ങൾ, അതിന്റെ ശതമാനം എന്നിവ ചുവടെ പട്ടിക 4.18 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.18 സ്ഥാപന സംവിധാനങ്ങളുമായി ബന്ധപ്പെട്ട് രക്ഷകർത്താക്കളുടെ പ്രതികരണങ്ങളുടെ വിലയിരുത്തൽ.**

| വിഭാഗം | ആകെ രക്ഷകർത്താക്കൾ | | | ആകെ പ്രതികരണങ്ങൾ | | | ആകെ പോസിറ്റീവ് പ്രതികരണങ്ങൾ | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1. പ്രീപ്രൈമറി | 46 | 46 | 92 | 601 | 602 | 1203 | 469 | 331 | 800 | 78 | 55 | 67 |
| 2 എൽ.പി | 46 | 46 | 92 | 602 | 600 | 1202 | 397 | 168 | 565 | 66 | 28 | 47 |
| 3. യു.പി | 46 | 46 | 92 | 600 | 695 | 1295 | 174 | 119 | 293 | 29 | 20 | 25 |
| 4. ഹൈസ്കൂൾ | 46 | 46 | 92 | 605 | 600 | 1205 | 212 | 270 | 482 | 35 | 45 | 40 |
| 5. എച്ച്.എസ്.എസ് | 46 | 46 | 92 | 605 | 607 | 1212 | 266 | 170 | 436 | 44 | 28 | 36 |
| 6. വി.എച്ച്.എസ്.ഈ | 46 | 46 | 92 | 514 | 600 | 1114 | 113 | 330 | 443 | 22 | 55 | 39 |
| ശരാശരി | | | | | | | | | | 46 | 39 | 42 |

പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെടുത്തി 92 രക്ഷകർത്താക്കളിൽ നിന്നും (ഗ്രാമം 46, നഗരം 46) വിവരങ്ങൾ ശേഖരിച്ചു. സ്ഥാപന സംവിധാനങ്ങളുമായി ബന്ധപ്പെട്ട നിരവധി സൂചകങ്ങളുടടെ അടിസ്ഥാനത്തിൽ രക്ഷകർത്താക്കളുടെ ആകെ പ്രതികരണങ്ങൾ 1203 ആണ്. ഇതിൽ 800 പ്രതികരണങ്ങൾ പോസിറ്റീവും ബാക്കിയുള്ളവ നെഗറ്റീവും ആയിരുന്നു. അതു പ്രകാരം 67% രക്ഷകർത്താക്കൾ പ്രീപ്രൈമറി വിഭാഗത്തിൽ മെച്ചപ്പെട്ട സ്ഥാപന സംവിധാനങ്ങൾ അന്ന് ഉള്ളത് എന്ന് പ്രതികരിച്ചു.

ഈ രീതിയിൽ പട്ടിക വിശകലനം ചെയ്യുമ്പോൾ എൽ.പി തലത്തിൽ 1202 പ്രതികരണങ്ങളിൽ 565 പ്രതികരണങ്ങൾ (47%) പോസിറ്റീവും ബാക്കിയുള്ളവ നെഗറ്റീവും ആണ്. യു.പി തലത്തിൽ ആകെയുള്ള 1295 പ്രതികരണങ്ങളിൽ 213 (25%) പ്രതികരണങ്ങൾ പോസിറ്റീവും ഹൈസ്ക്കൂൾ തലത്തിൽ 1205 പ്രതികരണങ്ങളിൽ 482 (40%) പ്രതികരണങ്ങൾ പോസിറ്റീവാണ്. ഹയർ സെക്കണ്ടറി തലത്തിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലും 1212, 1114 എന്നിങ്ങനെയാണ് ആകെ പ്രതികരണങ്ങൾ ഇവിടുത്തെ പോസിറ്റീവ് പ്രതിരണങ്ങൾ യഥാക്രമം 436 (36%), 443 (39%) എന്നിങ്ങനെയായിരുന്നു.


**സ്ഥാപന സംവിധാനങ്ങളുടെ വിലയിരുത്തൽ വിശകലനം**

പട്ടിക (4.17) ൽ നിന്നും 42% കുട്ടികൾക്കും മെച്ചപ്പെട്ട സ്ഥാപന സംവിധാനങ്ങൾ ലഭ്യമാണെന്ന് രക്ഷിതാക്കളുടെ പ്രതികരണത്തിൽ നിന്നും മാനസ്സിലാക്കാൻ സാധിക്കുന്നു. ഇക്കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് പ്രീപ്രൈമറി വിഭാഗമാണ് 67%, എൽ.പി. തലം 47, ഹൈസ്ക്കൂൾ 40%, ഹയർസെക്കണ്ടറി 36%, വൊക്കേഷണൽ ഹയർ സെക്കന്ററി 39%, എന്നിങ്ങനെയാണ് സ്ഥാപന സംവിധാനങ്ങളുടെ കാര്യത്തിൽ വിവിധ വിഭാഗക്കാരുടെ പ്രതികരണ നിലവാരം. ഇക്കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് യൂ.പി വിഭാഗമാണ് (25%).

ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും കുട്ടികളുടെ രക്ഷിതാക്കളുടെ പ്രതികരണങ്ങൾ സ്ഥാപന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പ്രീപ്രൈമറി വിഭാഗത്തിൽ ഗ്രാമ പ്രദേശത്ത് 78% ഉം നഗര പ്രദേശത്ത് 55% ഉം മെച്ചപെട്ട സ്ഥാപന സംവിധനങ്ങളുടെ ലഭ്യതയുണ്ടെന്ന് പ്രതികരിച്ചരിക്കുന്നു. എൽ.പി തലം ഗ്രാമം 66%, നഗരം 28%, യൂ.പി തലം ഗ്രാമം 29% നഗരം 20%, ഹൈസ്ക്കൂൾ വിഭാഗം ഗ്രാമം 35%, നഗരം 45%, എച്ച്,.എസ്.എസ് ഗ്രാമം 44% നഗരം 28%, വി.എച്ച്,.എസ്.ഇ ഗ്രാമം 22%, നഗരം 55% എന്നിങ്ങനെയാണ് സ്ഥാപന സംവിധാനങ്ങളുടെ കാര്യത്തിൽ രക്ഷിതാക്കളുടെ പ്രതികരണം.

ഗ്രാമ പ്രദേശങ്ങളിലെ കുട്ടികൾ (46%) നഗര പ്രദേശങ്ങളിലെ കുട്ടികളേക്കാൾ (39%) കൂടുതൽ സ്ഥാപന സംവിധാനങ്ങളുടെ കാര്യത്തിൽ സംതൃപ്തി അനുഭവിക്കുന്നതായി പഠനം വിലയിരുത്തുന്നു. ചുവടെ തന്നിട്ടുള്ള പൈ ഡയഗ്രം ഇത് വ്യക്തമാക്കുന്നു.

**സ്ഥാപന സംവിധാനങ്ങൾ ഗ്രാമം - നഗരം താരത്യം**




ചിത്രം. 4.18

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

### ഭൗതിക സാഹചര്യങ്ങൾ

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ

ഭൗതികസാഹചര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി ആകെ 79 (ഗ്രാമം 32, നഗരം 47) സ്കൂളുകൾ (പ്രീപ്രമറി മുതൽ എച്ച.എസ്.വി.എച്ച്.എസ്) സന്ദർശിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങളായ കളിസ്ഥലം, ശൗചാലയ സൗകര്യങ്ങൾ, സ്ത്രീ സൗഹൃദ ശൗചാലയങ്ങൾ, ഓഡിറ്റോറിയം/ഓപ്പൺ സ്റ്റേജ്, ചുറ്റുമതിൽ, കുടിവെള്ളം മുതലായവ പരിഗണിച്ചു. ഇവയുമായി ബന്ധപ്പെട്ടുള്ള വിവരശേഖരണമാണ് ചുവടെ പട്ടിക 4.19 ൽ നൽകിയിരിക്കുന്നത്.

**സ്കളുകളിലെ ഭൗതിക സാഹചര്യങ്ങൾ**

| ഭൗതിക സാഹചര്യങ്ങൾ | സ്കൂളുകൾ പ്രീപ്രൈമറി മുതൽ എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ വരെ) | | | | ആകെ | |
|---|---|---|---|---|---|---|
| | ഗ്രാമം | | പട്ടണം | | | |
| | എണ്ണം (32) | % | എണ്ണം (47) | % | എണ്ണം (79) | % |
| 1. കളിസ്ഥലം | 29 | 91 | 45 | 96 | 74 | 94 |
| 2. ശൗചാലയം | 31 | 97 | 46 | 98 | 77 | 97 |
| 3. സ്ത്രീ സൗഹൃദ ശൗചാലയം | 30 | 94 | 46 | 98 | 76 | 96 |
| 4. ഓഡിറ്റോറിയം | 28 | 87 | 45 | 96 | 73 | 92 |
| 5. ചുറ്റുമതിൽ | 17 | 53 | 32 | 68 | 49 | 62 |
| 6. കുടിവെള്ളം | 19 | 59 | 39 | 83 | 58 | 73 |
| **ആകെ** | | **80** | | **90** | | **86** |

*പട്ടിക 4.19*

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൗതികസാഹചര്യങ്ങളായ കളിസ്ഥലം, ശൗചാലയ സൗകര്യങ്ങൾ, സ്ത്രീ സൗഹൃദ ശൗചാലയങ്ങൾ, ഓഡിറ്റോറിയം/ഓപ്പൺ സ്റ്റേജ്, ചുറ്റുമതിൽ കുടിവെള്ളം എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിൽ പൊതുവായി 86% വിദ്യാലയങ്ങളും മികച്ച സൗകര്യങ്ങളുള്ളവയായി കണ്ടെത്തി.

74 സ്കൂളുകളിൽ സ്വന്തമായി കളിസ്ഥലവും, 77 സ്കൂളുകളിൽ ശൗചാലയ സൗകര്യങ്ങളുമുണ്ട്. 76 സ്കൂളുകളിലാണ് സ്ത്രീ സൗഹൃദ ശൗചാലയങ്ങളുള്ളത്. ഓഡിറ്റോറിയം/ഓപ്പൺ സ്റ്റേജ് സൗകര്യങ്ങൾ 73 സ്കൂളുകളിലുണ്ട്. 58 സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, 49 സ്കൂളുകളിൽ ചുറ്റുമതിൽ സൗകര്യവുമുള്ളതായി പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

ഗ്രാമീണ മേഖല പരിഗണിക്കുമ്പോൾ 29 സ്കൂളുകൾക്ക് സ്വന്തമായി കളിസ്ഥലവും, 31 സ്കൂളുകളിൽ ശൗചാലയ സൗകര്യങ്ങളുമുണ്ട്. സ്ത്രീസൗഹൃദ ശൗചാലയങ്ങളുള്ള സ്കൂളുകൾ 30 ആണ്. 28 സ്കൂളുകളിലാണ് ഓഡിറ്റോറിയം/ഓപ്പൺസ്റ്റേജ് സൗകര്യമുള്ളത്. 17 സ്കൂളുകളിൽ ചുറ്റുമതിൽ സൗകര്യവും, 19 സ്കൂളുകളിൽ കുടിവെള്ള സൗകര്യങ്ങളുമുള്ളതായി പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. മൊത്തത്തിൽ 80% ഭൗതിക സൗകര്യങ്ങളോടു കൂടിയാണ് ഗ്രാണീണ മേഖലയിലെ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്.

നഗരമേഖലയിൽ പഠനത്തിനുവിധേയമാക്കിയ 47 സ്കൂളുകളിൽ 45 സ്കൂളുകളിൽ സ്വന്തമായി കളിസ്ഥലവും, 46 സ്കൂളുകളിൽ ശൗചാലയ സൗകര്യങ്ങളുമുണ്ട്. സ്ത്രീ സൗഹൃദ ശൗചാലയങ്ങളുള്ളതും 46 സ്കൂളുകളിലാണ്. 45 സ്കൂളുകളിൽ ഓഡിറ്റോറിയം/ ഓപ്പൺ സ്റ്റേജ് സൗകര്യവും, 32 സ്കൂളുകളിൽ ചുറ്റുമതിൽ സൗകര്യവും ഉണ്ട്. 39 സ്കൂളുകളിൽ കുടിവെള്ള സൗകര്യവുമുള്ളതായി പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. മൊത്തത്തിൽ 90% ഭൗതിക സൗകര്യങ്ങളോടുകൂടിയാണ്. നഗരമേഖലയിലെ സ്കൂളുകൾ പ്രവർത്തിക്കുന്നത്.

ഗ്രാമീണ മേഖലയും നഗരമേഖലയും താരതമ്യം ചെയ്യുമ്പോൾ ഗ്രാമീണ മേഖലയെ(80%) അപേക്ഷിച്ച് നഗരമേഖലയിലെ (90%) സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ കൂടുതലാണ് എന്ന് മനസ്സിലാക്കാൻ കഴിയും.

## അക്കാദമികം

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന സ്കളുകളിലെ അക്കാദമിക കാര്യങ്ങൾ വിലയിരുത്തുന്നതിനായി

ഭൗതികസാഹചര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി ആകെ 79 (ഗ്രാമം 32, നഗരം 47) സ്കൂളുകൾ (പ്രീപ്രമറി മുതൽ എച്ച.എസ്.പി.എച്ച്.എസ്) സന്ദർശിച്ചു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക കാര്യങ്ങളായ (സ്കൂൾ ലൈബ്രറി, ജൈവ വൈവിധ്യ ഉദ്യാനം, കാർഷിക സംസ്കാരം വളർത്തുന്ന പ്രവർത്തനങ്ങൾ, ലാബ് സൗകര്യങ്ങൾ, വിനോദയാത്രകൾ എന്നിവയുമായി ബന്ധപ്പെട്ട വിവരശേഖരണം നടയത്തിയത് ചുവടെ പട്ടിക 4.20 ൽ കൊടുക്കുന്നു

**പട്ടിക 4.20 സ്കൂളുകളിലെ അക്കദമിക സൗകര്യങ്ങൾ**

| അക്കാദമികം | പ്രീപ്രൈമറി മുതൽ എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ വരെ) | | | | സ്കൂളുകൾ ആകെ | |
|---|---|---|---|---|---|---|
| | ഗ്രാമം | | പട്ടണം | | | |
| | എണ്ണം (32) | % | എണ്ണം (47) | % | എണ്ണം (79) | % |
| 1. സ്കൂൾ ലൈബ്രറി | 30 | 94 | 44 | 94 | 74 | 94 |
| 2. ജൈവ വൈവിധ്യ ഉദ്യാനം | 28 | 88 | 40 | 85 | 68 | 86 |
| 3. കാർഷിക സംസ്കാരം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | 31 | 97 | 39 | 83 | 70 | 89 |
| 4. ലാബ് സൗകര്യങ്ങൾ | 23 | 72 | 34 | 72 | 57 | 72 |
| 5. വിനോദയാത്രകൾ | 18 | 56 | 33 | 70 | 51 | 65 |
| **ആകെ** | | **81** | | **81** | | **81** |

*പട്ടിക 4.20*

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക കാര്യങ്ങളായ സ്കൂൾ ലൈബ്രറി, ജൈവ വൈവിധ്യ ഉദ്യാനം, കാർഷിക സംസ്കാരം വളർത്തുന്ന പ്രവർത്തനങ്ങൾ, ലാബ് സൗകര്യങ്ങൾ, വിനോദയാത്രകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചപ്പോൾ 81% വിദ്യാലയങ്ങളും മികച്ച അക്കാദമിക സൗകര്യങ്ങളുള്ളവയായി കണ്ടെത്തി.

പഠനം നടത്തിയ 79 സ്കൂളുകളിൽ 74 സ്കൂളുകളിൽ സ്കൂൾ ലൈബ്രറിയും, 68 സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനങ്ങളുമുള്ളതായി കണ്ടെത്തി. കാർഷിക സംസ്കാരം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ 70 സ്കൂളുകളിൽ കാണാൻ കഴിഞ്ഞു. ലാബ് സൗകര്യങ്ങളുള്ളത് 57 സ്കൂളുകളിലാണ്. 51 സ്കൂളുകളിൽ വിനോദയാത്രകൾ പോലെയുള്ളവ നടക്കാറുണ്ടെന്നും പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞു.

ഗ്രാമീണ മേഖല പരിഗണിക്കുമ്പോൾ ആകെയുള്ള 32 സ്കൂളുകളിൽ 30 സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങളും 28 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങളുമുണ്ട്. കാർഷിക സംസ്കാരം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ 31 സ്കൂളുകളിൽ കാണാൻ കഴിഞ്ഞു. 23 സ്കൂളുകളിലാണ് ലാബ് സൗകര്യങ്ങളുള്ളത്. 18 സ്കൂളുകളിൽ വിനോദയാത്ര പോലെയുള്ളവ നടത്താറുണ്ടെന്നും പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

നഗരമേഖലയിലെ സ്കൂളുകൾ പരിഗണിക്കുമ്പോൾ ആകെയുള്ള 47 സ്കളുകളിൽ 44 സ്കൂളുകളിൽ സ്കൂൾ ലൈബ്രറിയും, 40 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങളുമുണ്ട്. 39 സ്കൂളുകളിൽ കാർഷിക സംസ്കാരം വളർത്തുന്ന പ്രവർത്തനങ്ങൾ കാണാൻ കഴിഞ്ഞു. 34 സ്കൂളുകളിലാണ് ലാബ് സൗകര്യങ്ങളുള്ളത്. 33 സ്കൂളുകളിൽ വിനോദയാത്രകൾ പോലെയുള്ളവ നടത്താറുണ്ടെന്നും പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

ഗ്രാമീണ മേഖലയിൽ വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിലും കാർഷിക സംസ്കാരം വളർത്തുന്നതിലും യഥാക്രമം (56%, 97%) ആണെങ്കിൽ നഗരമേഖലയിൽ അത് യഥാക്രമം (70%, 83% ആണ്) എന്ന് കണ്ടെത്തിയിട്ടുണ്ട്.

## ഐ.റ്റി സാധ്യതകൾ

പരമ്പരഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ

സാമൂഹിക നിലവാരം മനസ്സിലാക്കുന്നതിനായി ആകെ 79 സ്കൂളുകൾ (ഗ്രാമം 32, നഗരം 47) പ്രീപ്രൈമറി മുതൽ എച്ച്.എസ്.എസ് / വി.എച്ച്.എസ്.ഇ വരെയുള്ള സ്കൂളുകൾ സന്ദർശിച്ചു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഐ.റ്റി പഠന സാഹചര്യങ്ങളായ (ഇന്റർനെറ്റ്, സ്മാർട്ട് ക്ലാസ്മുറികൾ) എന്നിവയുമായി ബന്ധപ്പെട്ടുള്ള വിവരശേഖരണം നടത്തിയത് ചുവടെ പട്ടികയിൽ (4.21) കൊടുത്തിരിക്കുന്ന പട്ടിക 4.21.

**ഐ.റ്റി. സാധ്യതകൾ സംബ്ധിച്ച വിശയങ്ങൾ**

| ഐ.റ്റി സാധ്യതകൾ | സ്കൂളുകൾ പ്രീപ്രൈമറി മുതൽ എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ വരെ) | | | | ആകെ | |
|---|---|---|---|---|---|---|
| | ഗ്രാമം | | പട്ടണം | | | |
| | എണ്ണം (32) | % | എണ്ണം (47) | % | എണ്ണം (79) | % |
| 1. ഇന്റർനെറ്റ് | 29 | 90 | 47 | 100 | 76 | 95 |
| 2. സ്മാർട്ട് ക്ലാസ്മുറികൾ | 18 | 56 | 32 | 68 | 49 | 62 |
| ആകെ | | 73 | | 84 | | 79 |

*പട്ടിക 4.21*

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇന്റർനെറ്റ്, സ്മാർട്ട് ക്ലാസ്മുറികൾ എന്നിവയുടെ വിവരങ്ങൾ ആകെ 79 വിദ്യാലയങ്ങളിൽ നിന്ന് ശേഖരിച്ചതിൽ

നിലവിൽ 76 (95%) വിദ്യാലയങ്ങളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. സ്മാർട്ട് ക്ലാസ് മുറികൾ നിലവിലുള്ള സ്കൂളുകൾ 49 (62%) ആണ്.

ഗ്രാമീണ മേഖലകളിൽ 32 സ്കൂളുകളിൽ 29 (90%) സ്കൂളുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. 18 (56%) സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് സൗകര്യങ്ങളുണ്ട്.

നഗരമേഖലയിൽ ആകെ വിവര ശേഖരിച്ച 47 സ്കൂളുകളിൽ എല്ലായിടത്തും (100%) സ്കൂളുകളിലും ഇന്റർനെറ്റ് സൗകര്യമുണ്ട്. ഇവിടെ സ്മാർട്ട് ക്ലാസ് സൗകര്യങ്ങൾ 68% സ്കൂളുകളിൽ ലഭ്യമാണ്.

നഗരമേഖലയെ (84%) അപേക്ഷിച്ച് ഗ്രാമമേഖലയിൽ (73%) ഐ.റ്റി. അധിഷ്ഠിത പഠന സാഹചര്യങ്ങൾ കുറവുള്ളതായി പഠനം തെളിയിക്കുന്നു.

## സാമൂഹികം

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ സമൂഹികമായ നിലവാരം വിലിയിരുത്തുന്നതിനായി സാമൂഹിക നിലവാരം മനസ്സിലാക്കുന്നതിനായി ആകെ 79 സ്കൂളുകൾ (ഗ്രാമം 32, നഗരം 47) പ്രീപ്രൈമറി മുതൽ എച്ച്.എസ്.എസ്./ വി.എച്ച്.എസ്.ഇ വരെയുള്ള സ്കൂളുകൾ സന്ദർശിച്ചു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എസ്.എം. സി/പി.ടി.എ, പൂർവ വിദ്യാർഥി സംഘടന, മികവുത്സവം സംഘടിപ്പിക്കൽ മുതലായവ പരിഗണിച്ചു. ഇതുമായി ബന്ധപ്പെട്ടുള്ള വിവരശേഖരണം ചുവടെ പട്ടിക 4.22 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.22 സാമൂഹിക വിവരങ്ങൾ**

| സാമൂഹികം | സ്കൂളുകൾ പ്രീപ്രൈമറി മുതൽ എച്ച്.എസ്.എസ്, വി.എച്ച്.എസ്.ഇ വരെ) | | | | ആകെ | |
|---|---|---|---|---|---|---|
| | ഗ്രാമം | | പട്ടണം | | | |
| | എണ്ണം (32) | % | എണ്ണം (47) | % | എണ്ണം (79) | % |
| 1. എസ്.എം,സി/പി.ടി.എ | 32 | 100 | 47 | 100 | 79 | 100 |
| 2. പൂർവ വിദ്യാർഥി സംഘടന | 21 | 66 | 32 | 68 | 53 | 67 |
| 3. മികവുത്സവം സംഘടിപ്പിക്കൽ | 24 | 75 | 41 | 87 | 65 | 82 |
| **ആകെ** | | **80** | | **85** | | **83** |

*പട്ടിക 4.22*

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സാമൂഹിക കാര്യങ്ങളായ എസ്.എം.സി/ പി.ടി.എ, പൂർവ വിദ്യാർഥി സംഘടന, മികവുത്സവം സംഘടിപ്പിക്കൽ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിൽ 83% വിദ്യാലയങ്ങളും സാമൂഹിക പങ്കാളിത്തത്തിൽ മുന്നിട്ടുനിൽക്കുന്നു.

ആകെ വിവരം ശേഖരിച്ച 79 സ്കൂളുകളിലും എസ്.എം,സി/പി.ടി.എ പ്രവർത്തനങ്ങൾ കാര്യക്ഷമമാണ്. പൂർവ വിദ്യാർഥി സംഘടനകൾ നിലവിലുള്ളത് 53 സ്കൂളുകളിലാണ്. 65 സ്കൂളുകളിൽ മികവുത്സവം സംഘടിപ്പിക്കൽ പോലെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

ഗ്രാമീണമേഖല പരിഗണിക്കുമ്പോൾ ആകെ പഠനം നിർവഗിച്ച 32 സ്കൂളുകളിലും (100%) എസ്.എം,സി/പി.ടി.എ പ്രവർത്തിക്കുന്നുണ്ട്. 21 സ്കൂളുകളിൽ പൂർവവിദ്യാർഥി സംഘടനകൾ നിലവിലുണ്ട്. മികവുത്സവം സംഘടിപ്പിക്കൽ പോലെയുള്ള പ്രവർത്തനങ്ങൾ 24 സ്കൂളുകളിൽ നടക്കുന്നുണ്ട് എന്നും പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

നഗരമേഖലയിൽ എസ്.എം,സി/പി.ടി.എ പഠനം നിർവഹിച്ച 47 സ്കൂളുകളിലും (100%) പ്രവർത്തനക്ഷമമാണ്. 32 സ്കൂളുകളിൽ പൂർവ വിദ്യാർഥി സംഘടനകൾ പ്രവർത്തിക്കുന്നതായും, 41 സ്കൂളുകളിൽ മികവുത്സവം സംഘടിപ്പിക്കൽ പോലെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും വ്യക്തമാണ്.

ഗ്രാമീണ മേഖലയെ (80%) അപേക്ഷിച്ച് നഗരമേഖലയിൽ (85%) സാമൂഹിക പങ്കാളിത്തം നല്ല രീതിയിലുണ്ടെന്ന് പഠനത്തിലൂടെ വ്യക്തമാകുന്നു.

## അച്ചീവ്മെന്റ് സ്റ്റഡി. വിശകലനം

### 1. പ്രീപ്രൈമറി തലത്തിലെ ആശയവിനിമയ വിലയിരുത്തൽ

## മൂല്യനിർണയം

ആകെ 242 (ഗ്രാമം 117, നഗരം 125) പ്രീപ്രൈമറി കുട്ടികളെയാണ് ആശയവിനിമയവുമായി ബന്ധപ്പെടുത്തി പഠനവിധയമാക്കിയത്.

ആശയ വിനിമയം – പ്രീപ്രൈമറി തലത്തിലെ കുട്ടികളുടെ വിലയിരുത്തുന്നതിനായി നടത്തിയ പഠന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളാണ് ചുവടെ പട്ടിക 4.23 ൽ തന്നിട്ടുള്ളത്.

**പട്ടിക 4. 23 പ്രീപ്രൈമറി – ആശയവിനിമയം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 86 | 74 | 89 | 71 | 175 | 72 |
| തൃപ്തികരം | 20 | 16 | 18 | 14 | 38 | 15 |
| ശരാശരി | 9 | 8 | 14 | 11 | 23 | 10 |
| വളരെ പിന്നോക്കം | 2 | 2 | 4 | 4 | 6 | 3 |
| ആകെ | **117** | **100** | **125** | **100** | **242** | **100** |

*പട്ടിക 4.23*

പ്രീപ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് ലളിതമായ കളികൾ നൽകി അവ എത്രമാത്രം മനസ്സിലാക്കി എന്ന നിരീക്ഷിക്കുകയുണ്ടായി. 72% കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നതായി കണ്ടെത്തുകയുണ്ടായി. 15% കുട്ടികൾ തൃപ്തികരമായ നിലവാരം പുലർത്തിയപ്പോൾ 10% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. എന്നാൽ 3% കുട്ടികൾ വളരെ പിന്നോട്ടാണെന്ന് പഠനം സൂചിപ്പിക്കുന്നു.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ 74% കുട്ടികൾ മികച്ച നിലവാരം പ്രകടിപ്പിക്കുന്നു എന്ന് കാണാം. 16% കുട്ടികൾ തൃപ്തികരമായ പ്രകടനം കാഴ്ച വയ്ക്കുമ്പോൾ 8% കുട്ടികൾ ശരാശരി നിലവാരത്തിലാണ്. 2% കുട്ടികൾ മാത്രമാണ് വളരെ പിന്നോക്കമായ നിലവാരം പ്രകടിപ്പിച്ചത്.

നഗരപ്രദേശങ്ങളിൽ 71% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 14% കുട്ടികൾ തൃപ്തികരമായ നിലവാരത്തിലും പ്രവർത്തിച്ചു. 11% കുട്ടികൾ ശരാശരി നിലവാരത്തിലാണ്. വളരെ പിന്നോക്കം പോയത് നഗരപ്രദേശങ്ങളിൽ 4% ആണ്.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ മികച്ച നിലവാരം പ്രകടിപ്പിക്കുന്നവരുടെ എണ്ണം ഏറെക്കുറെ തുല്യമാണെന്ന് കാണാം. എന്നാൽ വളരെ പിന്നോക്കം നിൽക്കുന്നതിൽ പട്ടണപ്രദേശത്തുള്ള കുട്ടികൾ കൂടുതലാണെന്ന് കാണാം.

### (ii) പ്രീപ്രൈമറി തലത്തിലെ കുട്ടികളുടെ പ്രകടനം വിലയിരുത്തൽ:

പ്രീപ്രൈമറി തലത്തിലെ കുട്ടികളെ പ്രകടനം വിലയിരുത്തലിന് വിധേയമാക്കി ആകെ 24 കുട്ടികൾ (ഗ്രാമം 117, നഗരം 125). ക്രോഡീകരിച്ച വിശദാംശങ്ങൾ ചുവടെ പട്ടിക 4.24 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.23 പ്രീപ്രൈമറി – ആശയവിനിമയം

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 86 | 74 | 89 | 71 | 175 | 72 |
| തൃപ്തികരം | 20 | 16 | 18 | 14 | 38 | 15 |
| ശരാശരി | 9 | 8 | 14 | 11 | 23 | 10 |
| വളരെ പിന്നാക്കം | 2 | 2 | 4 | 4 | 6 | 3 |
| ആകെ | **117** | **100** | **125** | **100** | **242** | **100** |

*പട്ടിക 4.24*

പ്രീപ്രൈമറിതലത്തിലെ കുട്ടികളുടെ പ്രകടനം വിലയിരുത്തുകയുണ്ടായി. 61% കുട്ടികൾ മികച്ച രീതിയിലുള്ള പ്രകടനങ്ങൾ നടത്തുന്നു എന്ന് പഠനം വ്യക്തമാക്കുന്നു. തൃപ്തികരമായ രീതിയിൽ പ്രകടനം നിർവഹിച്ചവർ 19% ആണ്. 16% പേർ ശരാശരി നിലവാരത്തിലാണ് പ്രകടനം നടത്തിയത്. 4% പേർക്ക് മാത്രമാണ് പ്രകടനം നടത്താൻ വൈഷമ്യം നേരിട്ടത്. ശാരീരികക്ഷമത കുറഞ്ഞതോ നേരിയ ബുദ്ധിമാന്ദ്യമോ അതിന് കാരണമാകാം.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട് പരിഗണിക്കുമ്പോൾ 66% കുട്ടികൾ മികച്ച രീതിയിൽ പ്രകടനം നിർവഹിച്ചു എന്ന് കാണാൻ സാധിക്കും. തൃപ്തികരമായി പ്രകടനം നടത്തിയവർ 18% വും ശരാശരി പ്രകടനം നടത്തിയവർ 13% വും ആണ്. 3% ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് പ്രകടനം നടത്താൻ തീരെ കഴിഞ്ഞില്ല. നഗരപ്രദേശങ്ങളിൽ 56% കുട്ടികൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞു. 20% കുട്ടികൾക്ക് തൃപ്തികരമായ നിലയിലും, 19% കുട്ടികൾ ശരാശരി നിലവാരത്തിലും പ്രകടനം നിർവഹിക്കുന്നു എന്ന് കാണാം. 5% കുട്ടികൾക്ക് പ്രകടനം നിർവഹിക്കുന്നതിന് തീരെ കഴിയുന്നില്ല എന്ന് കണ്ടെത്തുകയുണ്ടായി.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഗ്രാമപ്രദേശത്തെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കാര്യത്തിൽ മുന്നിലാണെന്ന് കാണാം. എന്നാൽ പ്രകടനം കാഴ്ചവയ്ക്കാൻ കഴിയാത്ത കുട്ടികൾ കൂടുതൽ നഗരത്തിലാണെന്ന് കാണാം.

### (iii) എൽ.പി തലത്തിലെ മലയാളം – വായനയുടെ വിലയിരുത്തൽ

എൽ.പി തലം വായനയുമായി ബന്ധപ്പെട്ട് ആകെ 258 കുട്ടികളെയാണ് പഠനം വിധേയമാക്കിയത്. (ഗ്രാമം 121, നഗരം 137) വായനയുമായി ബന്ധപ്പെട്ട വിലയിരുത്തൽ വിശദാംശം ചുവടെ പട്ടിക 4.25 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.25 എൽ.പി മലയാളം – വായന

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 53 | 43 | 44 | 32 | 97 | 38 |
| തൃപ്തികരം | 42 | 35 | 41 | 30 | 83 | 32 |
| ശരാശരി | 19 | 16 | 35 | 26 | 54 | 21 |
| വളരെ പിന്നോക്കം | 7 | 6 | 17 | 12 | 24 | 9 |
| ആകെ | **121** | **100** | **137** | **100** | **258** | **100** |

*പട്ടിക 4.25*

ലോവർ പ്രൈമറിതലത്തിൽ മലയാളം - വായനയുമായി ബന്ധപ്പെട്ട് 38% കുട്ടികൾ മികച്ച നില വാരം പുലർത്തി എന്ന് കണ്ടെത്താൻ സാധിക്കുന്നു. 32% കുട്ടികൾ തൃപ്തികരമായി വായന നിർവഹിച്ചപ്പോൾ 21% പേർ ശരാശരി നിലവാരത്തിലാണ് വായന നിർവഹിച്ചത്. 9% കുട്ടികൾ തീരെ വായിക്കാൻ കഴിയാത്തവരായി ഉണ്ട് എന്നത് പ്രത്യേകം ശ്രദ്ധപതിയേണ്ടകാര്യമാണ്.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 43% കുട്ടികൾ മലയാളം - വായന യിൽ മികച്ച നിലവാരം പുലർത്തി എന്ന് കാണാം. 35% കുട്ടികൾ തൃപ്തികരമായി വായിച്ചു. 16% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. 6% കുട്ടികൾക്ക് വായിക്കാൻ കഴിയുന്നില്ല.

നഗരപ്രദേശങ്ങളിൽ 32% കുട്ടികൾ മികച്ച നിലവാരം പുലർത്തിയപ്പോൾ 30% കുട്ടികൾ വായന യിൽ തൃപ്തികരമായ നിലവാരം പുലർത്തി. 26% കുട്ടികൾ ശരാശരി നിലവാരം പുലർത്തിയ പ്പോൾ 12% കുട്ടികൾക്ക് തീർത്തും വായിയ്ക്കുവാൻ കഴിയുന്നില്ല.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വായനയിൽ ഗ്രാമപ്രദേശങ്ങൾ അല്പം മുന്നിലാണെന്ന് കാണാം. എന്നാൽ വായന തീരെ കഴിയാത്ത കാര്യത്തിൽ പട്ടണത്തിലുള്ള കുട്ടികൾ കൂടുതലാണെന്ന് കാണാം.

### (iv) എൽ.പി തലം പരിസര പഠനം - വിലയിരുത്തൽ:

എൽ.പി തലം പരിസര പഠനവുമായി ബന്ധപ്പെടുത്തിയ ആകെ 258 കുട്ടികളെയാണ് (ഗ്രാമം 121, നഗരം 137) പഠന വിധേയമാക്കിയത്. അവരുടെ നിലവാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടിക 4.26 ൽ നൽകുന്നു.

**പട്ടിക 4.26 എൽ.പി – പരിസരപഠനം വിലയിരുത്തൽ**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 46 | 38 | 43 | 31 | 89 | 35 |
| തൃപ്തികരം | 30 | 25 | 31 | 23 | 61 | 24 |
| ശരാശരി | 19 | 15 | 19 | 14 | 38 | 15 |
| വളരെ പിന്നോക്കം | 26 | 22 | 44 | 32 | 70 | 26 |
| ആകെ | **121** | **100** | **137** | **100** | **258** | **100** |

*പട്ടിക 4.26*

ലോവർ പ്രൈമറി തലത്തിൽ പരിസരപഠനവുമായി ബന്ധപ്പെടുത്തി മികച്ച ധാരണയുള്ള കുട്ടി കൾ 35% ആണ്. 24% കുട്ടികൾ തൃപ്തികരമായ നിലവാരം പുലർത്തിയപ്പോൾ 15% കുട്ടികൾ ശരാശരി നിലവാരം കൈവരിക്കുകയുണ്ടായി. എന്നാൽ 26% കുട്ടികൾക്ക് പരസരപഠനവു മായി ബന്ധപ്പെട്ട് ശരിയായ ധാരണ കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് പഠനം തെളിയി ക്കുന്നു.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ 38% കുട്ടികൾ മികച്ച നിലവാര ത്തിൽ പരിസരപഠനം നിർവഹിക്കുന്നവരാണ്. തൃപ്തികരമായ രീതിയിൽ പരിസരപഠനം നിർവ ഹിക്കുന്നത് 25%വും, ശരാശരി നിലവാരം കൈവരിച്ചത് 15%വും ആണ്. ഗ്രാമീണ മേഖലയിൽ 22% കുട്ടികൾക്ക് പരിസരപഠനത്തിൽ ശരിയായ ധാരണ കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് കാണാം.

നഗരപ്രദേശങ്ങളിൽ 31% കുട്ടികൾ പരിസരപഠനത്തിൽ മികച്ചനിലവാരം കൈവരിക്കുന്നവരാ ണ്. 23% പേർ തൃപ്തികരമായ നിലയിലും 14% പേർ ശരാശരി നിലവാരത്തിലുമാണ് പരിസര

പഠനം നിർവഹിക്കുന്നത്. എന്നാൽ വളരെ പിന്നോക്കം നിൽക്കുന്നവർ 32% ആണെന്ന് കാണാം.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ മികച്ച നിലവാരം പുലർത്തുന്നവർ ഗ്രാമ പ്രദേശങ്ങളിൽ കൂടുതലാണ്. എന്നാൽ പരിസരപഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന വർ പട്ടണപ്രദേശങ്ങളിൽ വളരെ കൂടുതലാണെന്ന് കാണാം.

### (v) എൽ.പി മലയാളം - ഭാഷണം:

എൽ.പി തലത്തിൽ പഠനവിധേയമാക്കിയത് 258 കുട്ടികളെയാണ്. (ഗ്രാമം 121, പട്ടണം 137) ഭാഷണവമായി ബന്ധപ്പെട്ട വിലയിരുത്തലിന്റെ വിശദാംശങ്ങൾ പട്ടിക 4.27 ൽ നൽകിയിരിക്കു ന്നു.

**പട്ടിക 4.27 എൽ.പി : മലയാളം - ഭാഷണം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 31 | 26 | 37 | 27 | 68 | 26 |
| തൃപ്തികരം | 50 | 40 | 43 | 32 | 93 | 36 |
| ശരാശരി | 14 | 12 | 37 | 27 | 51 | 20 |
| വളരെ പിന്നാക്കം | 26 | 22 | 20 | 14 | 46 | 18 |
| ആകെ | **121** | **100** | **137** | **100** | **258** | **100** |

*പട്ടിക 4.27*

ലോവർ പ്രൈമറിതലത്തിൽ മലയാളം ഭാഷണത്തിൽ 26% കുട്ടികൾ മികച്ച നിലവാരം പുലർത്തു ന്നു. തൃപ്തികരമായി മലയാളം സംസാരിക്കുന്നവർ 36% കുട്ടികളാണ്. 20% കുട്ടികൾ ശരാശരി ഭാഷണനിലവാരം പുലർത്തുമ്പോൾ 18% കുട്ടികൾ വളരെ പിന്നാക്കമാണ്.

ഗ്രാമീണ മേഖലയിൽ 26% കുട്ടികൾ മലയാള ഭാഷണത്തിൽ മികച്ച നിലവാരം പുലർത്തുന്നു. 40% കുട്ടികൾ തൃപ്തികരമായി ഭാഷണത്തിലേർപ്പെടുന്നു. 12% കുട്ടികൾ ശരാശരി നിലവാര ത്തിലാണ്. 22% കുട്ടികൾ ഗ്രാമീണ മേഖലയിൽ ഭാഷണത്തിൽ വളരെ പിന്നാക്കമാണ്.

നഗരപ്രദേശങ്ങളിൽ മലയാളം ഭാഷണത്തിൽ 27% കുട്ടികൾ മികച്ച നിലവാരത്തിലാണ്. 32% കുട്ടികൾ തൃപ്തികരമായ നിലവാരത്തിലും 27% കുട്ടികൾ ശരാശരി നിലവാരത്തിലുമാണ്. 14% കുട്ടികൾ വളരെ പിന്നോക്കവുമാണ്.

നഗരവും ഗ്രാമവും താരതമ്യം ചെയ്യുമ്പോൾ ഗ്രാമ-നഗര അന്തരം കുറവാണെങ്കിലും ഗ്രാമപ്ര ദേശങ്ങളിലാണ് ഭാഷണത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾ കൂടുതൽ എന്നു കാണാം.

### (vi) എൽ.പി തലം - ഗണിതം - സംഖ്യാ ബോധം

ലോവർ പ്രൈമറി തലത്തിൽ ഗണിതവുമായി ബന്ധപ്പെടുത്തി 178 കുട്ടികളെയാണ് വിലയിരു ത്തിന് വിധേയമാക്കിയത്. ഇതിൽ 81 പേർ ഗ്രാമപ്രദേശത്തും 97 പേർ നഗര പ്രദേശത്തും ഉള്ള ന്നുണ്. വിശദാംശങ്ങൾ പട്ടിക 4.28 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.28 ഗണിതം : സംഖ്യാബോധം (എൽ.പി തലം)**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 34 | 42 | 23 | 24 | 57 | 33 |
| തൃപ്തികരം | 22 | 27 | 15 | 15 | 37 | 21 |
| ശരാശരി | 13 | 16 | 32 | 33 | 45 | 24 |
| വളരെ പിന്നാക്കം | 12 | 15 | 27 | 28 | 39 | 22 |
| ആകെ | **81** | **100** | **97** | **100** | **178** | **100** |

*പട്ടിക 4.28*

ലോവർ പ്രൈമറിതലത്തിൽ ഗണിതത്തിൽ 33% കുട്ടികൾക്ക് മികച്ച നിലവാരത്തിൽ സംഖ്യാ ബോധമുണ്ട്. 21% കുട്ടികൾക്ക് തൃപ്തികരമായ വിധത്തിൽ സംഖ്യാബോധമുണ്ട്. 24% കുട്ടികൾ ശരാശരിനിലവാരത്തിലാണ്. 22% കുട്ടികൾ സംഖ്യാബോധത്തിൽ വളരെ പിന്നാക്കമാണ്.

ഗ്രാമീണ മേഖലയിൽ 42% കുട്ടികൾ മികച്ചനിലവാരത്തിൽ സംഖ്യാബോധനമുള്ളവരാണ്. 27% കുട്ടികൾക്ക് തൃപ്തികരമായ രീതിയിൽ സംഖ്യാബോധമുണ്ട്. 16% കുട്ടികൾ ഈ രംഗത്ത് ശരാ ശരി നിലവാരത്തിലാണ്. എന്നാൽ 15% കുട്ടികൾ ഈ രംഗത്ത് വളരെ പിന്നാക്കമാണ്.

പട്ടണത്തിലെ കുട്ടികളിൽ 24% കുട്ടികൾക്ക് മാത്രമാണ് മികച്ച നിലവാരത്തിൽ സംഖ്യാബോധ മുള്ളത്. തൃപ്തികരമായ നിലവാരത്തിൽ 15% കുട്ടികളുണ്ട്. 33% കുട്ടികൾ ശരാശരി നിലവാര ത്തിലാണ്. നഗരപ്രദേശത്ത് 28% കുട്ടികൾക്ക് സംഖ്യാബോധം വേണ്ടത്ര നേടാൻ കഴിഞ്ഞി ട്ടില്ല.

സംഖ്യാബോധത്തിൽ നഗരപ്രദേശത്തുള്ള കുട്ടികൾ ഗ്രാമീണരേക്കാൾ ഏറെ പിന്നിലാണ്.

### (vii) യു.പി. തലം – മലയാളം – വായന:

യു.പി തലം മലയാളം – വായന വിലയിരുത്തലിൽ ആകെ 223 കുട്ടികലെ (ഗ്രാമം 98, പട്ടണം 125) യാണ് പഠന വിധേയമാക്കിയത്. വിലയിരുത്തലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പട്ടിക 4.29 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.29 യു.പി: മലയാളം – വായന**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 39 | 40 | 27 | 20 | 66 | 30 |
| തൃപ്തികരം | 18 | 18 | 58 | 46 | 76 | 33 |
| ശരാശരി | 25 | 26 | 34 | 25 | 59 | 25 |
| വളരെ പിന്നോക്കം | 16 | 16 | 6 | 9 | 22 | 12 |
| ആകെ | **98** | **100** | **125** | **100** | **223** | **100** |

*പട്ടിക 4.29*

മലയാളം വായനയുമായി ബന്ധപ്പെടുത്തി അപ്പർ പ്രൈമറിതലത്തിലെ കുട്ടികളിൽ 30% പേർ മികച്ച നിലവാരം പുലർത്തുന്നു. തൃപ്തികരമായ നിലവാരം പുലർത്തുന്നവർ 33%വും ശരാ ശരി നിലവാരം പുലർത്തുന്നവർ 25%വും ആണ്. എന്നാൽ 12% കുട്ടികൾക്ക് മലയാളം വായന

അപ്പർ പ്രൈമറിതലത്തിലെത്തിയിട്ടും ശരിയായ രീതിയിൽ നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ അപ്പർപ്രൈമറിതലത്തിലെ കുട്ടികളിൽ 40% പേർ വളരെ മികച്ച നിലവാരം പുലർത്തി. 18% പേർ തൃപ്തികരമായ വിഭാഗ ത്തിൽ ഉൾപ്പെടുന്നു. 26% പേർ ശരാശരി നിലവാരം പുലർത്തുമ്പോൾ 16% പേർ വായനയുടെ കാര്യത്തിൽ വളരെ പിന്നോക്കാവസ്ഥയിലാണ്.

അർബൻ മേഖലയിൽ നിന്നുള്ള അപ്പർപ്രൈമറി കുട്ടികളിൽ 20% പേർ മാത്രമേ ഉയർന്ന വായ നാശേഷി ഉള്ളവരായി കാണുന്നുള്ളു. 46% പേർ തൃപ്തികരമായി വായിക്കാൻ അറിയാവുന്ന വിഭാഗത്തിൽ ഉള്ളവരാണ്. 25% പേർ ശരാശരിനിലവാരത്തിൽ ഉള്ളവരും 9% പേർ ഒട്ടും വായി ക്കാൻ അറിഞ്ഞുകൂടാത്തവരും ആണ്.

മേഖലകൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വായനയിൽ മികച്ച വായനാനിലവാരം പുലർത്തു ന്നത് ഗ്രാമീണ മേഖലയിൽ ഉള്ള കുട്ടികളാണ്. ഒട്ടും തന്നെ വായിക്കാൻ കഴിയാത്ത കുട്ടികളും ഗ്രാമപ്രദേശത്താണ് കൂടുതലായി കാണപ്പെടുന്നത്.

### (viii) യു.പി. തലം - മലയാളം - ചർച്ച സംവാദം

യു.പി തലം മലയാളം ചർച്ച് - സംവാദവുമായി ബന്ധപ്പെടുത്തി 158 കുട്ടികളെയാണ് വിലയി രുത്തലിന് വിധയമാക്കിയത്. ഇതിൽ 78 കുട്ടികൾ ഗ്രാമ പ്രദേശത്തും 80 കുട്ടികൾ പട്ടണ പ്രദേ ശത്തു പെടുന്നവരാണ്. വിലയിരുത്തൽ വിശദാംശങ്ങൾ പട്ടിക 4.30 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.30 ചർച്ച – സംവാദം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 19 | 24 | 14 | 18 | 33 | 21 |
| തൃപ്തികരം | 28 | 36 | 29 | 36 | 57 | 36 |
| ശരാശരി | 14 | 18 | 16 | 20 | 30 | 19 |
| വളരെ പിന്നാക്കം | 17 | 22 | 21 | 26 | 38 | 24 |
| **ആകെ** | **78** | **100** | **80** | **100** | **158** | **100** |

*പട്ടിക 4.30*

അപ്പർപ്രൈമറിതലത്തിലെ കുട്ടികളിൽ 21% കുട്ടികൾ ചർച്ചയിലും സംവാദത്തിലും മികച്ച നില വാരം പുലർത്തുകയുണ്ടായി. 36% കുട്ടികൾ തൃപ്തികരമായ രീതിയിലാണ് സംവാദത്തിൽ പങ്കെടുത്തത്. 19% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. 24% കുട്ടികൾ പിൻവലിഞ്ഞു നിൽക്കുന്നതാണ് കാണാൻ കഴിഞ്ഞത്.

ഗ്രാമീണമേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 24% കുട്ടികൾ ചർച്ചയിലും സംവാദ ത്തിലും വളരെ സജീവമായി പങ്കെടുത്തതായി കണക്കുകൾ സൂചിപ്പിക്കുന്നു. 36% കുട്ടികൾ നല്ല പ്രതികരണമായിരുന്നു കാഴ്ചവച്ചത്. 18% കുട്ടികൾ ശരാശരി പങ്കാളിത്തം ഉണ്ടായിരുന്നു. 22% കുട്ടികൾ ഇവയിൽ നിന്ന് ഒഴിഞ്ഞ് മാറി നിന്നു.

അർബൻ ഏരിയയിൽ നിന്ന് 18% കുട്ടികൾ മാത്രമേ ഇവയിൽ നല്ല പ്രകടനം കാഴ്ചവച്ച് കാണു ന്നുള്ളു. ഇവിടെയും 36% കുട്ടികളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. 20% കുട്ടികൾ ചെറിയ രീതിയിൽ മാത്രമേ ഇടപെട്ടുള്ളൂ. 26% കുട്ടികൾ പിൻവാങ്ങി നിന്നു.

യു.പി വിഭാഗത്തിൽ ചർച്ചയിലും സംവാദത്തിലും റൂറൽ വിഭാഗത്തിലുമുള്ള കുട്ടികൾ ആണ് അർബൻ വിഭാഗത്തിലുള്ളവരെക്കാൾ മുൻപന്തിയിൽ നിൽക്കുന്നത്. ഇവയിലുള്ള പങ്കാളിത്ത

ത്തിൽ ഒരേ പോലുള്ള പങ്കാളിത്തം ആയിരുന്നു. ഈ വിഭാഗത്തിൽ പിൻവലിഞ്ഞു നിൽക്കുന്ന കുട്ടികളിൽ കൂടുതൽ കാണുന്നത് പട്ടണമേഖലകളിലാണ്.

### (ix) യു.പി. തലം - ഗണിതം വിലയിരുത്തൽ:

യൂ.പി തലം ഗണിതത്തിന്റെ വിലയിരുത്തലിൽ 203 കുട്ടികളെ (ഗ്രാമം 78, നഗരം 125) യാണ് പഠന വിധേയമാക്കിയത്. കുട്ടികളുടെ മികവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ പട്ടിക (4.31) യിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.31 ഗണിതം - യൂ പി**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 29 | 37 | 20 | 16 | 49 | 24 |
| തൃപ്തികരം | 23 | 30 | 44 | 40 | 67 | 33 |
| ശരാശരി | 19 | 24 | 30 | 24 | 49 | 24 |
| വളരെ പിന്നാക്കം | 7 | 9 | 31 | 20 | 38 | 19 |
| **ആകെ** | **78** | **100** | **125** | **100** | **203** | **100** |

*പട്ടിക 4.31*

അപ്പർപ്രൈമറി തലത്തിലെ കുട്ടികളുടെ ഗണിതമികവുമായി ബന്ധപ്പെടുത്തി 24% കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു എന്ന് കണ്ടെത്താൻ സാധിച്ചു. 33% കുട്ടികൾ ഗണിതത്തിൽ തൃപ്തികരമായ പ്രകടനം കാഴ്ച വയ്ക്കുമ്പോൾ 24% കുട്ടികൾ ശരാശരി നിലവാരം പുലർത്തുന്നവരാണ്. 19% കുട്ടികൾ ഗണിതത്തിൽ ഏറെപിന്നാക്കമാണ്. ഇത് പ്രത്യേക പരിഗണന അർഹിക്കുന്ന കാര്യമാണ്.
ഗ്രാമീണ മേഖലയിലുള്ള കുട്ടികളിൽ 37% കുട്ടികൾ ഗണിതത്തിൽ വളരെ മുന്നിൽ നില്ക്കുന്നു. 30% കുട്ടികൾ സാമാന്യമായ കാര്യങ്ങളെ കുറിച്ച് തൃപ്തികരമായ അവബോധം ഉള്ളവരാണ്. 24% കുട്ടികൾ ശരാശരി നിലവാരത്തിൽ ഉള്ളവരാണ്. 9% കുട്ടികൾ ഗണിതത്തിൽ വളരെ പിന്നിലാണ്.

നഗരമേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 16% കുട്ടികൾ ഗണിതത്തിൽ നല്ല അവബോധം ഉള്ളവരാണ്. 40% കുട്ടികൾ തൃപ്തികരമായ നിലവാരത്തിൽ ഉള്ളവരും 24% പേർ ശരാശരി വിഭാഗത്തിൽ ഉള്ളവരുമാണ്. 20% കുട്ടികൾ അടിസ്ഥാനജ്ഞാനം പോലും ഇല്ലാത്തവരാണെന്ന് കാണാം.

പൊതുവെ നോക്കുമ്പോൾ ഗണിതത്തിൽ ഉയർന്ന നിലവാരത്തിൽ കൂടുതൽ കുട്ടികൾ ഗ്രാമ പ്രദേശത്ത് നിന്നുള്ളവരാണെന്ന് കാണാം. സാമാന്യമായി അറിവുള്ള കുട്ടികൾ കൂടുതൽ ഉള്ളത് അർബൻ വിഭാഗത്തിൽ നിന്നുള്ളവരാണ്. ഗണിതത്തിൽ പിന്നാക്കാവസ്ഥയിൽ നിൽക്കുന്നതും കൂടുതൽ അർബൻ വിഭാഗത്തിലുള്ള കുട്ടികളാണ്.

### (x) യു.പി - ഇംഗ്ലീഷ് വായന വിലിയരുത്തൽ

യു.പി തലം ഇംഗ്ലീഷ് വായനയുമായി ബന്ധപ്പെടുത്തി 175 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇതിൽ 95 കുട്ടികൾ ഗ്രാമ പ്രദേശത്തും 80 കുട്ടികൾ നഗര പ്രദേശത്തും ഉൾപ്പെടുത്താണ്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പട്ടിക 4.32 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.32 ഇംഗ്ലീഷ് വായന (യു. പി)**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 21 | 22 | 18 | 22 | 39 | 22 |
| തൃപ്തികരം | 34 | 36 | 31 | 39 | 65 | 37 |
| ശരാശരി | 30 | 32 | 19 | 24 | 49 | 28 |
| വളരെ പിന്നോക്കം | 10 | 10 | 12 | 15 | 22 | 13 |
| ആകെ | **95** | **100** | **80** | **100** | **175** | **100** |

*പട്ടിക 4.32*

പട്ടിക പരിശോധിച്ചാൽ അപ്പർപ്രൈമറിതലത്തിൽ ഇംഗ്ലീഷ് മികച്ച നിലവാരത്തിൽ വായിക്കാൻ 22% പേർക്ക് കഴിയും എന്ന് കാണാം. 37% പേർ തൃപ്തികരമായി വായിക്കുമ്പോൾ 28% കുട്ടികൾ ശരാശരി നിലവാരത്തിൽ വായിക്കുന്നവരാണ്. ഇംഗ്ലീഷ് ഒട്ടും വായിക്കാൻ കഴിയാത്ത 13% കുട്ടികൾ അപ്പർപ്രൈമറിതലത്തിലുണ്ടെന്നത് പ്രത്യേക പരിഗണന അർഹിക്കുന്ന കാര്യമാണ്.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾ 22%മാണ്. 36% കുട്ടികൾ തൃപ്തികരമായി ഇംഗ്ലീഷ് വായിക്കുമ്പോൾ ശരാശരി നിലവാരത്തിലുള്ളത് 32% പേർ ആണ്. 10% ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് ഇംഗ്ലീഷ് വായിക്കാൻ കഴിയുന്നതേ ഇല്ല.

പട്ടണത്തിൽ 22% കുട്ടികൾക്ക് മികച്ച നിലവാരത്തിൽ ഇംഗ്ലീഷ് വായിക്കാൻ സാധിക്കുന്നു. തൃപ്തികരമായി വായിക്കുന്നവർ 39%മാണ്. ശരാശരി നിലവാരത്തിലുള്ളത് 24% കുട്ടികളാണ്. ഇംഗ്ലീഷ് വായിക്കാൻ അറിയാത്തവർ നഗരപ്രദേശങ്ങളിലും 15% തന്നെയാണ്.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ പട്ടണപ്രദേശത്തെ കുട്ടികൾക്ക് ഇംഗ്ലീഷ് വായനയിൽ ഗ്രാമ പ്രദേശവുമായി വലിയ വ്യത്യാസമില്ല എന്ന് കാണാവുന്നതാണ്. എന്നാൽ ഇംഗ്ലീഷ് വായിക്കാൻ അറിയാത്തവരുടെ കാര്യത്തിൽ ഗ്രാമത്തിലെയും പട്ടണത്തിലെയും കുട്ടികളുടെ എണ്ണം തുല്യമാണെന്ന് കാണാം.

### (xi) യു.പി. തലം - ഇംഗ്ലീഷ് ഭാഷണം വിലയിരുത്തൽ

യു.പി തലം ഇംഗ്ലീഷ് ഭാഷണവുമായി ബന്ധപ്പെടുത്തി 158 കുട്ടികളെയാണ് വിലയിരുത്തലിന് വിധേയമാക്കിയത്. ഇതിൽ 78 കുട്ടികൾ ഗ്രാമപ്രദേശത്തുള്ള വരും 80 കുട്ടികൾ നഗര പ്രദേശത്തുള്ളവരുമാണ്. വിശദാംശങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു.

**പട്ടിക 4.33 ഇംഗ്ലീഷ് ഭാഷണം (യു. പി)**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 4 | 5 | 29 | 37 | 33 | 21 |
| തൃപ്തികരം | 36 | 46 | 21 | 26 | 57 | 36 |
| ശരാശരി | 17 | 22 | 17 | 21 | 34 | 22 |
| വളരെ പിന്നോക്കം | 21 | 27 | 13 | 16 | 34 | 21 |
| ആകെ | **78** | **100** | **80** | **100** | **158** | **100** |

*പട്ടിക 4.33*

അപ്പർപ്രൈമറിതലത്തിൽ മികച്ച നിലവാരത്തിൽ ഇംഗ്ലീഷ് ഭാഷയിൽ ആശയനവിനിമയം നടത്താൻ 21% കുട്ടികൾക്ക് മാത്രമേ കഴിയുന്നുള്ളൂ. തൃപ്തികരമായ രീതിയിൽ 36% കുട്ടികൾ ആശയവിനിമയം നടത്തുമ്പോൾ 22% കുട്ടികൾ ശരാശരി നിലവാരത്തിലാണ് ആശയവിനിമയം നടത്തുന്നത്. എന്നാൽ 21% കുട്ടികൾക്ക് ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ സാധിക്കുന്നില്ല എന്ന് പഠനം സൂചിപ്പിക്കുന്നു.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ 5% കുട്ടികൾക്ക് മാത്രമേ ഇംഗ്ലീഷിൽ ആശയവിനിമയത്തിന് കഴിയുന്നുള്ളൂ. തൃപ്തികരമായ നിലയിൽ ആശയവിനിമയം നടത്തുന്നവർ 46% ആണ്. ശരാശരി നിലവാരത്തിൽ 22% പേർ ആശയവിനിമയം നടത്തുന്നു. എന്നാൽ ഒട്ടും തന്നെ ആശയവിനിമയത്തിന് സാധിക്കാത്തവർ ഗ്രാമീണ മേഖലയിൽ 27% ഉണ്ടെന്ന് പഠനം സൂചിപ്പിക്കുന്നു.

നഗരപ്രദേശങ്ങളിൽ മികച്ച രീതിയിൽ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് 37% കുട്ടികൾക്ക് കഴിയുന്നു. 26% കുട്ടികൾ തൃപ്തികരമായ നിലയിലും 21% കുട്ടികൾ ശരാശരി നിലയിലും ഇംഗ്ലീഷിൽ ആശയപ്രകടനം നിർവഹിക്കുന്നു. 16% കുട്ടികൾക്ക് പട്ടണപ്രദേശങ്ങളിൽ ഇംഗ്ലീഷിൽ ആശയപ്രകടനത്തിന് കഴിയുന്നില്ല.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇംഗ്ലീഷിൽ മികച്ച രീതിയിൽ ആശയവിനിമയം നിർവഹിക്കുന്നവർ പട്ടണപ്രദേശങ്ങളിൽ വളരെ കൂടുതലാണെന്ന് കാണാം. ഇംഗ്ലീഷിൽ ഒട്ടും ആശയവിനിമയം കഴിയാത്തവരും പട്ടണപ്രദേശങ്ങളിലാണ് കൂടുതൽ എന്ന് കാണാം.

### (xi) ഹൈസ്കൂൾ തലം - മലയാളം ഭാഷണം വിലയിരുത്തൽ:

ഹൈസ്കൂൾ തലത്തിൽ മലയാളം ഭാഷണവുമായി ബന്ധപ്പെടുത്തി 277 കുട്ടികളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്. ഇതിൽ 145 പേർ ഗ്രാമ പ്രദേശത്തുള്ളവരും 132 പേർ പട്ടണ പ്രദേശത്തുള്ളവരുമാണ്. വിലയിരുത്തൽ വിശദാംശങ്ങൾ പട്ടിക 4.34 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.34 മലയാളം - ഭാഷണം (ഹൈസ്കൂൾ)**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 72 | 45 | 34 | 28 | 106 | 36 |
| തൃപ്തികരം | 51 | 41 | 58 | 39 | 109 | 40 |
| ശരാശരി | 19 | 9 | 28 | 22 | 47 | 16 |
| വളരെ പിന്നോക്കം | 3 | 5 | 12 | 11 | 15 | 8 |
| ആകെ | **145** | **100** | **132** | **100** | **277** | **100** |

*പട്ടിക 4.34*

പട്ടിക പരിശോധിക്കുമ്പോൾ മനസ്സിലാക്കാറുള്ള കാര്യങ്ങൾ ചുവടെ കോടുക്കുന്നു.

ഹൈസ്കൂൾ വിഭാഗവുമായി ബന്ധപ്പെടുത്തി മലയാളം ഭാഷണത്തിൽ 36% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 40% കുട്ടികൾ ഭാഷണത്തിൽ തൃപ്തികരമായ നിലവാരം പുലർത്തിയപ്പോൾ 16% കുട്ടികൾ ശരാശരി നിലവാരം പുലർത്തുക മാത്രമാണ് ചെയ്തത്. 8% കുട്ടികൾക്ക് ഭാഷണം നിർവഹിക്കാൻ സാധിക്കുന്നില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഒഴുക്കോടെയുള്ള വായന തീരെയില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 45% കുട്ടികൾ മികച്ച നിലവാരം

വായനയിൽ പുലർത്തി. 41% കുട്ടികൾ തൃപ്തികരമായ നിലയിലായിരുന്നു. 9% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. എന്നാൽ ഹൈസ്കൂൾതലത്തിൽ മലയാളം ഭാഷണം ഒഴുക്കോടെ നിർവഹിക്കാൻ കഴിയാത്ത 5% കുട്ടികൾ ഉണ്ട് എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്.

നഗരമേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 28% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 39% കുട്ടികൾ തൃപ്തികരമായ നിലവാരം പുലർത്തിയപ്പോൾ 22% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. 11% കുട്ടികൾക്ക് ഭാഷണം ഒഴുക്കോടെ നിർവഹിക്കാൻ കഴിഞ്ഞില്ല.

നഗരം, ഗ്രാമം താരതമ്യം നിർവഹിക്കുമ്പോൾ ഗ്രാമീണ മേഖലയിലെ കുട്ടികൾ കൂടുതൽ മികവ് പുലർത്തിയതായി കാണാൻ സാധിക്കും. എന്നാൽ പട്ടണ പ്രദേശത്തുള്ളവരാണ് ഭാഷണത്തിൽ ഏറെ പിന്നോക്കം നിൽക്കുന്നതിൽ കൂടുതൽ എന്നു കാണാം.

### (xii) ഹൈസ്ക്കൂൾ തലം – മലയാളം വായന വിലയിരുത്തൽ:

ഹൈസ്കൂൾ തലത്തിൽ മലയാളം വായനയുമായി ബന്ധപ്പെട്ട് 277 കുടടികളെയാണ് (ഗ്രാമം 145, നഗരം 132) പഠന വിധേയമാക്കിയത്. വിശദാംശങ്ങൾ പട്ടിക 4.35 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.35 മലയാളം – വായന (ഹൈസ്കൂൾ)**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 72 | 50 | 34 | 26 | 106 | 38 |
| തൃപ്തികരം | 51 | 25 | 58 | 44 | 109 | 39 |
| ശരാശരി | 19 | 13 | 28 | 21 | 47 | 17 |
| വളരെ പിന്നോക്കം | 3 | 2 | 12 | 9 | 15 | 6 |
| ആകെ | **145** | **100** | **132** | **100** | **277** | **100** |

*പട്ടിക 4.35*

ഹൈസ്കൂൾ വിഭാഗവുമായി ബന്ധപ്പെടുത്തി മലയാളം വായന പരിഗണിക്കുമ്പോൾ 38% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 39% കുട്ടികൾ വായനയിൽ തൃപ്തികരമായ നിലവാരം പുലർത്തിയപ്പോൾ. 17% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. 6% കുട്ടികൾക്ക് തീരെ വായിക്കാൻ പറ്റുന്നില്ല എന്നത് പ്രത്യേക ശ്രദ്ധ നൽകേണ്ട കാര്യമാണ്.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 50% കുട്ടികൾ മികച്ച നിലവാരം വായനയിൽ പുലർത്തി. 35% കുട്ടികൾ തൃപ്തികരമായ നിലയിലായിരുന്നു. 13% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. വളരെ കുറച്ചു കുട്ടികൾക്ക് വായിക്കാൻ സാധിക്കുന്നില്ല എന്നും കണ്ടെത്തുകയുണ്ടായി.

നഗരമേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 26% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 44% കുട്ടികൾ തൃപ്തികരമായ നിലവാരം പുലർത്തിയപ്പോൾ 21% കുട്ടികൾ ശരാശരി നിലവാരം മാത്രമാണ് പുലർത്തിയത്. 9% കുട്ടികൾക്ക് നഗരപ്രദേശത്ത് വായന ശരിയായി നിർവഹിക്കാൻ സാധിച്ചില്ല.

പട്ടണം, ഗ്രാമം എന്നിവ താരതമ്യം ചെയ്യുമ്പോൾ ഗ്രാമപ്രദേശത്തുള്ളവർ കൂടുതൽ മികച്ച നിലവാരം പുലർത്തുന്നതായി കാണാം. എന്നാൽ പട്ടണ പ്രദേശത്തുള്ള കുട്ടികൾ വായനയിൽ ഏറെ മെച്ചപ്പെടേണ്ടതെന്ന് പഠനം സൂചിപ്പിക്കുന്നു.

## (xiii) ഹൈസ്കൂൾ തലം - ഇംഗ്ലീഷ് ഭാഷണം - വിലയിരുത്തൽ:

ഹൈസ്കൂൾ തലത്തിൽ 277 കുട്ടികളെയാണ് പഠന വിധേയമാക്കിയത് ഗ്രാമ പ്രദേശത്ത് 145 കുട്ടികളും 132 കുട്ടികൾ നഗര പ്രദേശത്ത് ഉള്ളവരുമാണ്. വിശദാംശങ്ങൾ പട്ടിക 4.36 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.36 ഇംഗ്ലീഷ് ഭാഷണം (ഹൈസ്കൂൾ)**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 39 | 27 | 19 | 14 | 58 | 21 |
| തൃപ്തികരം | 63 | 43 | 54 | 41 | 117 | 42 |
| ശരാശരി | 33 | 23 | 33 | 25 | 66 | 24 |
| വളരെ പിന്നോക്കം | 10 | 7 | 26 | 20 | 36 | 13 |
| ആകെ | **145** | **100** | **132** | **100** | **277** | **100** |

*പട്ടിക 4.36*

ഹൈസ്കൂൾ വിഭാഗവുമായി ബന്ധപ്പെടുത്തി ഇംഗ്ലീഷ് ഭാഷണം മികച്ച രീതിയിൽ നിർവഹിക്കുന്നതിന് 21% കുട്ടികൾക്ക് സാധിച്ചു. തൃപ്തികരമായ രീതിയിൽ 42% കുട്ടികൾ ഭാഷണം നിർവഹിച്ചപ്പോൾ 24% പേർ ശരാശരി നിലവാരം പുലർത്തി. എന്നാൽ 13% കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷണം നിർവഹിക്കാൻ കഴിഞ്ഞില്ല.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി 27% കുട്ടികൾ ഇംഗ്ലീഷ് ഭാഷയിൽ മികച്ച പ്രകടനം കാഴ്ചവച്ചു. തൃപ്തികരമായ പ്രകടനം 43% പേർ നിർവഹിച്ചപ്പോൾ 23% കുട്ടികൾ ശരാശരി പ്രകടനം നടത്തി. 7% കുട്ടികൾ ഭാഷണം നിർവഹിച്ചില്ല.

നഗരപ്രദേശങ്ങളിൽ 14% കുട്ടികൾ മാത്രമാണ് മികച്ച നിലവാരം കൈവരിച്ചത്. 41% കുട്ടികൾ തൃപ്തികരമായി ഭാഷണം നിർവഹിച്ചപ്പോൾ 25% കുട്ടികൾ ശരാശരി നിലവാരം മാത്രമാണ് പുലർത്തിയത്. 20% കുട്ടികൾ ഭാഷണം നിർവഹിക്കാൻ വളരെ പിന്നിലായിരുന്നു.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഗ്രാമപ്രദേശത്തെ കുട്ടികളാണ് ഇംഗ്ലീഷ് ഭാഷണത്തിൽ കൂടുതൽ മികവ് പുലർത്തുന്നത് എന്നു കാണാം. എന്നാൽ ഇംഗ്ലീഷ് ഭാഷണത്തിൽ ഏറെ പിന്നോക്കം നിൽക്കുന്നത് നഗരപ്രദേശത്തെ കുട്ടികളാണ്.

## (xiv) ഹൈസ്കൂൾ - ഇംഗ്ലീഷ് വായനയുമായി ബന്ധപ്പെട്ട വിലയിരുത്തൽ:

ഹൈസ്കൂൾ - ഇംഗ്ലീഷ് വായനവുമായി ബന്ധപ്പെടുത്തി 277 കുട്ടികളെയാണ് (ഗ്രാമം 145, നഗരം 132) വിലയിരുത്തലിന് വിധേയമാക്കിയത്. വിശദാംശങ്ങൾ പട്ടിക 4.37 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.37 ഇംഗ്ലീഷ് വായന (ഹൈസ്കൂൾ)**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 52 | 36 | 13 | 11 | 65 | 24 |
| തൃപ്തികരം | 57 | 39 | 52 | 39 | 109 | 39 |
| ശരാശരി | 28 | 19 | 36 | 27 | 64 | 23 |
| വളരെ പിന്നോക്കം | 8 | 6 | 31 | 23 | 39 | 14 |
| ആകെ | **145** | **100** | **132** | **100** | **277** | **100** |

*പട്ടിക 4.37*

ഹൈസ്കൂൾ  വിഭാഗവുമായി ബന്ധപ്പെടുത്തി ഇംഗ്ലീഷ് വായന മികച്ച രീതിയിൽ നിർവഹിക്കുന്നതിന് 24% കുട്ടികൾ മികച്ച നിലവാരം കൈവരിക്കുകയുണ്ടായി. 39% കുട്ടികൾ ഇംഗ്ലീഷ് തൃപ്തികരമായ രീതിയിൽ വായിച്ചപ്പോൾ ശരാശരി വായന നിർവഹിച്ചത് 23% കുട്ടികൾക്കു മാത്രമാണ്. 14% കുട്ടികൾക്ക് വായിക്കാനേ കഴിയുന്നില്ല.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 36% കുട്ടികൾ ഇംഗ്ലീഷ് വായനയിൽ മികച്ച നിലവാരം പുലർത്തുകയുണ്ടായി. തൃപ്തികരമായി വായന നിർവഹിച്ചത് 39% പേരാണ്. 19% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. 6% കുട്ടികൾക്ക് വായിക്കാൻ കഴിഞ്ഞില്ല.

നഗരപ്രദേശങ്ങളിലെ കുട്ടികളിൽ 11% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 39% കുട്ടികൾ ഇംഗ്ലീഷ് തൃപ്തികരമായി വായിച്ചപ്പോൾ 27% കുട്ടികൾ ശരാശരി നിലവാരം പുലർത്തി.  23% കുട്ടികൾക്ക് വായിക്കാൻ കഴിഞ്ഞില്ല.

ഗ്രാമവും പട്ടണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇംഗ്ലീഷ് വായനയിൽ ഗ്രാമപ്രദേശത്തെ കുട്ടികൾ ഏറെ മുന്നിലാണെന്ന് കാണാം. മാത്രമല്ല പട്ടണ പ്രദേശത്തെ കുട്ടികളാണ് ഇംഗ്ലീഷ് വായിക്കാനറിയാത്തതിൽ കൂടുതൽ എന്ന് പഠനത്തിൽ നിന്ന് കണ്ടെത്താൻ സാധിക്കും.

**(xv) ഹൈസ്കൂൾ - മലയാളം - ചർച്ച് സംവാദം - വിലയിരുത്തൽ:**

ഹൈസ്കൂൾ - മലയാളം ചർച്ച സംവാദം വിലയിരുത്തലുമായി ബന്ധപ്പെടുത്തി 277 കുട്ടികളെയാണ് പഠന വിധേയാമാക്കയിത്. ഇതിൽ 145 പേർ ഗ്രാമ പ്രദേശത്തും 130 പേർ നഗര പ്രദേശത്തുമുള്ളവരാണ്. വിശദാംശങ്ങൾ പട്ടികയിൽ നല്കിയിരിക്കുന്നു.

**പട്ടിക 4.38 എച്ച്.എസ് മലയാളം – ചർച്ച സംവാദം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 48 | 33 | 28 | 21 | 76 | 27 |
| തൃപ്തികരം | 63 | 43 | 52 | 39 | 115 | 42 |
| ശരാശരി | 13 | 9 | 30 | 23 | 43 | 16 |
| വളരെ പിന്നോക്കം | 21 | 15 | 22 | 17 | 43 | 15 |
| ആകെ | **145** | **100** | **132** | **100** | **277** | **100** |

*പട്ടിക 4.38*

ഹൈസ്കൂൾ വിഭാഗവുമായി ബന്ധപ്പെടുത്തി മലയാളം ചർച്ച സംവാദത്തിൽ 27% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 42% കുട്ടികൾ തൃപ്തികരമായ നിലവാരം കൈവരിച്ചപ്പോൾ 16% കുട്ടികൾ ശരാശരി നിലവാരമാണ് കൈവരിച്ചത്. 15% കുട്ടി ചർച്ച സംവാദത്തിൽ പങ്കെടുക്കാൻ താല്പര്യം കാട്ടുകയുണ്ടായില്ല.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ 33% കുട്ടികൾ മികച്ച നിലവാരം കൈവരിച്ചു. 43% കുട്ടികൾ തൃപ്തികരമായി  സംവാദത്തിൽ പങ്കെടുത്തപ്പോൾ 9% പേർ ശരാശരി നിലവാരത്തിലായിരുന്നു.  14% ഗ്രാമീണ കുട്ടികൾ സംവാദത്തിൽ വലിയ താല്പര്യം പ്രകടിപ്പിച്ചില്ല.

പട്ടണപ്രദേശവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 21% കുട്ടികൾ മികച്ച നിലവാരത്തിൽ സംവാദത്തിൽ പങ്കെടുത്തു. 39% കുട്ടികൾ തൃപ്തികരമായും, 23% കുട്ടികൾ ശരാശരി നിലവാ

രത്തിലും സംവാദത്തിൽ പങ്കെടുത്തു. 15% കുട്ടികൾ സംവാദത്തിൽ പങ്കെടുക്കുന്നതിൽ വലിയ താല്പര്യം പ്രകടിപ്പിച്ചില്ല.

ഗ്രാമം, പട്ടണം താരതമ്യം ചെയ്യുമ്പോൾ ഗ്രാമപ്രദേശത്തെ കുട്ടികൾ സംവാദ മികവിന്റെ കാര്യത്തിൽ മുന്നിലാണെന്ന് കാണാം. എന്നാൽ പങ്കാളികളല്ലാതെ മാറിനിൽക്കുന്ന പ്രവണത നഗരപ്രദേശങ്ങളിലാണ് കൂടുതൽ.

**(vii) ഹയർ സെക്കന്ററി - മലയാളം - വായന വിലയിരുത്തൽ:**

ഹയർ സെക്കന്ററി മലയാളം വായനയുമായി ബന്ധപ്പെടുത്തി 235 കുട്ടികളെയാണ് (ഗ്രാമം 123, നഗരം 112) പഠന വിധേയമാക്കിയത്. ഇതമായി ബന്ധപ്പെട്ട വിശദംശങ്ങൾ പട്ടിക 4.39 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.39 ഹയർസെക്കന്ററി മലയാള– വായന മികവ്**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 72 | 59 | 37 | 33 | 109 | 45 |
| തൃപ്തികരം | 30 | 24 | 58 | 52 | 88 | 38 |
| ശരാശരി | 18 | 15 | 14 | 12 | 32 | 14 |
| വളരെ പിന്നാക്കം | 3 | 2 | 3 | 3 | 6 | 3 |
| ആകെ | **123** | **100** | **112** | **100** | **235** | **100** |

*പട്ടിക 4.39*

ഹയർസെക്കന്ററി തലത്തിൽ മലയാള വായനയുമായി ബന്ധപ്പെടുത്തി 45% കുട്ടികൾ മികച്ച രീതിയിൽ വായന നിർവ്വഹിക്കുന്നവരാണെന്ന് പഠനത്തിലൂടെ കണ്ടെത്തി. 38% കുട്ടികൾ തൃപ്തികരമായ രീതിയിൽ വായന നിർവഹിക്കുന്നു. 14% പേർ ശരാശരി നിലവാരത്തിലാണ്. 3% വിദ്യാർത്ഥികൾക്ക് ശരിയായി വായിക്കാൻ കഴിയുന്നില്ല.

ഗ്രാമീണ മേഖലയിൽ 59% പേർ മലയാളം വളരെ നന്നായി വായിക്കുന്നവരാണ്. 24% പേർക്ക് സാമാന്യം നല്ല രീതിയിൽ തൃപ്തികരമായി വായിക്കാൻ കഴിയും. 15% പേർ ശരാശരി നിലവാരം പുലർത്തുന്നു. 2% പേർക്ക് വായിക്കാൻ പ്രയാസം അനുഭവപ്പെടുന്നു.

നഗരവിദ്യാർഥികളിൽ 33% പേർ മികച്ചരീതിയിൽവായിക്കുന്നു. 52% പേർ സാമാന്യം തൃപ്തികരമായി വായിക്കാൻ കഴിവുള്ളവരാണ്. 12% കുട്ടികൾ ശരാശരി നിലവാരത്തിൽ വായിക്കും. 4% പേർക്ക് വായനാശേഷികുറവാണ്.

ഗ്രാമീണ മേഖലയിൽ നിന്നുള്ള കുട്ടികൾ നഗരവാസികളേക്കാൾ വായനാനിലവാരം ഉയർന്നവരാണ്. രണ്ടു മേഖലകളിലും ശരാശരി നിലവാരത്തേക്കാൾ ഉയർന്നു നില്ക്കുന്ന കുട്ടികളുടെ എണ്ണം കൂടുതലാണ്.

**(xvii) ഹയർ സെക്കന്റി - മലയാളം - ഭാഷണ വിലയിരുത്തൽ**

ഹയർ സെക്കന്ററി - മലയാളം ഭാഷണവുമായി ബന്ധപ്പെടുത്തി 235 കുട്ടികളെയാണ് (ഗ്രാമം 123, നഗരം 112) പഠനവിധേയമാക്കിയത്. വിശദാംശങ്ങൾ പട്ടിക 4.40 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.40 ഹയർസെക്കന്ററി മലയാളം – ഭാഷണം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 70 | 57 | 45 | 39 | 115 | 48 |
| തൃപ്തികരം | 32 | 26 | 38 | 34 | 70 | 30 |
| ശരാശരി | 19 | 15 | 26 | 23 | 45 | 19 |
| വളരെ പിന്നാക്കം | 2 | 2 | 3 | 4 | 5 | 3 |
| ആകെ | **123** | **100** | **112** | **100** | **235** | **100** |

*പട്ടിക 4.40*

ഹയർസെക്കന്ററിയിലെ 48% കുട്ടികൾ മികച്ച രീതിയിൽ മലയാള ഭാഷണം ചെയ്യാൻ കഴിവുള്ളവർ ആണ് 30% കുട്ടികൾക്ക് തൃപ്തികരമായ വിധത്തിൽ മലയാള ഭാഷണം നടത്താൻ കഴിയും. 19% കുട്ടികൾക്ക് ശരാശരി നിലവാരത്തിൽ നടത്താൻ കഴിയും. 19% കുട്ടികൾ ശരാശരി നിലവാരത്തിൽ ഭാഷണം നടത്തുന്നു. 3% കുട്ടികൾ വളരെ പിന്നാക്കമാണ്.

ഗ്രാണീണ മേഖലയിൽ 57% കുട്ടികളും ഭാഷണത്തിൽ മികവ് പ്രകടിപ്പിച്ചു. 26% കുട്ടികൾക്ക് തൃപ്തികരമായ രീതിയിലും 15% കുട്ടികൾക്ക് ശരാശരി നിലവാരത്തിലും ഭാഷണം നടത്താൻ കഴിയും. 2% കുട്ടികൾ വളരെ പിന്നാക്കം നിൽക്കുന്നു.

പട്ടണത്തിലെ കുട്ടികളിൽ 39% പേരാണ് ഭാഷണത്തിൽ മികവ് പുലർത്തിയത്. 34% കുട്ടികൾ തരക്കേടില്ലാത്ത രീതിയിൽ ഭാഷണം നടത്തി. 23% കുട്ടികളുടെ ഭാഷണം ശരാശരി നിലവാരത്തിലാണ്. 4% കുട്ടികൾ വളരെ പിന്നോക്കം നിൽക്കുന്നു.

മലയാള ഭാഷണത്തിൽ ഹയർസെക്കന്ററിയിൽ ഗ്രാമീണ മേഖലയിലെ കുട്ടികൾ മികച്ചു നിൽക്കുന്നു. ഭാഷണത്തിൽ പട്ടണത്തിലെ നാലിലൊന്നു കുട്ടികളുടെ നിലവാരം മെച്ചപ്പെടാനുണ്ട്.

### (xviii) ഹയർ സെക്കന്ററി – ഇംഗ്ലീഷ് വായന വിലയിരുത്തൽ:

ഹയർ സെക്കന്ററി ഇംഗ്ലീഷ് വായനയുമായി ബനധപ്പെടുത്തി 235 കുട്ടികളെ (ഗ്രാമം 123, നഗരം 112) യാണ് പഠന വിധേയമാക്കിയത്. വിശദാശംങ്ങൾ പട്ടിക 4.41 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.41 ഹയർസെക്കന്ററി ഇംഗ്ലീഷ് വായന നിലവാരം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 34 | 28 | 26 | 23 | 60 | 26 |
| തൃപ്തികരം | 67 | 54 | 56 | 50 | 123 | 52 |
| ശരാശരി | 21 | 17 | 25 | 22 | 46 | 20 |
| വളരെ പിന്നോക്കം | 1 | 1 | 5 | 5 | 6 | 2 |
| ആകെ | **123** | **100** | **112** | **100** | **235** | **100** |

*പട്ടിക 4.41*

ഹയർസെക്കന്ററി ഇംഗ്ലീഷ് വായനയുമായി ബന്ധപ്പെടുത്തി 26% കുട്ടികൾ മികച്ച നിലവാരം കൈവരിച്ചു. 52% കുട്ടികൾ തൃപ്തികരമായ രീതിയിൽ വായന നിർവഹിക്കുമ്പോൾ 20% കുട്ടികൾ ശരാശരി നിലവാരത്തിലാണ്. 2% പേർ പിന്നാക്കമാണ് വായനയിൽ.

ഗ്രാമീണ മേഖലയിൽ 28% കുട്ടികൾ ഇംഗ്ലീഷ് വായനയിൽ മികവ് പുലർത്തുന്നു. 54% ഗ്രാമീണ വിദ്യാർത്ഥികൾ സാമാന്യം മെച്ചപ്പെട്ട നിലവാരത്തിൽ ഇംഗ്ലീഷ് വായിക്കും. 17% പേർ ശരാശരി നിലവാരത്തിൽ വായിക്കുന്നു. 1% കുട്ടികൾ വായിക്കാൻ കഴിയാത്തവരാണ്.

പട്ടണത്തിൽ നിന്ന് വരുന്ന കുട്ടികളിൽ 23% പേർ വായനയിൽ നിലവാരമുള്ളവരാണ്. 50% പേർ സാധാരണ രീതിയിൽ ഉള്ളവരും 22% പേർ ശരാശരി നിലവാരത്തിൽ ഉള്ളവരും ആണ്. നഗരത്തിലെ 5% കുട്ടികൾക്ക് വായിക്കാൻ കഴിയുന്നില്ല.

ഗ്രാമങ്ങളിലും നഗരങ്ങളിലും ഭൂരിപക്ഷം കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാൻ കഴിയും. ഗ്രാമത്തിൽ അഞ്ചിലൊന്നും നഗരത്തിൽ നാലിലൊന്നും കുട്ടികൾ ഇംഗ്ലീഷ് വായനയിൽ പ്രയാസം നേരിടുന്നവരാണ്.

### (xix) ഹയർ സെക്കന്ററി - ചർച്ച - സംവാദം വിലയിരുത്തൽ:

ഹയർ സെക്കന്ററി ചർച്ചയിലും സംവാദത്തിൽ 235 കുട്ടികളാണ് പങ്കെടുത്തത്. ഇതിൽ 121 പേർ ഗ്രാമ പ്രദേശത്തിലും 114 പേർ പട്ടണ പ്രദേശത്തിലും ഉള്ളവരാണ്. വിശദാംശങ്ങൾ പട്ടിക 4.42 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.42 ചർച്ച സംവാദം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 31 | 25 | 34 | 29 | 65 | 27 |
| തൃപ്തികരം | 63 | 52 | 40 | 34 | 103 | 43 |
| ശരാശരി | 17 | 15 | 18 | 15 | 35 | 15 |
| വളരെ പിന്നോക്കം | 10 | 8 | 22 | 22 | 32 | 15 |
| ആകെ | **121** | **100** | **114** | **100** | **235** | **100** |

*പട്ടിക 4.42*

ഗ്രൂപ്പ് ചർച്ചയിലും സംവാദത്തിലും 27% കുട്ടികൾ മെച്ചപ്പെട്ട നിലവാരത്തിലാണ്. 43% കുട്ടികൾ തൃപ്തികരമായ വിധത്തിൽ ചർച്ചയിലും സംവാദത്തിലും പങ്കെടുത്തു. 15% കുട്ടികൾ ശരാശരി നിലവാരത്തിലാണ്. 15% കുട്ടികൾ ഈ മേഖലയിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല.

ഗ്രൂപ്പ് ചർച്ചകളിലും സംവാദത്തിലും ഗ്രാമീണ മേഖലയിൽ നിന്നുള്ള കുട്ടികൾ 25% പേർ സജീവമായി പങ്കെടുത്തു. 52% കുട്ടികൾ അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്. 15% കുട്ടികൾ ഏതെങ്കിലും വിധത്തിൽ അവരുടെ സാന്നിധ്യം പങ്കുവച്ചു. 8% കുട്ടികൾ നിഷ്ക്രിയരായിരുന്നു.

പട്ടണപ്രദേശത്തുള്ള കുട്ടികൾ 29% പേർ ചർച്ചകളിലും സംവാദത്തിലും അവരുടെ കാഴ്ചപ്പാടുകൾ വ്യക്തമായി പങ്കുവച്ചു. 34% കുട്ടികൾക്ക് അഭിപ്രായ പ്രകടനം നടത്താൻ കഴിഞ്ഞു. 15% കുട്ടികൾ ചെറിയ രീതിയിലെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ട്. എന്നാൽ 22% കുട്ടികൾ യാതൊരു വിധ അഭിപ്രായപ്രകടനവും നടത്താത്തവർ ആയിരുന്നു.

ഇവിടെയും ഗ്രാമങ്ങളിൽ നിന്നുള്ള കൂടുതൽ കുട്ടികൾ മികച്ച പ്രകടനം നടത്തി. എന്നാൽ

കുട്ടികളുടെ മികവിൽ ഗ്രാമ പ്രദേശങ്ങളിലെ കുട്ടികളാണ് മുൻപന്തിയിൽ. അഞ്ചിലൊന്ന് കുട്ടികൾ മെച്ചപ്പെടാനുണ്ട്.

### (xx) ഹയർ സെക്കന്ററി - ഇംഗ്ലീഷ് സംഭാഷണം വിലയിരുത്തൽ:

ഹയർ സെക്കന്ററി ഇംഗ്ലീഷ് സംഭാഷണവുമായി ബന്ധപ്പെടുത്തി 233 കുട്ടികളെയാണ് (ഗ്രാമം 121, പട്ടണം 112) പഠനത്തിനു വിധേയമാക്കിയത്. വിശദാംശങ്ങൾ പട്ടിക 4.43 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.43 ഹയർ സെക്കന്ററി ഇംഗ്ലീഷ് സംഭാഷണം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 25 | 21 | 31 | 28 | 56 | 24 |
| തൃപ്തികരം | 70 | 58 | 48 | 43 | 118 | 51 |
| ശരാശരി | 23 | 19 | 22 | 20 | 45 | 19 |
| വളരെ പിന്നാക്കം | 3 | 2 | 11 | 9 | 14 | 6 |
| ആകെ | **121** | **100** | **112** | **100** | **233** | **100** |

*പട്ടിക 4.43*

ഹയർസെക്കന്ററിതലത്തിൽ ഇംഗ്ലീഷ് ഭാഷണവുമായി ബന്ധപ്പെടുത്തി 24% കുട്ടികൾ മികച്ച രീതിയിൽ ഭാഷണം നിർവഹിക്കുന്നു. 49% കുട്ടികൾ തൃപ്തികരമായ രീതിയിൽ ഭാഷണം നിർവഹിക്കുമ്പോൾ 19% കുട്ടികൾ ശരാശരി നിലവാരത്തിലാണ്. ഇംഗ്ലീഷിൽ ഭാഷണം നിർവഹിക്കാൻ കഴിയാത്തവർ 6% ആണ്.

ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തിനോക്കുമ്പോൾ 21% കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു. 58% കുട്ടികൾ തൃപ്തികരമായി ഭാഷണം നിർവഹിക്കുമ്പോൾ 19% ഗ്രാമീണ മേഖലയിലെ കുട്ടികൾ ശരാശരി നിലവാരത്തിലാണ്. 2% കുട്ടികൾ ഭാഷണത്തിൽ ഏറെ പിന്നിലാണ്.

നഗരപ്രദേശവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 28% കുട്ടികൾ ഇംഗ്ലീഷ് ഭാഷണത്തിൽ മികച്ച നിലവാരം പുലർത്തുന്നു. 43% കുട്ടികൾ തൃപ്തികരമായ നിലവാരം കൈവരിക്കുമ്പോൾ 20% കുട്ടികൾ ശരാശരി നിലവാരത്തിലാണ്. ഭാഷണത്തിൽ ഏറെ പിന്നിലുള്ളത് 9% പേരാണ്.

പൊതുവായി പട്ടണപ്രദേശത്തുള്ള കുട്ടികളും ഗ്രാമപ്രദേശത്തുള്ള കുട്ടികളും ഭാഷണത്തിൽ ഒരേ നിലവാരത്തിലാണെന്ന് പറയാം. ഗ്രാമീണ മേഖലയിലെ കുട്ടികൾ കുറച്ചു കൂടി മെച്ചപ്പെടാനുണ്ട് എന്ന് പഠനം സൂചിപ്പിക്കുന്നു.

### (xxi) വി.എച്ച്.എസ്.ഈ : ഇംഗ്ലീഷ് വാനയ വിലയിരുത്തൽ:

വി.എച്ച്.എസ്.ഈ. - ഇംഗ്ലീഷ് വായനയുമായി ബന്ധപ്പെടുത്തി 108 കുട്ടികളെയാണ് (ഗ്രാമം 45, നഗരം 63) പഠനവിധേയമാക്കിയത്. വിശദാശംങ്ങൾ പട്ടിക 4.44 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.44 വി.എച്ച്.എസ്.ഇ ഇംഗ്ലീഷ് വായന

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 0 | 0 | 9 | 14 | 9 | 7 |
| തൃപ്തികരം | 11 | 24 | 29 | 46 | 40 | 35 |
| ശരാശരി | 27 | 60 | 17 | 26 | 44 | 43 |
| വളരെ പിന്നാക്കം | 7 | 16 | 8 | 14 | 15 | 15 |
| ആകെ | **45** | **100** | **63** | **100** | **108** | **100** |

*പട്ടിക 4.44*

വി.എച്ച്.എസ്.ഇ മേഖലയുമായി ബന്ധപ്പെടുത്തി ഇംഗ്ലീഷ് വായനയിൽ 7% പേർ മാത്രമാണ് മികവ് പുലർത്തിയത്. 35% കുട്ടികൾ ഇംഗ്ലീഷ് വായന തൃപ്തികരമായി നിർവഹിച്ചപ്പോൾ 43% പേർ ശരാശരി നിലവാരത്തിൽ മാത്രമാണ് എത്തിയത്. 15% പേർ വളരെ പിന്നാക്കമായിരുന്നു എന്നും പഠനം സൂചിപ്പിക്കുന്നു.

ഇംഗ്ലീഷ് വായനയിൽ ഗ്രാമീണ വിദ്യാർത്ഥികൾ ആരും മികച്ച നിലവാരത്തിലില്ല. 24% പേർ ഗ്രാമത്തിൽ തൃപ്തികരമായി വായിക്കുന്നു. 60% പേർ ശരാശരി നിലവാരത്തിലും 16% പേർ ഏറെ പിന്നാക്കവുമാണ്.

നഗരവിദ്യാർഥികളിൽ 14% പേർ മികച്ച നിലവാരത്തിലാണ്. 46% പേർക്ക് തൃപ്തികരമായി വായിക്കാം. 26% കുട്ടികൾ ശരാശരി നിലവാരത്തിൽ വായിക്കുമ്പോൾ 14% ഇംഗ്ലീഷ് വായന യിൽ ഏറെ പിന്നാക്കമാണ്.

നഗരവിദ്യാർഥികൾ ഗ്രാമീണരേക്കാൾ ഇംഗ്ലീഷ് വായനയിൽ മുന്നിലാണ്. എങ്കിലും പത്തി ലൊന്ന് വിദ്യാർഥികൾ നഗരത്തിലും ഗ്രാമത്തിലും പിന്നാക്കമാണ്.

### (xxii) വി.എച്ച്.എസ്.ഈ മലയാളം ഭാഷണം:

വി.എച്ച്.എസ്.ഈ മലയാളം ഭാഷണവുമായി ബന്ധപ്പെടുത്തി 108 കുട്ടികളെയാണ് (ഗ്രാമം 45, നഗരം 63) പഠനവിധേയമാക്കിയത്. വിശദാംശങ്ങൾ പട്ടിക 4.45 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.45 വി.എച്ച്.എസ്.ഇ മലയാളം ഭാഷണം

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 5 | 11 | 22 | 35 | 27 | 23 |
| തൃപ്തികരം | 21 | 47 | 22 | 35 | 43 | 40 |
| ശരാശരി | 19 | 42 | 19 | 30 | 38 | 36 |
| വളരെ പിന്നാക്കം | 0 | 0 | 0 | 0 | 0 | 1 |
| ആകെ | **45** | **100** | **63** | **100** | **108** | **100** |

*പട്ടിക 4.45*

വി.എച്ച്.എസ്.ഇ മലയാള ഭാഷണവുമായി ബന്ധപ്പെടുത്തി 23% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 40% കുട്ടികൾ തൃപ്തികരമായി സംഭാഷണം നിർവഹിച്ചപ്പോൾ 36% കുട്ടികൾ ശരാ

ശരി നിലവാരത്തിലാണ് ഭാഷണം നിർവഹിച്ചത്. ഭാഷണത്തിൽ വളരെ പിന്നാക്കം പോയവർ 1% മാത്രമാണ്.

ഗ്രാമീണ മേഖലയിൽ 11% മികച്ചനിലവാരം പുലർത്തി. 47% പേർ തൃപ്തികരമായ നിലവാരത്തിലാണ്. 42% പേർ ശരാശരി നിലവാരത്തിലാണ്. വളരെ പിന്നാക്കം ആരുമില്ല.

പട്ടണത്തിൽ 35% പേർ മികച്ച നിലവാരത്തിലാണ്, 35% പേർ തൃപ്തികരവും 30% പേർ ശരാശരി നിലവാരത്തിലാണ്. വളരെ പിന്നാക്കക്കാർ ആരുമില്ല. ഗ്രാമങ്ങളേക്കാൾ നഗരങ്ങളിലെ കുട്ടികൾ മുന്നിട്ടു നിൽക്കുന്നു. പിന്നാക്കക്കാർ രണ്ടു വിഭാഗത്തിലും ഇല്ല.

### (xxiii) വി.എച്ച്.എസ്.ഇ. ഇംഗ്ലീഷ് ഭാഷണം വിലയിരുത്തൽ:

വി.എച്ച്.എസ്.ഇ ഇംഗ്ലീഷ് ഭാഷണവുമായി ബന്ധപ്പെടുത്തി 108 കുട്ടികളെയാണ് (ഗ്രാമം 45, നഗരം 63) പഠനവിധേയമാക്കിയത്. വിശദാംശങ്ങൾ പട്ടിക 4.46 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.46 വി.എച്ച്.എസ്.ഇ ഇംഗ്ലീഷ് ഭാഷണം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 2 | 4 | 10 | 16 | 12 | 10 |
| തൃപ്തികരം | 9 | 20 | 30 | 48 | 39 | 34 |
| ശരാശരി | 31 | 69 | 17 | 27 | 48 | 48 |
| വളരെ പിന്നാക്കം | 3 | 7 | 6 | 9 | 9 | 8 |
| ആകെ | **45** | **100** | **63** | **100** | **108** | **100** |

*പട്ടിക 4.46*

10% കുട്ടികൾ വി.എച്ച്.എസ്.ഇയിൽ ഇംഗ്ലീഷ് ഭാഷണത്തിൽ മികച്ച നിലവാരം പുലർത്തുന്നു. 34% പേർ തൃപ്തികരമായി ഇംഗ്ലീഷ് സംസാരിക്കുന്നു. 48% പേർ ശരാശരി നിലവാരത്തിലും 8% പേർ വളരെ പിന്നോക്ക അവസ്ഥയിലും ആണ്.

ഗ്രാമീണ മേഖലയിൽ 4% പേർ മാത്രമാണ് മികച്ച നിലവാരം പുലർത്തിയത്. 20% പേർ തൃപ്തികരമായി ഇംഗ്ലീഷ് ഭാഷണം നടത്തുന്നു. 69% പേർ ശരാശരി നിലവാരത്തിലും 7% പേർ ഇംഗ്ലീഷ് ഭാഷണത്തിൽ ഏറെ പിന്നാക്കവുമാണ്.

പട്ടണത്തിൽ 16% പേർ മികച്ച നിലവാരത്തിലാണ്. 48% പേർ തൃപ്തികരമായി ഇംഗ്ലീഷ് സംസാരിക്കുന്നു. 27% പേർ ശരാശരിനിലവാരത്തിലും 9% പേർ ഏറെ പിന്നാക്കവുമാണ്.

പട്ടണത്തിലെ കുട്ടികൾ ഗ്രാമീണരേക്കാൾ ഇംഗ്ലീഷ് ഭാഷണത്തിൽ മുന്നിൽ നിൽക്കുന്നു. പത്തിലൊന്ന് കുട്ടികൾ വളരെ പിന്നാക്കമാണ്.

### (xxiv) വി.എസ്.എസ്.ഈ മലയാളം - വായന വിലയിരുത്തൽ:

വി.എസ്.എസ്.ഈ മലയാള വായനയുമായി ബന്ധപ്പെടുത്തി 108 കുട്ടികളെയാണ് (ഗ്രാമം 45, നഗരം 63) പഠനവിധേയമാക്കിയത്. വിശദാശംങ്ങൾ പട്ടിക 4.47 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.47 വി.എച്ച്.എസ്.ഇ മലയാള വായന**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 5 | 11 | 23 | 37 | 28 | 26 |
| തൃപ്തികരം | 22 | 49 | 21 | 33 | 43 | 40 |
| ശരാശരി | 18 | 40 | 19 | 30 | 37 | 34 |
| വളരെ പിന്നാക്കം | 0 | 0 | 0 | 0 | 0 | 0 |
| ആകെ | **45** | **100** | **63** | **100** | **108** | **100** |

*പട്ടിക 4.47*

വി.എച്ച്.എസ്.ഇ മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികളിൽ 26% പേർ മലയാള വായനയിൽ മികച്ച നിലവാരം പുലർത്തി. 40% കുട്ടികൾ തൃപ്തികരമായി വായിച്ചപ്പോൾ 34% കുട്ടികൾ ശരാശരി നിലവാരത്തിലാണ്. പിന്നാക്കം ആരുമില്ല.

ഗ്രാമീണ മേഖലയിൽ 11% കുട്ടികൾ മികച്ച നിലവാരം കാഴ്ചവെച്ചു. 49% പേർ തൃപ്തികരമായ നിലവാരത്തിലും 40% പേർ ശരാശരിനിലവാരത്തിലുമാണ്. വളരെ പിന്നാക്കം ആരുമില്ല.

നഗരമേഖലയിൽ 37% പേർ മികച്ച നിലവാരത്തിൽ മലയാളം വായിക്കുന്നവരാണ്. 33% പേർ തൃപ്തികരമായ നിലവാരത്തിലും 30% പേർ ശരാശരി നിലവാരത്തിലും വായിക്കുന്നു. വളരെ പിന്നാക്കം ആരുമില്ല.

നഗരമേഖലയിലെ വി.എച്ച്.എസ്.ഇ വിദ്യാർഥികൾ ഗ്രാമീണ മേഖലയേക്കാൾ മികച്ചു നിൽക്കുന്നു. വളരെ പിന്നാക്കക്കാർ രണ്ടുമേഖലയിലും ഇല്ല.

### (xxv) വി.എച്ച്.എസ്.ഈ - ചർച്ച് സംവാദം വിലയിരുത്തൽ

വി.എച്ച്.എസ്.ഈ - ചർച്ച് സംവാദവുമായി ബന്ധപ്പെടുത്തി 108 കുട്ടികളെയാമ് (ഗ്രാമം 45, നഗരം 63) പഠന വിധേയമാക്കിയത്. വിശദാംശങ്ങൾ പട്ടികയിൽ (4.48) നൽകിയിരിക്കുന്നു.

**പട്ടിക 4.48 ചർച്ച – സംവാദം**

| | ഗ്രാമം | | പട്ടണം | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മികച്ച നിലവാരം | 8 | 18 | 19 | 30 | 27 | 25 |
| തൃപ്തികരം | 15 | 33 | 15 | 24 | 30 | 28 |
| ശരാശരി | 8 | 18 | 9 | 14 | 17 | 16 |
| വളരെ പിന്നോക്കം | 14 | 31 | 20 | 32 | 34 | 31 |
| ആകെ | **45** | **100** | **63** | **100** | **108** | **100** |

*പട്ടിക 4.48*

വി.എസ്.എസ്.ഇ യിൽ മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളിൽ 25% പേർ ചർച്ച സംവാദത്തിൽ മികച്ച നിലവാരം പുലർത്തുന്നു എന്ന് പഠനം സൂചിപ്പിക്കുന്നു. 28% പേർ തൃപ്തികരമായ പ്രകടനം നടത്തിയപ്പോൾ 16% പേർ ഏതെങ്കിലും രീതിയിൽ അവരുടെ ആശയം പ്രകടിപ്പിക്കുയുണ്ടായി. 31% ചർച്ച സംവാദത്തിൽ സജീവമാകാതെ ഒഴിഞ്ഞു നിൽക്കുന്ന അവസ്ഥയാണ് കാണാൻ കഴിഞ്ഞത്.

വി.എസ്.എസ്.ഇ വിഭാഗത്തിൽ ഗ്രാമീണ മേഖലയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ 18% പേർ സംവാദത്തിലും ചർച്ചകളിലും വളരെ നല്ല പ്രകടനം കാഴ്ചവച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. 33% കുട്ടികളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. 18% കുട്ടികൾ ഏതെങ്കിലും രീതിയിൽ അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കാൻ ശ്രമിച്ചവരാണ്. 31% കുട്ടികൾക്ക് ഇതിൽ പങ്കാളികളാകാൻ ശ്രമിച്ചിട്ടില്ല.

പട്ടണ മേഖലയിൽ നിന്നുള്ള കുട്ടികളിൽ മികച്ച പങ്കാളിത്തം 30% ആണ് 24% കുട്ടികൾ തൃപ്തികരമായ രീതിയിൽ പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. 14% പേർ ചെറിയ രീതിയിലെങ്കിലും ഇടപെട്ടിട്ടുണ്ട്. 32% കുട്ടികളുടെ ഇടപെടൽ ഉണ്ടായിട്ടില്ല.

ചർച്ചകളിലും സംവാദത്തിലും പട്ടണ പ്രദേശത്തുള്ള കുട്ടികളാണ് ഗ്രാമീണമേഖലയിൽ ഉള്ളവരെക്കാൾ നല്ല രീതിയിൽ ആശയപ്രകടനം നടത്തിയിട്ടുള്ളത്. പങ്കാളിത്തത്തിൽ എണ്ണം കൂടുതൽ ഗ്രാമീണ മേഖലയ്ക്കാണ്. പങ്കെടുക്കാത്ത കുട്ടികളുടെ എണ്ണം രണ്ടിടത്തും ഒരുപോലെ ആണ്.

# കേസ് സ്റ്റഡി വിശദാംശങ്ങൾ

## കേസ് – 1

തിരുവനന്തപുരം നഗരപ്രാന്തത്തിൽ വലിയതുറ എന്ന കടലോര പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ യു.പി. സ്കൂളാണ് വലിയതുറ സർക്കാർ യു.പി. സ്കൾ. തീരദേശ മത്സ്യത്തൊഴിലാളികൾ കൂടുതലായി തിങ്ങിപാർക്കുന്ന ഒരു ഇടമായതിനാൽ സ്വാഭാവികമായും ഇവിടുത്തെ കുട്ടികളേറെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മക്കളാണ്. മുൻ വർഷങ്ങളിൽ കൂടുതൽ കുട്ടികൾ ഇവിടെ പഠിച്ചുകൊണ്ട് മികച്ച അക്കാദമിക വിജയം കരസ്ഥമാക്കിയിരുന്നു. എന്നാൽ ഇന്ന് വിരലിലെണ്ണാവുന്ന കുട്ടികളുമായി സാഹചര്യങ്ങളുമായി മല്ലിട്ടുകൊണ്ട് പ്രതിസന്ധികളുടെ നടുവിൽ അതിജീവനത്തിന്റെ പാതയിലാണ് ഈ സ്കൂൾ. തീർത്തും കടലോര പ്രദേശമായതിനാൽ അടിക്കടി കടൽക്ഷോഭം ഉണ്ടാകുന്നതുമൂലം അത് സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിയ്ക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി എന്നത് ഒരു ചരിത്രപരമായ വസ്തുതയാണ്.

സുനാമി, ഓഖി മുതലായ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായപ്പോളുണ്ടായ പുനഃരധിവാസ പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാണ് ഇന്ന് വലിയതുറ സർക്കാർ യു.പി. സ്കൂൾ. 2004 – ഡിസംബർ 26–ാം തീയതി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ സുനാമിയുണ്ടായപ്പോഴും 2017 നവംബർ 28–ാം തീയതി ഓഖി വീശിയപ്പോഴും ഉണ്ടായ ദുരന്തങ്ങൾക്ക് ഇരയായവരെ പുനരധിവസിപ്പിച്ചിരിക്കുന്നത് പ്രസ്തുത വിദ്യാലയത്തിലാണ്. ഏകദേശം ആറോ ഏഴോ കുടുംബങ്ങൾ ഇപ്പോഴും അവിടെ താമസമാക്കിയിരിക്കുന്നു. അതിനാൽ തന്നെ വിദ്യാലയത്തിലെ ഒട്ടുമിക്ക ക്ലാസ്മുറികളും പുനഃരധിവാസ പ്രവർത്തനങ്ങൾക്കായി നല്കേണ്ടി വന്നു. ഇവിടെ വിദ്യാലയ പ്രവർത്തനങ്ങൾക്ക് മുടക്കം സംഭവിക്കുന്നത് സ്ഥിരം സംഭവമാണ്. കുട്ടികൾക്ക് ഇരുന്ന് പഠിക്കുവാൻ പറ്റുന്നതരത്തിൽ നല്ലൊരു ക്ലാസ് മുറിയോ, വായനാ മുറിയോ, ലബോറട്ടിയോ, കമ്പ്യൂട്ടർ റൂമോ, ശുചിമുറികളൊ ഒന്നും തന്നെയില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങൾ ഹൈടെക്കാക്കിയതിന്റെ ഫലമായി മേൽപറഞ്ഞ വിദ്യാലയവും ഹൈടെക്കാക്കിയിരിക്കുന്നു എന്നാൽ പുനഃരധിവാസ പ്രവർത്തനങ്ങൾ മൂലം അത്യാധുനിക സൗകര്യങ്ങളോട് കൂടിയ നല്ലൊരു സ്മാർട്ട് റൂമൊരുക്കുന്നതിന് സ്കൂളാധികൃതർ പരജയപ്പെട്ടിരിയ്ക്കുന്നു. തന്മൂലം എല്ലാ ക്ലാസ് മുറികളിലും മെച്ചപെട്ട പഠനസൗകര്യം ഒരുക്കാൻ സ്കൂളധികൃതർക്ക് കഴിഞ്ഞിട്ടില്ല.

വിവിധങ്ങളായ ക്ലാസുകളിലെ കുട്ടികളെ ഒന്നോരണ്ടോ, ക്ലാസ് മുറികളിൽ ക്രമീകരിച്ചുകൊണ്ട് അധ്യാപനം നടത്തിയാണ് അധ്യാപകർ ദിവസവും സ്കൂളിലെ പഠന പ്രവർത്തനങ്ങൾ നടത്തുന്നത്. വീര്യമേറിയ ആസിഡുകളും പഠനസാമഗ്രികളും ക്രമീകരിച്ചിട്ടുള്ള ലാബിൽ കൊച്ചു കുട്ടികൾ പഠിയ്ക്കുകയും കളിയ്ക്കുകയും ചെയ്യുന്നു. ഭാഷ കൈകാര്യം ചെയ്യുന്ന അധ്യാപികയും ഗണിതാധ്യാപികയും ഒരേ സമയം ഒരേ ക്ലാസിൽ പഠിപ്പിയ്ക്കുന്നു. ഇത് കുട്ടികളുടെ ഏകാഗ്രത, പഠനത്തോട് വിരസര എന്നിവ സൃഷ്ടിയ്ക്കുന്നു. വൃത്തിഹീനമായ ക്ലാസമുറികളും ദുർഗന്ധം വമിയ്ക്കുന്ന ശുചിമുറികളും കുട്ടികളെയും അധ്യാപകരെയും രോഗാതുരരാക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും മലീനസമായ ചുറ്റുപാടുകളും മാതാപിതാക്കളെ കുട്ടികളെ ഈ വിദ്യാലയത്തിൽ ചേർക്കുന്നതിൽ വിമുഖരാക്കുന്നു. പ്രസ്തുത സ്കൂളിനു ചുറ്റും നിരവധി അംഗീകൃത വിദ്യാലയങ്ങൾ ഉണ്ടെങ്കിലും വിജയശതമാനം കുറവാണെ കാര്യത്തിൽ നിർബന്ധിതമായി പറഞ്ഞു വിടുന്ന കുട്ടികളെ തുടക്കം മുതൽ തന്നെ കൃത്യമായി പരിശീലനം കൊടുത്ത് അക്കാദമിക മികവുണ്ടാക്കാൻ ഈ സ്കൂളിലെ അധ്യാപകർ നിരന്തരമായി പരിശ്രമിയ്ക്കുന്നു. ഇതൊക്കെയാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും കുട്ടികളുടെ കൊഴിഞ്ഞു പോക്കും പ്രസ്തുത സ്കൂളിന്റെ പ്രവർത്തനങ്ങളെ അനുദിനം മന്ദീഭവിച്ചിച്ചുണ്ടൊണ്ടിരിക്കുകയാണ്.

## കേസ് 2

അമൽ (പേര് യഥാർത്ഥമല്ല) ഒരു പരമ്പതഗത മത്സ്യത്തൊഴിലാളി കുടുംബത്തിലെ അംഗമാണ്. തീരപ്രദേശത്താണ് താമസവും അച്ഛനും അമ്മയും മൂത്തശ്ശിയും മൂന്ന് മക്കളുമടങ്ങന്ന താണ് അവന്റെ കുടുംബം. അച്ഛൻ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നു അമ്മ വീട്ടമ്മയാണ്. സഹോദരങ്ങൾ രണ്ടുപേരും എട്ടും ആറും ക്ലാസുകളിൽ പഠിക്കുന്നു. അമൽ പത്താം ക്ലാസിൽ പഠിയ്ക്കുന്ന ഒരു വിദ്യാർത്ഥിയാണ്.

ഒൻപതാം ക്ലാസിൽ പഠിയ്ക്കുന്ന അമലിന് വയസ് 17 – ആണ്. ശരിയായി മലയാളം വായിക്കുവാനോ എഴുതുവാനോ അമലിന് അറിയില്ല. ഗണിതം, ഭാഷാ വിഷയങ്ങൾ, സയൻസ്, തുടങ്ങിയ എല്ലാ വിഷയങ്ങളും അമലിന് വളരെ കടുപ്പമേറിയവയാണ്. പഠനത്തോട് വളരെയധികം വിമുഖത കാണിയ്ക്കുന്ന അമലിന് വീട്ടിൽ നിന്നും യാതോരു തരത്തിലുമുള്ള പ്രോത്സാഹനമോ പ്രചോദനമോ മാതാപിതാക്കളിൽ നിന്നും ലഭിയ്ക്കുന്നില്ല. മാതാപിതാക്കളിൽ അച്ഛൻ നിരക്ഷരനും അമ്മയ്ക്ക് ഏഴാം ക്ലാസ് വിദ്യാഭ്യാസം മാത്രവുമാണ് ഉള്ളത്. പ്രത്യേകിച്ച് പഠന മുറിയോ അടിസ്ഥാന സൗകര്യങ്ങളോ (കക്കൂസ്, കുളിമുറി) അവന്റെ വീടിനില്ല. അച്ഛൻ മത്സ്യത്തൊഴിലാളിയായതിനാൽ കടലിൽ പോയി വരുന്ന ദിവസങ്ങളിൽ അതിമായി മദ്യപിച്ച് ബഹളമുണ്ടാക്കുന്നതിനാൽ വീട്ടിൽ സ്വസ്ഥത ഇല്ലാത്തൊരവസ്ഥയാണ് നിലവിലുള്ളത്. അച്ഛന്റെ മദ്യപാനം മുലം വീട്ടിൽ സ്ഥിരം പട്ടിണിയാണ്. അതിനാൽ തന്നെ സ്കൂൾ വിട്ടുവന്നിട്ട് കടലിൽ മത്സ്യബന്ധനത്തിനായി പോകേണ്ടിവരുന്നു. സ്കൂളിൽ കൃത്യമായി വരുന്നതിന്നോ പഠന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനോ അമലിന് ഇതുകൊണ്ട് തന്നെ കഴിയാതെ പോകുന്നു. കൂട്ടുകാരോടൊപ്പം കൂട്ടുകൂട്ടുന്നതിനോ കളിക്കുന്നതിനോ സമയം തികയാറില്ല. പാതിവഴിയിൽ മുടങ്ങിപ്പോയ പഠനം തുടങ്ങിവച്ചതാണ് അമൽ ഇപ്പോൾ. ഭാവിയിൽ ആരാകണമെന്നുള്ള ചോദ്യം പോലും അമലിന് അപ്രസക്തമായാണ് തോന്നിയത്. ഭാവിയെക്കുറിച്ചുള്ള ആശങ്കളൊ ചിട്ടയില്ലാത്ത പഠന പ്രവർത്തനങ്ങളൊ അമലിനെ ആശങ്കപ്പെടുത്തുന്നില്ല. സഹപാഠികൾ തങ്ങളുടെ കൂടെ കൂട്ടാത്തതിനാൽ അമൽ ഏറെ ദുഃഖിതനാണ്. വീട്ടിൽ നിന്നും സ്കൂളിൽ നിന്നും യാതൊരു പിന്തുണയും ഇല്ലാത്തതിനാൽ ദൈനം ദിന കാര്യങ്ങൾ പോലും നിറവേറ്റതെയാണ് അവൻ മിക്കപ്പോഴും സ്കൂളിലേക്കെത്തുന്നത്. നിർദയരായുള്ള അധ്യാപകരുടെ പെരുമാറ്റവും അമലിന് ഏറെ വിഷമമുണ്ടാക്കുന്നു. പ്രത്യക്ഷത്തിൽ തന്നെ യാതൊരു ആരോഗ്യ ശീലവും പാലിയ്ക്കാത്തത്തിനാൽ ഇത് വരുത്തിവക്കുന്ന അനാരോഗ്യബുദ്ധിമുട്ടുകളെക്കുറിച്ച് ഒട്ടും തന്നെ ബോധവാനല്ല.

## നിഗമനം

വിദ്യാഭ്യാസം, അരോഗ്യം, വസ്ത്രം, പാർപ്പിടം മതുലായവ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളും അവകാശങ്ങളുമാണാന്നിരിക്കെ അവരിഷക്കൃത സമൂഹത്തിന്റെ മേലങ്കിയണിഞ്ഞ് സ്കീർണ്ണതകൾക്കുനടുവിൽ നിരന്തരം പാർശ്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുകയാണ് പരമ്പരാഹത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ. വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായി മാറിയിട്ടും സാമൂഹികവും സാമ്പത്തികവുമായി അരക്ഷികാവസ്ഥ കുട്ടികളുടെ അവകാശത്തെ ദുർബലപ്പെടുത്തന്നു.

# അധ്യായം 5

# കണ്ടെത്തലുകളും നിർദേശങ്ങളും

**ആമുഖം**

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് മത്സ്യ ത്തൊഴിലാളി ഗ്രാമത്തിലെ കുട്ടികളോടും അവരുടെ രക്ഷിതാക്കളോടും പ്രസ്തുത കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ അധ്യാപകരോടും സ്ഥാപനങ്ങളുടെ അവസ്ഥാവിശേഷങ്ങളെ ക്കുറിച്ച് പ്രധാനാധ്യാപകനോടും ചോദിച്ചു വിവരങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. കുട്ടികൾക്ക് അക്കാദമിക പ്രവർത്തനങ്ങളിൽ ഇടപെടാൻ അവസരം കൊടുത്തുകൊണ്ടു അവയുടെ നിജ സ്ഥിതി രേഖപ്പെടുത്തി. വിഷയ കേന്ദ്രീകൃതമായ ചർച്ചകളിൽ ഇടപെട്ട് സംസാരിക്കാൻ അവ സരം നൽകി കുട്ടികളുടെ പ്രകടനപരതയെ രേഖപ്പെടുത്തുകയും ചെയ്തു. ഗൃഹസന്ദർശന ത്തിലൂടെ രക്ഷിതാക്കൾക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസപരമായ അഭിപ്രായങ്ങൾ ഏകോപി പ്പിച്ചും പ്രീ-പ്രൈമറി, അംഗൻവാടികൾ എന്നിവയുടെ സന്ദർശനത്തിലൂടെ വിവരങ്ങൾ ശേഖ രിച്ചും കേരളത്തിലെ അഞ്ച് ജില്ലകളിൽ കാസർകോട്, കോഴിക്കോട്, എറണാകുളം, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകളാണ് ചുവടെ നൽകി യിരിക്കുന്നത്.

**കുട്ടികളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ:**

### സാമൂഹ്യാവസ്ഥവുമായി ബന്ധപ്പെട്ടത്:

വിദ്യാലയ ഇടപെടലുകളിലൂടെ കുട്ടിയിൽ വികസിക്കുന്ന സാമൂഹികബോധം, ഗൃഹാന്തരീക്ഷ ത്തിൽ കുട്ടിക്ക് ലഭിക്കുന്ന സാമൂഹികവും പഠനാനുകൂലവുമായ സാഹചര്യങ്ങൾ എന്നിവ പരി ഗണിച്ചതിൽ 57% കുട്ടികൾ ശരാശരിക്ക് മേലെയാണെന്ന് പഠനത്തിലൂടെ കണ്ടെത്താൻ കഴി ഞ്ഞു. ഗ്രാമം/നഗരം താരതമ്യം ചെയ്യുമ്പോൾ ഗ്രാമപ്രദേശത്തുള്ള കുട്ടികൾ (62%) നഗരപ്രദേ ശത്തുള്ളവരേക്കാൾ (52%) മികച്ച നിലയിലാണുള്ളത് എന്ന് കാണാം.

### സാംസ്കാരികപരമായത്:

സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം, സാംസ്കാരിക സ്ഥാപനങ്ങളായ വായനശാല, ക്ലബ്ബു കൾ ഇവയിലെ പങ്കാളിത്തം, വിദ്യാലയങ്ങളിലെ വിവിധ സാംസ്കാരിക പ്രവർത്തനങ്ങളിലെ ഇടപെടൽ എന്നിവ പരിഗണിച്ചതിൽ ശരാശരിയിൽ താഴെ (37%) കുട്ടികൾ മാത്രമേ ഇത്തരം ഇടപെടലുകൾ നടത്തുന്നുള്ളുവെന്ന് പഠനത്തിലൂടെ കണ്ടെത്തുകയുണ്ടായി. ഏറ്റവും മികച്ചു നിൽക്കുന്നത് ഗ്രാമീണ മേഖലയിലെ എൽ.പി വിഭാഗം കുട്ടികളാണ് (72%). ഗ്രാമത്തിലെ 41% കുട്ടികളും നഗരത്തിലെ 32% കുട്ടികളും സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി ഇട പെടുന്നു എന്ന് പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞു.

### സാമ്പത്തികപരമായ കണ്ടെത്തുലുകൾ:

കുട്ടികളുടെ സാമ്പത്തികസ്ഥിതിയുടെ വിശകലനത്തിൽ ഭക്ഷണലഭ്യത, വിനോദയാത്ര, മറ്റ് വിദ്യാലയതല പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവയിൽ 50% വിദ്യാർഥികൾ അനുകൂല പ്രതികരണം നൽകി. പ്രീ-പ്രൈമറി (27%) വി.എച്ച്.എസ്.ഇ (37%) തലങ്ങളെ അപേക്ഷിച്ച്

എൽ.പി (59%), യൂ.പി (59%), എച്ച്.എസ് (59%), എച്ച്.എസ്.എസ് (58%) തലങ്ങളിലെ കുട്ടികൾ സാമാന്യേന മികച്ച സാമ്പത്തിക നിലയിലുള്ളവരാണ് എന്ന് പഠനം സൂചിപ്പിക്കുന്നു. ഗ്രാമവാസികളിൽ 41% പേരും നഗരവാസികളിൽ 32% പേരുമാണ് സാമ്പത്തിക സ്ഥിതിയുള്ളവരായി കണ്ടെത്തിയിട്ടുള്ളത്.

### ആരോഗ്യപരമായത്:

കുട്ടികളുടെ ആരോഗ്യകാര്യങ്ങൾ പരിഗണിച്ചപ്പോൾ പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യതയും ഗാർഹീകാന്തരീക്ഷത്തിൽ നേരിടുന്ന പഠനതടസ്സങ്ങളായ രക്ഷിതാക്കളുടെ മദ്യപാനം, പുകവലി, നിത്യരോഗികളുടെ സാന്നിദ്ധ്യം മുതലായവയിൽ 33% കുട്ടികളും മോചിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ അവസ്ഥ ഗ്രാമപ്രദേശത്തുള്ളവർക്കും (34%) നഗരപ്രദേശത്തുള്ളവർക്കും (32%) ഏകദേശം ഒരേപോലെയാണെന്ന് പഠനം സൂചിപ്പിക്കുന്നു.

### കലാകായിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടത്.

സ്കൂളിലെ കലാകായിക പ്രവർത്തനങ്ങളിലുള്ള കുട്ടിയുടെ ഇടപെടലും ഇടപെടാൻ സമൂഹം നൽകുന്ന പിന്തുണയും ആണ് പഠനവിധേയമാക്കിത്. ഇതിൽ നിന്നും 53% പേർക്കും അതിനവസരമുണ്ടെന്ന് കണ്ടെത്തി. എൽ.പി, യൂ.പി തലങ്ങളിലെ കുട്ടികൾക്കാണ് (68%) ഏറ്റവും കൂടുതൽ അവസരവും പിന്തുണയും ലഭിക്കുന്നത്.  ഗ്രാമനഗര വ്യത്യാസം ഇതിൽ യഥാക്രമം 59%വും 47%വും ആണ്.

### വിദ്യാഭ്യാസ സൗകര്യങ്ങളുമായി ബന്ധപ്പെട്ടത്:

ലാബ്, ലൈബ്രറി, സ്മാർട്ട് റൂം, പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന ഫലവത്തായ ഇടപെടലുകൾ, ആത്മവിശ്വാസം വളർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ 63% കുട്ടികൾക്കു പ്രാപ്യമാണ്.  ഹൈസ്കൂൾ (82%) ഹയർസെക്കന്ററി (79%) തലത്തിലാണ് ഇത് വളരെ ഫലപ്രദമായിട്ടുള്ളത്.  ഗ്രാമ, നഗര വിദ്യാഭ്യാസ ഇടപെടലുകളിൽ ഗ്രാമം (67%) നഗരത്തേക്കാൾ(58%) മികച്ചതാണെന്ന് പഠനം സൂചിപ്പിക്കുന്നു.

### സ്ഥാപനസംവിധാനങ്ങൾ സംബന്ധിച്ചത്:

കടലോര വിദ്യാർഥികളെ നേരിട്ട് സ്വാധീനിക്കുന്ന സ്കൂൾ സമയം, അനുകൂലമായ വിദ്യാലയത്തിലെ മറ്റ് ഘടകങ്ങൾ, പ്രതികൂലകാലാവസ്ഥക്ക് അനുയോജ്യമായ ഭൗതികസംവിധാനങ്ങൾ, പുനരധിവാസത്തിനുള്ള സാഹചര്യങ്ങൾ എന്നിവ പരിഗണനയ്ക്കു വന്നപ്പോൾ ലഭിച്ച പ്രതികരണം 59%വും അനുകൂലമാണ്. പ്രീ-പ്രൈമറികളുടെ കാര്യത്തിൽ 27% മാത്രമേ അനുകൂലമായുള്ളു. വി.എച്ച്.എസ്.ഇയിൽ ഇത് 44% ആണ്.  ഗ്രാമ പ്രദേശത്തുള്ള വിദ്യാലയങ്ങളിൽ 64%വും നഗരപ്രദേശത്ത് 54% വും ആണ്.

### പഠനസമ്പ്രദായം സംബന്ധിച്ചത്:

പഠനത്തിന്റെ ആസ്വാദ്യത, ഇഷ്ടപ്പെട്ട പഠനമാധ്യമം, ജീവിതവുമായി ഇഴുകിച്ചേർന്ന പഠനാനുഭവങ്ങൾ, അധ്യാപകരുടെ സമീപനം എന്നീ കാര്യങ്ങൾക്ക് 49% കുട്ടികളും ഗുണപരമായ അഭിപ്രായം രേഖപ്പെടുത്തി.  ഭൂരിപക്ഷം പേരും (51%) മാറ്റങ്ങൾ ആവശ്യമാണെന്ന അഭിപ്രായക്കാരാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർഥികളാണ് (39%) പിന്നിലുള്ളവർ. ഗ്രാമത്തിൽ (53%) നഗരത്തെ (44%) അപേക്ഷിച്ച് കൂടുതൽ അനുകൂലമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

## രക്ഷിതാക്കളിൽ നിന്ന് ശേഖരിച്ച വിവരങ്ങളെ അഭിസ്ഥാനമാക്കുയുള്ള കണ്ടെത്തലുകൾ

### സാംസ്കാരികപരമായത്:

വായനാശീലം, വായനശാലാ അംഗത്വം, സോഷ്യൽ മീഡിയ ഉപയോഗം, ഉത്സവാഘോഷ പങ്കാളിത്തം തുടങ്ങിയവയിൽ 64% പേർ പിന്നോക്കം നിൽക്കുന്നുവെന്നാണ് രക്ഷകർത്താക്കൾ അഭിപ്രായപ്പെടുന്നത്. യൂ.പി വിഭാഗം വിദ്യാർത്ഥികളാണ് (78%) വായനശീലം, ഉത്സവാഘോഷ പങ്കാളിത്തം എന്നിവയിൽ പിന്നോക്കം നിൽക്കുന്നത്. പ്രീ പ്രൈമറി വിഭാഗത്തിലെ കുട്ടികളാണ് (55%) മറ്റു വിഭാഗങ്ങളേക്കാൾ മുന്നിട്ടു നിൽക്കുന്നത്. ഗ്രാമ പ്രദേശങ്ങളിൽ 62%വും, നഗരപ്രദേശങ്ങളിൽ 67% പേരുമാണ് സാംസ്കാരികമായി പിന്നോക്കം നിൽക്കുന്നത്.

### സാമൂഹികാവസ്ഥയുമായി ബന്ധപ്പെട്ടത്:

കുടുംബത്തിന്റെ സാമൂഹികാവസ്ഥ, സാമൂഹികപങ്കാളിത്തം സാമൂഹിക ഇടപെടലുകൾ എന്നിവയിൽ ബഹുഭൂരിപക്ഷം പേരും (76%) സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരാണെന്ന് പഠനം സൂചിപ്പിക്കുന്നു. യൂ.പി തലത്തിലാണ് സാമൂഹിക പിന്നോക്കാവസ്ഥ താരതമ്യേന കൂടുതലായി കാണുന്നത്. നഗരമേഖലയിലും ഗ്രാമതലത്തിലും സാമൂഹികമായി വലിയ അന്തരമില്ലായെന്ന് (യഥാക്രമം 35%, 32%) പഠനത്തിലൂടെ കാണാൻ കഴിഞ്ഞു.

### ആരോഗ്യ കാര്യങ്ങളുമായി ബന്ധപ്പെട്ടത്:

ചികിത്സാരീതികൾ, ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങൾ, ശുചിത്വം തുടങ്ങിയവയിൽ 73% കുട്ടികളും പിന്നോക്കം നിൽക്കുന്നുവെന്ന് പഠനം സൂചിപ്പിക്കുന്നു. യൂ.പി വിഭാഗമാണ് (17%) ആരോഗ്യമേഖലയിൽ കൂടുതൽ പിന്നോട്ടുള്ളത് എന്ന് പഠനം കണ്ടെത്തിയിട്ടുണ്ട്. പ്രീ പ്രൈമറി മുതൽ എച്ച്.എസ്.എസ് വിഭാഗം വരെ (യഥാക്രമം 33%, 17%, 15%, 27%, 17%) ഗ്രാമമേഖലകളിലും, വി.എച്ച്.എസ്.ഇ വിഭാഗത്തിൽ നഗരമേഖലയിലും (32%) ആരോഗ്യസ്ഥിതി മെച്ചപ്പെട്ടു നിൽക്കുന്നു എന്ന് പഠനത്തിലൂടെ കാണാൻ കഴിഞ്ഞു.

### സാമ്പത്തികാവസ്ഥയുമായി ബന്ധപ്പെട്ടത്:

കുടുംബത്തിന്റെ സാമ്പത്തികാവസ്ഥ, വരുമാനമാർഗം മറ്റ് സാമ്പത്തിക ഇടപെടലുകൾ എന്നിവയിൽ 80% പേരും സാമ്പത്തിക പരാധീനത നേരിടുന്നവരാണെന്ന് പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞു. പ്രീ പ്രൈമറി മുതൽ എച്ച്. എസ്.എസ്/ വി.എച്ച്.എസ്.ഇ വരെയുള്ള എല്ലാ വിഭാഗത്തിലും (യഥാക്രമം 71%, 79%, 87%, 79%, 83%, 83%) ഇതേ സാമ്പത്തിക പരാധീനതയാണ് പ്രകടമാകുന്നത്. ഗ്രാമമേഖലയും നഗരമേഖലയും താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട സാമ്പത്തികാവസ്ഥ ഗ്രാമമേഖലയിലാണെന്ന് പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞു.

### കായികവുമായി ബന്ധപ്പെട്ടത്:

വിദ്യാലയങ്ങളിലേയും വിവിധ പ്രദേശങ്ങളിലേയും കായിക പ്രവർത്തനങ്ങൾ, സൗകര്യങ്ങൾ, മത്സര പങ്കാളിത്തം തുടങ്ങിയവയിൽ 71% കുട്ടികൾ പിന്നോക്കം നിൽക്കുന്നു എന്ന് പഠനം സൂചിപ്പിക്കുന്നു. യൂ.പി തലത്തിലും (21%) വി.എച്ച്.എസ്.ഇ തലത്തിലും (20%) കായിക മികവുകൾ നേടാനുള്ള അവസരങ്ങൾ താരതമ്യേന കുറവാണെന്ന് പഠനത്തിലൂടെ കണ്ടെത്തി. പ്രീ പ്രൈമറി (49%), എൽ.പി (44%), യൂ.പി(24%), എച്ച്.എസ്.എസ് (33%) വിഭാഗങ്ങളിൽ ഗ്രാമപ്രദേശങ്ങളിലും എച്ച്.എസ് (35%) വി.എച്ച്.എസ്.ഇ (39%) വിഭാഗങ്ങളിൽ നഗരമേഖലകളിലുമാണ് കായിക മികവുകൾ കൈവരിക്കുന്നതിനുള്ള സൗകര്യങ്ങൾ കൂടുതൽ എന്ന് പഠനത്തിലൂടെ വ്യക്തമാണ്.

### സ്ഥാപന സംവിധാനങ്ങൾ സംബന്ധിച്ച്:

സ്കൂൾ, ആശുപത്രി, പൊതുസ്ഥാപനങ്ങൾ, ക്ലാസ്മുറി, ലാബ് തുടങ്ങിയ സൗകര്യങ്ങൾ പ്രീ പ്രൈമറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കാണ് (67%) ഏറ്റവും കൂടുതൽ ലഭ്യമാകുന്നത് എന്ന് പഠനത്തിലൂടെ കണ്ടെത്തി. യു.പി വിഭാഗത്തിലാണ് (25%) സ്ഥാപന സംവിധാനങ്ങൾ ഏറ്റവും കുറവ്. പ്രീ പ്രൈമറി, യു.പി. എൽ.പി, എച്ച്.എസ്.എസ് വിഭാഗങ്ങളിൽ (യഥാക്രമം 78%, 66%, 29%, 44%) ഗ്രാമീണമേഖലയിലും, എച്ച്.എസ്, വി.എച്ച്.എസ്.ഇ വിഭാഗങ്ങളിൽ നഗരമേഖല യിലും (യഥാക്രമം 45%, 55%) സ്ഥാപന സംവിധാനങ്ങൾ കൂടുതലുണ്ട് എന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

## അധ്യാപകരിൽ നിന്ന് ശേഖരിച്ച വിരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ:

### സാമൂഹികവുമായി ബന്ധപ്പെട്ടത്:

വിദ്യാർഥികളുടെ ഹാജർ നില, അധ്യാപകരുമായുള്ള ഇടപെടൽ, സമൂഹവുമായുള്ള ഇടപെ ടൽ തുടങ്ങിയവ സംബന്ധിച്ച് 48% കുട്ടികൾക്ക് തുടർച്ചയായി ക്ലാസിൽ ഹാജരാകാനും പഠന പ്രവർത്തനങ്ങളിൽ തുടർച്ച കൈവരിക്കുവാനും കഴിഞ്ഞിട്ടില്ലെന്ന് പഠനത്തിലൂടെ കണ്ടെത്തി. എച്ച്എസ്, പ്രീ പ്രൈമറി (59%) വിഭാഗങ്ങളിൽ മെച്ചപ്പെട്ട സാമൂഹിക ഇടപെടലുണ്ട്. വി.എച്ച്. എസ്.ഇ വിഭാഗത്തിൽ (43%) തരതമ്യേന കുറവ് രേഖപ്പെടുത്തി. ഗ്രാമ നഗര മേഖലകൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ (യഥാക്രമം 53.5%, 50.3%) വലിയ അന്തരമില്ല എന്ന് പഠനം സൂചിപ്പിക്കുന്നു.

### വിദ്യാഭ്യാസപരമായുള്ളത്:

വിദ്യാഭ്യാസ കാര്യങ്ങൾ, ബോധനരീതി, അക്കാദമിക നിലവാരം തുടങ്ങിയവ 52% കുട്ടികൾക്ക് ഫലപ്രദമാണ് എന്ന് പഠനത്തിലൂടെ കണ്ടെത്തി. യു.പി, എച്ച്.എസ് (66%) വിഭാഗങ്ങളിൽ പ്രസ്തുത മേഖലകളിൽ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു. വി.എച്ച.എസ്.ഇ വിഭാഗ ത്തിലാണ് ഏറ്റവും കുറവ്. ഗ്രാമ നഗരമേഖലകളെ താരതമ്യം ചെയ്യുമ്പോൾ (യഥാക്രമം 55.8% – 47.78%) വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രകടമായ അന്തരമുണ്ട് എന്ന് പഠനം സൂചിപ്പിക്കുന്നു.

### ആരോഗ്യ കാര്യങ്ങളുമായി ബന്ധപ്പെട്ടത്:

ആരോഗ്യകാര്യങ്ങൾ, ശുചിത്വം എന്നിവയിൽ 64% കുട്ടികൾ മുന്നിട്ടു നിൽക്കുന്നുവെന്ന് പഠന ത്തിലൂടെ കണ്ടെത്തി. എച്ച്.എസ് തലത്തിൽ 82% കുട്ടികളും ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തുന്നുണ്ട്. പ്രീ പ്രൈമറി വിഭാഗത്തിൽ 53% കുട്ടികൾ മാത്രമാണ് ആരോഗ്യകാര്യങ്ങ ളിൽ ശ്രദ്ധ പുലർത്തുന്നത്. ഗ്രാമ നഗര മേഖലകൾ തമ്മിൽ (യഥാക്രം 68.7% – 58.5%) പ്രകട മായ അന്തരമുണ്ട് എന്ന് പഠനം സൂചിപ്പിക്കുന്നു.

### സ്ഥാപന സംവിധാനം സംബന്ധിച്ചത്:

സ്ഥാപന സംവിധാനങ്ങളുടെയും ഭൗതിക സാഹചര്യങ്ങളുടെയും കാര്യത്തിൽ തൃപ്തികര മായ നിലവാരമാണെന്ന് (68%) പഠനം കണ്ടെത്തി. പ്രീ പ്രൈമറി കുട്ടികൾക്ക് 35% സ്ഥാപന സൗകര്യങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്. എച്ച്.എസ് വിഭാഗത്തിൽ 91% സ്ഥാപന സൗകര്യ ങ്ങൾ ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗ്രാമ – നഗരമേഖലകളിലെ (യഥാക്രമം 70.5% – 65.5%) സ്ഥാപന സംവിധാനങ്ങളിൽ അത്ര വലിയ അന്തരമില്ല എന്ന് പഠനം സൂചിപ്പിക്കുന്നു.

### പഠന സമ്പ്രദായം സംബന്ധിച്ചത്:

പഠന ബോധന പ്രവർത്തനങ്ങൾക്കായി മൾട്ടിമീഡിയ, ലൈബ്രറി എന്നിവ 68% അധ്യാപകരും ഉപയോഗിക്കുന്നതായി പഠനം കണ്ടെത്തി. എച്ച്.എസ് മേഖലയിലാണ് (85%) ഏറ്റവും അധികം ലൈബ്രറി മൾട്ടി മീഡിയ സാധ്യതകളുടെ ഉപയോഗമുള്ളത്. പ്രീ പ്രൈമറി വിഭാഗത്തിലാണ് (42%) ഏറ്റവും കുറവ്. ഗ്രാമ നഗര മേഖലകൾ താരതമ്യം ചെയ്യുമ്പോൾ (യഥാക്രമം 68.5% - 57.5%) ഗ്രാമമേഖലയിൽ മൾട്ടിമീഡിയ സാധ്യതകളുടെ ഉപയോഗം നഗരമേഖലയേക്കാൾ കൂടുതലാണെന്ന് പഠനം സൂചിപ്പിക്കുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച കണ്ടെത്തലുകൾ:

### അക്കാദമികമായുള്ളവ:

അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട് വിലയിരുത്തലിന് വിധേയമാക്കിയപ്പോൾ ലൈബ്രറി, ലാബ്, ജൈവ വൈവിധ്യ ഉദ്യാനം, കാർഷിക ഇടപെടലുകൾ എന്നിവയിൽ ഗുണപരമായ പ്രതികരണം നടത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 86% ആണ്. ലൈബ്രറി 94% സ്കൂളിലും ലാബ് 72% സ്കൂളിലും, ജൈവ വൈവിധ്യ ഉദ്യാനം 86% സ്കൂളിലും, കാർഷിക ഇടപെടലുകൾ 89% സ്കൂളുകളിലും ഉണ്ട്. നഗര പ്രദേശത്തും (81%) ഗ്രാമപ്രദേശത്തും (81%) അക്കാദമിക സൗകര്യങ്ങൾ ഒരു പോലെയാണെന്ന് പഠനം തെളിയിക്കുന്നു.

### ഐ.റ്റി. സാധ്യതകൾ സംബന്ധിച്ച്:

നൂതന സാങ്കേതിക വിദ്യകൾ പഠനബോധനത്തിൽ ഇഴചേർത്ത് സ്ഥായിയായി പഠന രീതികൾ അവലംബിക്കാനുള്ള ഉപാധികളായ ഇന്റർനെറ്റ് സ്മാർട്ട് ക്ലാസ് മുറികൾ എന്നിവയുടെ ഉപയോഗത്തിൽ 79% സ്കൂളുകളും മികച്ചുനിൽക്കുന്നു. ഇന്റർനെറ്റിൽ 95% സ്കൂളുകളും, സമാർട്ട് ക്ലാസ് മുറികളിൽ 62% സ്കൂളുകളും സ്വയം പര്യാപ്തമാണെന്ന് പഠനം സൂചിപ്പിക്കുന്നു. ഗ്രാമീണ മേഖലയിൽ 73%വും നഗരമേഖലയിൽ 84% സ്ഥാപനങ്ങളും മികച്ച ഐ.റ്റി പഠനസാധ്യതയുള്ളവയാണ് എന്ന് പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

### ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച്:

സ്കൂളിൽ അവശ്യം വേണ്ടുന്ന ശൗചാലയങ്ങൾ, കുടിവെള്ളം, കളിസ്ഥലം, ചുറ്റുമതിൽ, ഓഡിറ്റോറിയം എന്നീ ഭൗതികസൗകര്യങ്ങളുടെ ലഭ്യതയിൽ 86% വിദ്യാലയങ്ങളും സ്വയം പര്യാപ്തമാണെന്ന് പഠനം തെളിയിക്കുന്നു. സ്വന്തമായി കളിസ്ഥലം(94%) ശൗചാലയം (97%), സ്ത്രീ സൗഹൃദ ശൗചാലയം (96%), ഓഡിറ്റോറിയം (92%) ചുറ്റുമതിൽ (62%) എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടെന്ന് പഠനം വ്യക്തമാക്കുന്നു. നഗരപ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (90%) ഭൗതിക സൗകര്യങ്ങൾ ഗ്രാമപ്രദേശത്തുള്ളവയേക്കാൾ (80%) കൂടുതലായി കാണുന്നു.

### സാമൂഹികാവസ്ഥ സംബന്ധിച്ച്:

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമൂഹ്യ ഇടപെടൽ ഘടകങ്ങളായ എസ്എംസി/ പിടിഎ, പൂർവ്വ വിദ്യാർഥി സംഘടന, സന്നദ്ധസംഘടന എന്നിവയുടെ പ്രവർത്തനം ഭൂരിപക്ഷം (83%) സ്ഥാപനങ്ങളിലും തൃപ്തികരമാണ്. ഗ്രാമീണ മേഖലയെ അപേക്ഷിച്ച് (80%) നഗരമേഖലയിൽ ഇത് കുറേകൂടി ശക്തമാണ് (85%) എന്ന് പഠനത്തിലൂടെ കണ്ടെത്തിയിരിക്കുന്നു.

## കുട്ടികളുടെ അച്ചീവ് മെന്റുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ:

പരമ്പരാഹത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളിൽ പ്രീപ്രൈമറി വിഭാഗത്തിൽ 72% കുട്ടികളും ആശയവിനിമയ ശേഷി കൈവരിച്ചതായി പഠനത്തിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളിൽ പ്രീപ്രൈമറി വിഭാഗത്തിൽ 61% കുട്ടികളും പ്രകടനപരതയിൽ മികച്ച നിരവാരം പുലർത്തി.

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളിൽ ലോവർ പ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന 38% കുട്ടികളും മലയാളം വായനയിൽ മികവ് പുലർത്തുന്നെന്ന് പഠനത്തിലൂടെ കണ്ടെത്തി. എന്നാൽ ബാക്കിയുള്ളതിൽ 51% പേർ തപ്പിതടഞ്ഞ് വായിക്കുമ്പോൾ 9% കുട്ടികൾ തീരെ വായിക്കാൻ അറിയാത്തവരാണ്.

- എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന 35% കുട്ടികൾ പരിസരപഠനവുമായി ബന്ധപ്പെട്ട ശേഷി നേടുന്നതിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ 25% പേർ വളരെ പിന്നാക്കം നിൽക്കുന്നവരാണെന്ന് പഠനം വ്യക്തമാക്കുന്നു.
- എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന 26% കുട്ടികൾ മലയാളം ഭാഷണത്തിൽ മികച്ചു നിൽക്കുമ്പോൾ 18% വളരെ പിന്നാക്കമാണ്.
- എൽ.പി വിഭാഗത്തിൽ 33% പേർ ഗണിതക്രീയകൾ ചെയ്യാൻ ശേഷി ആർജ്ജിച്ചവരാണ്. 45% ശരാശരി നിലവാരത്തിൽ നില്ക്കുമ്പോൾ 22% പേർക്ക് ഗണിതാശയങ്ങൾ ഫലപ്രദമായി നേടാൻ കഴിഞ്ഞിട്ടില്ല. ഇവർക്ക് ഗണിത ക്രീയകൾ ചെയ്യുന്നതിനു കഴിയുന്നുമില്ല.
- പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യു.പി വിഭാഗത്തിൽ, കുട്ടികളിൽ 30% പേർ മലയാളം വായനയിൽ മികച്ചു നിൽക്കുന്നു. എന്നാൽ 12% പേർക്ക് മലയാളം ശരിയായി വായിക്കാനറിയില്ല എന്ന് പഠനം വ്യക്തമാക്കുന്നു.
- യു.പി തലത്തിൽ ഗണിതവുമായി ബന്ധപ്പെട്ട് 24% കുട്ടികൾ മാത്രമാണ് ഗണിത ക്രീയകൾ അനായേസന ചെയ്യുന്നതെന്ന് പഠനം വ്യക്തമാക്കുന്നത്. ശരാശി 57% കുട്ടികൾക്ക് ഗണിത ക്രീയകൾ ചെയ്ത് ഉത്തരത്തിലേക്കെത്താൻ കഴിയാതെ പോകുന്നു. ഇതിൽ 19% പേർ ഗണിതത്തിന്റെ യാതൊരുവിധ ശേഷികളും ഇല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.
- യു.പി തലത്തിൽ വിഷയാസ്പദമായി നല്കിയ ചർച്ചയിൽ/സംവാദത്തിൽ 21% പേർ വിഷയത്തിൽ ഇടപെട്ടുകൊണ്ട് നന്നായി സംസാരിച്ചു. എന്നാൽ ഇതിൽ 24% കുട്ടികൾ യാതൊരുവിധ അഭിപ്രായ പ്രകടനം നടത്തിയില്ല എന്ന് കണ്ടെത്താൻ കഴിഞ്ഞു.
- യു.പി തലത്തിൽ “ഇംഗ്ലീഷ് വായനയിൽ 22% കുട്ടികൾ ഇംഗ്ലീഷ് വായിക്കാൻ കഴിവുള്ളവരായി പഠനം കണ്ടെത്തി. എന്നാൽ 13% പേർക്ക് തീരെ വായിയ്ക്കാനറിയാത്തവരായി ഉണ്ടെന്ന് പഠനം വ്യക്തമാക്കുന്നു.
- യു.പി തലത്തിൽ 21% പേർക്ക് ഏറെക്കുറെ മെച്ചപ്പെട്ട രീതിയിൽ ഇംഗ്ലീഷ് സംസാരിയ്ക്കാനറിയാം. എന്നാൽ 21% പേർ ഈ ശേഷി കൈവരിയ്ക്കാത്തവരായി ഉണ്ടെന്ന് പഠനം വ്യക്തമാക്കുന്നു.
- ഹൈസ്ക്കൂളിൽ പഠിക്കുന്ന 36% കുട്ടികൾക്കു നന്നായി മലയാളം ഭാഷണം ചെയ്യാനറിയാമെന്ന് പഠനം വ്യക്തമാക്കുന്നു. എന്നാൽ 8% പേർക്ക് ഒഴുക്കോടെ സംസാരിക്കാൻ കഴിയുന്നില്ല എന്ന് പഠനം വിലയിരുത്തുന്നു.

- ഹൈസ്ക്കൂളിൽ പഠിക്കുന്ന കുട്ടികളിൽ 38% പേർക്കും മലയാളം നന്നായി വായിക്കാനറിയാം. എന്നാൽ 6% പേർ തീരെ വായിക്കാനറിയാത്തവരാണ് എന്നത് ഗൗരവത്തോടെ കണേണ്ടതാണ്.
- ഹൈസ്ക്കൂളിൽ പഠിയ്ക്കുന്ന 21% പേർക്ക് ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യാൻ സാധിയ്ക്കുന്നവരാണ്. എന്നാൽ 66% പേർക്ക് ശരാശരി നിലവാരം പുലർത്താനേ കഴിയുന്നുള്ളു. 13% പേർക്ക് ഇംഗ്ലീഷ് ഭാഷ തീരെ കൈകാര്യം ചെയ്യാനറിയാത്തവരാണെന്ന് പഠനം വിലയിരുത്തുന്നു.
- ഹയർസെക്കണ്ടറിയിൽ 45% പേർക്കും മലയാളം – വായന നന്നായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു എന്നാൽ 3% പേർ ഇതിൽ ഏറെ പിന്നാക്കം നില്ക്കുന്നു.
- ഹയർസെക്കണ്ടറി തലത്തിൽ 48% പേർ മലയാളം – ഭാഷണത്തിൽ ഏറെ മുന്നിലാണ്. എന്നാൽ 3% പേർ ഏറെ പിന്നാക്കം നിൽക്കുന്നവരായി പഠനം വിലയിരുത്തുന്നു.
- ഹയർ സെക്കന്ററി തലത്തിൽ 26% പേർ നന്നായി ഇംഗ്ലീഷ് വായിക്കാനാറിയുന്നവരാണ്. എന്നാൽ 2% പേർ ഏറെ പിന്നാക്കം നില്ക്കുന്നു.
- ഹയർ സെക്കണ്ടറിതലത്തിൽ 24% പേർ നന്നായി ഇംഗ്ലീഷ് സംസാരിക്കുന്നവരാണ്. എന്നാൽ 6% കുട്ടികൾ ഇംഗ്ലീഷ് സംസാരിയ്ക്കുന്നതിൽ ഏറെ പിന്നാക്കം നില്ക്കുന്നു.
- ഹയർ സെക്കന്റി തലത്തിൽ 27% പേർ വിഷയാസ്പദമായി മലയാളം ചർച്ചചെയ്യുന്നതിലും സംവാദത്തിലും മികച്ച നിലവാരം പുലർത്തി. എന്നാൽ 15% പേർ യാതൊരുവിധ അഭിപ്രായ പ്രകടനവും നടത്തിയിട്ടില്ല എന്ന് പഠനം വിലയിരുത്തുന്നു.
- വി.ച്ച്. എസ്.ഇ.യിൽ 7% പേർ മാത്രമാണ് ഇംഗ്ലീഷ് വായനയിൽ മികച്ച നിലവാരം പുലർത്തിയത്. 15% പേർ ഏറെ പിന്നാക്കം നില്ക്കുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ ഗൗരവത്തോടെ കാണനം.
- അതുപോലെ വി.എച്ച്.എസ്.ഈ യിൽ ഇംഗ്ലീഷ് ഭാഷണത്തിൽ 10% കുട്ടികൾ മാത്രമാണ് മികച്ച് നിലവാരം പുലർത്തിയത്. മാത്രമല്ല 8% കുട്ടികൾക്ക് സംഭാഷണചാതുരി ഇല്ല എന്നു പഠനം വിലയിരുത്തുന്നു. ഇതും ഗൗരവപരമായി കാണെണ്ടതുണ്ട്.
- വി.എച്ച്.എസ്.ഈ തലത്തിൽ 26% പേർ മലയാളം നന്നായി വായിക്കാനറിയാവുന്നവരാണ്. എന്നാൽ ബാക്കി 74% പേരും ശരാശരി വായനാ നിലവാരം പുലർത്തുന്നവരാണെന്ന് പഠനം വിലയിരുത്തുന്നു.
- വി.എച്ച്.എസ്. ഈ യിൽത്തന്നെ 23% പേർ നന്നായി മലയാളം ഭാഷണം കൈകാര്യം ചെയ്യുന്നവരാണ്. എന്നാൽ 1% മാത്രമാണ് അതിൽ പിന്നാക്കം നിൽക്കുന്നത്.
- വി.എച്ച്.എസ്.ഇ യിൽ മലയാളം ചർച്ച/സംവാദം നടത്തിയപ്പോൾ 25% പേർ മികച്ച നിലവാരം പുലർത്തുമ്പോൾ 31% പേർ വളരെ പിന്നാക്കമാണെന്ന് പഠനം സൂചിപ്പിക്കുന്നു.

**കേസ്സ്റ്റഡി 1**

- അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ കുട്ടികളുടെ പഠനങ്ങളും സ്കളുകളുടെ ദൈനംദിന പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നു.

**കേസ്സ്റ്റഡി 2**

- സാമൂഹികവും സാമ്പത്തികവുമായ അധ്യപനം മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വളർച്ചയ്ക്കും വികസനത്തിനും ഭംഗം വരുത്തുന്നു.

# നിർദേശങ്ങൾ

പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി നടത്തിയ കണ്ടെത്തലുകൾ അനുസരിച്ച് രൂപപ്പെടുത്തിയ നിർദ്ദേശങ്ങളാണ് ചുവടെ കൊടുക്കുന്നത്.

**1. സാമുഹ്യപരമായവ:**

- തീരദേശ വിദ്യാഭ്യാസ വാളണ്ടിയർമാരെ ഉപയോഗപ്പെടുത്തി -2 മുതൽ +2 വരെയുള്ള വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കണം.
- പാഠപുസ്തകം, യൂണിഫോം ഉൾപ്പടെയുള്ള പഠനസാമഗ്രികൾ വിദ്യാർത്ഥികൾക്കു സൗജന്യമായി ലഭിക്കുന്ന സാഹചര്യം ഉണ്ടാവണം.
- പൊതു സമൂഹവുമായുള്ള ഇടപെടൽ സന്ദർഭങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന വ്യക്തിത്വ വികസന ക്യാമ്പുകൾ, ശില്പശാലകൾ, സഹവാസക്യാമ്പുകൾ, പ്രകൃതിപഠനക്യാമ്പുകൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിക്കണം.
- കുട്ടികൾക്ക് ഫലപ്രദമായ പഠനസാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഇരുന്നുപഠിക്കാൻ കേസര, വെച്ചെഴുതാൻ മേശ, പഠനോപകരണങ്ങൾ സൂക്ഷിക്കൻ ഷെൽഫ് എന്നിവ ലഭ്യമാക്കണം.
- പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കടലോര പ്രദേശത്തെ വിദ്യാലയങ്ങൾ സ്ഥാപനപരമായി മെച്ചെപ്പെടുത്തുന്നതിന് പൂർവവിദ്യാർത്ഥി സംഘടനയും വിദ്യാലയ വികസനസമിതികളും ശക്തിപ്പെടുത്തണം.

**2. സാംസ്കാരികമായവ:**

- സാംസ്കാരികോന്നമനത്തിനു അവശ്യം സഹായകമാവുന്ന ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയ സാമൂഹ്യസ്ഥാപനങ്ങൾ കടലോരത്ത് ധാരാളമായി ഉണ്ടാവണം.
- എൽ.പി. മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള കുട്ടികളുടെയും പൊതുജനങ്ങളുടേയും അധികവായനയെ പ്രോത്സാഹിപ്പിക്കാൻ ഗ്രന്ഥശാലകൾ സ്ഥാപിക്കണം.
- രക്ഷിതാക്കളുടെ വായനാ ശീലം, സാംസ്കാരിക ഇടപെടൽ എന്നിവ വർദ്ധിപ്പിക്കാൻ സഹായകരമാവുന്ന ഗ്രാമീണ പുസ്തക വിതരണ പരിപാടി നടപ്പാക്കണം. വനിതാ ലൈബ്രേറിയൻമാരുടെ സേവനം ഉപയോഗപ്പെടുത്താം.

**3. സാമ്പത്തികപരമായത്:**

- പ്രഭാത, സായാഹ്ന ഭക്ഷണ വിതരണം തീരദേശവിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് നടപ്പിലാക്കണം.
- കടലോരത്തിനപ്പുറമുള്ള ഭൂവിഭാഗങ്ങളെ പരിചയപ്പെടുത്തുന്നതിന് ചെറിയയാത്രകൾ, പഠനയാത്രകൾ എന്നിവ വിദ്യാലയം, സാമൂഹ്യ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ വർഷത്തിൽ രണ്ടുതവണയെങ്കിലും നടപ്പിലാക്കണം.
- സാമ്പത്തിക സ്വാശ്രയത്ത്വം മത്സ്യത്തൊഴിലാളികളിൽ വളർത്തിയെടുക്കുന്നതിന് ചുരുങ്ങിയ പലിശനിരക്കിൽ ധനസഹായം ലഭിക്കുന്നതിന് സഹകരണസ്ഥാപനങ്ങൾ പൊതുമേഖലാ ബാങ്കുകൾ എന്നിവയുടെ സഹായം ഉറപ്പുവരുത്തണം.
- കടലോരത്തെ കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തി കടൽ വിഭവങ്ങളുടെ സംസ്കരണം, വിപണനം എന്നീ മേഖലകളിൽ സ്വയം തൊഴിൽ സംരഭങ്ങൾക്ക് പ്രോത്സാഹനം നൽകണം.

- ആധുനിക ശാസ്ത്രജ്ഞാനം ഉപയോഗപ്പെടുത്തി കടൽ വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപന്ന വിതരണ സംവിധാനം ഒരുക്കി വനിതകൾക്ക് തൊഴിൽ ഉറപ്പുവരുത്തി കുട്ടികൾക്ക് മെച്ചപ്പെട്ട സാമ്പത്തിക അവസ്ഥയുണ്ടാക്കണം.
- മത്സ്യ വിപണന മേഖലയിലെ സ്വാശ്രയസംഘങ്ങളെ ശാക്തീകരിച്ച് മത്സ്യബന്ധനത്തിന് ഏർപ്പെടുന്ന കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി ലാഭം വിനിയോഗിക്കാനുള്ള അവസരം മത്സ്യഫെഡിന്റെ നേതൃത്വത്തിൽ നടക്കണം.
- വിദ്യാർത്ഥികൾക്ക് ഇന്ന് ലഭിക്കുന്ന സ്റ്റൈപൻഡ് തുക തികച്ചും അപര്യാപ്തമായതിനാൽ വർദ്ധനവ് അനിവാര്യമാണ്.

**4. ആരോഗ്യപരമായവ**

- മത്സ്യേതര ഭക്ഷണത്തിന്റെ ഉപയോഗം വിദ്യാർഥികളിൽ വർദ്ധിപ്പിക്കുന്നതിനായി വിദ്യാലയങ്ങൾ നടപടികൾ സ്വീകരിച്ച് പോഷക ദാരിദ്യം നിർമാർജനം ചെയ്യണം.
- സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ വ്യാജവാറ്റ് കേന്ദ്രങ്ങൾക്കെതിരെയും അമിത മദ്യപാനത്തിനെതിരെയുമുള്ള ക്യാമ്പെയിനുകൾ സംഘടിപ്പിക്കുക.
- സാമൂഹ്യ നീതിവകുപ്പിന്റെ നേതൃത്വത്തിൽ ഹയർസെക്കന്ററി തലത്തിൽ നടന്നു വരുന്ന 'സൗഹൃദ' ക്ലബുകളുടെ പ്രവർത്തനം കടലോര മേഖലയെ ലഹരി വിമുക്തമാക്കുന്നതിനും കുട്ടികളെ ലഹരിവിമുക്തരാക്കുന്നതിനും പ്രയോജനപ്പെടുത്തണം.

**5. കായികപരമായവ**

- കടലോരത്തെ യുവജനതയ്ക്ക് പ്രാമുഖ്യം ലഭിക്കാൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളെ കോർത്തിണക്കി ജില്ലാതല സംസ്ഥാനതല കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കണം.
- സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കടലോരമക്കൾക്കു കായികരംഗത്തു പ്രത്യേക പരിശീലനം സംഘടിപ്പിക്കണം.
- കടലോരത്തെ പൂഴിമണ്ണിൽ കായികവിനോദങ്ങൾക്കുള്ള സാഹചര്യങ്ങൾ നിലവിലില്ലാത്തതിനാൽ, കോർട്ടുകൾ, ട്രാക്കുകൾ എന്നിവ യുവജനക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തണം.

**6. വിദ്യാഭ്യാസ പരമായവ:**

- തുടർവിദ്യാഭ്യാസത്തെക്കുറിച്ചും ജോലിസാധ്യതകളെക്കുറിച്ചും ഉള്ള അവബോധം ജനിപ്പിക്കുന്നതിന് കരിയർ ഗൈഡൻസ്, കൗൺസിലിംഗ് ക്ലാസുകൾ കാലികമായി നടത്തണം.
- വൊക്കേഷണൽ ഹയർസെക്കന്ററികളിൽ മത്സ്യബന്ധനം, സംസ്കരണം അക്വാറ്റിക് ബയോളജി, ഫിഷ് ആന്റ് ഫിഷറീസ് തുടങ്ങിയ കോഴ്സുകൾ ഉൾപ്പെടുത്തണം.
- നീറ്റ് പരീക്ഷയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് കോഴ്സുകൾക്കു പ്രവേശനം ലഭിക്കാൻ വെയിറ്റേജ് നൽകണം.
- ഫിഷറീസ് മേഖലയിലെ യുവതീയുവാക്കൾക്കായി ഡയറ്റിന്റെ ആഭിമുഖ്യത്തിൽ സ്പെഷ്യൽ ഡി.എൽ.ഇ.ഡി കോഴ്സുകൾ നടത്തി ഈ മേഖലയിൽ അധ്യാപകരായി നിയമിക്കണം.
- ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഓപ്റ്റ് ചെയ്ത് പഠിക്കാൻ പാഠ്യപദ്ധതയിൽ അവസരം ആക്കണം.

**7. സ്ഥാപനസംവിധാനവുമായി ബന്ധപ്പെട്ടവ**

- തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കാൻ Anti disaster shelter -കൾ അനുയോജ്യമായ ഇടങ്ങളിൽ multipurpose - ആയി സ്ഥാപിക്കണം.

- മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ സമയം പരിഗണിച്ച് പ്രീ-സ്കൂളുകളുടെ (അങ്കണ വാടി, പ്രീ-പ്രൈമറി) പ്രവർത്തനസമയം ക്രമീകരിക്കണം.
- മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ കായിക വികസനത്തിനു സഹായകമായ കളിസ്ഥലങ്ങൾ നിർമിക്കണം.

**8. അക്കാദമികം/ പഠന സമ്പ്രദായം എന്നിവയമായി ബന്ധപ്പെട്ടവ**

- പഠനം അനുഭവവേദ്യമാക്കാൻ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുകയും ലാബ്, ലൈബ്രറി സംവിധാനങ്ങൾ സക്രിയമാക്കുകയും വേണം.
- പ്രാദേശികമായി ലഭ്യമായ അഭ്യസ്തവിദ്യരെ ഉപയോഗപ്പെടുത്തി സഹപഠനത്തിലൂടെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കാനും സാമൂഹ്യമൂല്യങ്ങൾ വളർത്തിയെടുക്കാനും പഠനവീടുകൾ ക്ലബുകൾ, വായനശാല, സൗകര്യമുള്ള ഗൃഹങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സംഘടിപ്പിക്കണം.

**9. ഐ.ടിയുമായി ബന്ധപ്പെട്ടവ:**

- കടലോര പ്രദേശത്തെ കുട്ടികളെ സംബന്ധിച്ചിടത്തോളം മറ്റു മേഖലകളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ലഭിക്കുക വളരെ കുറവാണ്. ഐ.ടി മേഖലയുമായി ബന്ധപ്പെടുത്തി അത്തരം ദ്വിതീയ വിവരങ്ങൾ നൽകാൻ സാധിക്കും. അവ എല്ലാ വിഭാഗം കുട്ടികൾക്കും ലഭിക്കാൻ ആവശ്യമായ ഐ.ടി ഉപകരണങ്ങൾ തീരദേശത്തെ എല്ലാ വിദ്യാലയങ്ങളിലും സ്ഥാപിക്കണം.
- ആവർത്തിച്ചുള്ള പ്രകൃതിക്ഷോഭങ്ങൾ മൂലം വൈദ്യുതിത്തകരാറ് സംഭവിക്കുമ്പോൾ 'സമഗ്ര' പോർട്ടലുമായി ബന്ധപ്പെടുത്തി പാഠാസൂത്രണം നടത്തി ക്ലാസ് മുറിയിലെത്തുന്ന അധ്യാപികയ്ക്ക് ബോധന പ്രക്രിയ സുഗമമായി നടത്താൻ കഴിയില്ല. ആയതിനാൽ ജനറേറ്ററുകൾ പ്രാഥമിക വിദ്യാലയത്തിലടക്കം സ്ഥാപിക്കണം.
- തീരദേശത്തെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ കുട്ടികളുടെ അധികപഠനത്തിനായി തയാറാക്കണം.
- അതിജീവനത്തിന്റെ മുന്നൊരുക്കങ്ങൾ തീരദേശത്തെ കുട്ടികൾക്ക് പ്രാഥമിക വിദ്യാലയം മുതൽ ലഭിക്കാൻ പാഠ്യപദ്ധതിയിൽ കുട്ടിച്ചേർക്കലുകൾ വേണം.

## അച്ചീവ്മെന്റ് സ്റ്റഡി

## പ്രൈമറിതലം

**ഭാഷ**

- വിദ്യാർത്ഥികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് എൽ.പി.വിഭാഗത്തിൽ വായനകാർഡുകളും യു.പി വിഭാഗത്തിൽ ചെറു പുസ്തകങ്ങളും ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗത്തിന് വിവിധ വിഷയമേഖലയിലുള്ള പുസ്തകങ്ങളും ക്ലാസ് ലൈബ്രറിയിൽ ലഭ്യമാക്കണം.
- തീരപ്രദേശത്തെ വിദ്യാലയങ്ങളിൽ ഭാഷാപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കായി സ്പെഷ്യൽ പാക്കേജ് തയാറാക്കി നടപ്പാക്കണം.

**പരിസരപഠനം**

- മലനാട്ടിലേക്കും പട്ടണപ്രദേശങ്ങളിലേക്കും ചെറുപഠനയാത്രകൾ എൽ.പി തലം മുതൽ നടപ്പാക്കണം.
- നാടിനെയറിയൽ പ്രോജക്ട് കേരളത്തെ കൂടുതൽ മനസ്സിലാക്കാൻ നടപ്പാക്കണം.

**ഗണിതം**

- ഗണിത ലാബുകൾ എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കണം. ഗണിത പഠനോപകരണങ്ങൾ അവിടെ ലഭ്യമാക്കണം.

- യു.പി വിഭാഗത്തിന് ഗണിതം ലളിതം സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കണം. ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വം ഉണ്ടാവണം.
- ഗണിതത്തിൽ വിദ്യാർത്ഥികൾക്കു താത്പര്യം വളർത്താൻ ഗണിതമേള സ്കൂൾ തലത്തിൽ സംഘടിപ്പിക്കണം.

## ഹൈസ്കൂൾ – ഹയർസെക്കന്ററി തലം

**മലയാള ഭാഷ**

- ചർച്ച, സംവാദം, പ്രസംഗം, സെമിനാർ അവതരണം. അസംബ്ലീയിൽ അവതരണം എന്നിങ്ങനെയുള്ള സ്വാഭാവിക ഭാഷണസന്ദർഭങ്ങൾ വിദ്യാലയത്തിൽ ധാരാളമായി ഒരുക്കണം.
- കുട്ടികളുടെ ഗൃഹപരിസരത്ത് രൂപീകൃതമാകുന്ന പഠനവീടുകളിൽ എച്ച്.എസ്/എച്ച്.എസ്.എസ് കുട്ടികൾക്ക് നേതൃത്വപരമായ ചുമതല നൽകി ഭാഷണം പ്രചോദിപ്പിക്കണം.
- മാതൃഭാഷയിലുള്ള സർഗ്ഗാത്മക രചനകൾക്കുള്ള ക്യാമ്പുകൾ വിദ്യാലയത്തിൽ സംഘടിപ്പിക്കണം. ലഭ്യമായ സാഹിത്യകാരൻമാരെ പങ്കെടുപ്പിക്കണം.

**ഇംഗ്ലീഷ്**

- ഇംഗ്ലീഷ് ഭാഷാ മെച്ചപ്പെടലിനായി പ്രൈമറി ക്ലാസിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഹലോ ഇംഗ്ലീഷ് പദ്ധതി വിജയിപ്പിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം.
- യു.പി ഇംഗ്ലീഷിന് ഐ.ടി സംവിധാനമൊരുക്കി മെച്ചപ്പെട്ട ഇംഗ്ലീഷ് കേൾക്കാനും സംഭാഷണം ചെയ്യാനുമുള്ള അവസരം ഒരുക്കണം.
- ഇംഗ്ലീഷ് ഭാഷാക്ലബിന്റെ രൂപീകരണം ഹൈസ്കൂൾ/ ഹയർസെക്കണ്ടറിയിൽ നടക്കണം. പ്രവർത്തിപ്പിക്കണം.
- ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ ഭാഷണം, ലേഖനം അവസരങ്ങൾ വിദ്യാലയത്തിൽ നടപ്പാക്കണം.
- എൽ.പി മുതൽ ഹയർസെക്കന്ററിതലം വരെയുള്ള കുട്ടികളുടെ ഇംഗ്ലീഷ് രചനകൾ ഉൾപ്പെടുത്തി അച്ചടിച്ച പ്രസിദ്ധീകരണങ്ങൾ വിദ്യാലയത്തിൽ പ്രസിദ്ധീകരിക്കണം.
- ഇംഗ്ലീഷ് വിദഗ്ധരുടെ ക്ലാസുകൾ ശ്രവിക്കാനും ചർച്ചയിൽ പങ്കെടുക്കാനും അവസരം വിദ്യാലയത്തിൽ നൽകണം.
- ഇംഗ്ലീഷ് ഫെസ്റ്റ് വിദ്യാലയതലത്തിൽ നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം. കുട്ടികളുടെ ഇംഗ്ലീഷ് സ്കിറ്റ് അടക്കമുള്ള. പരിപാടികൾ നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം.
- പി.റ്റി.എ മീറ്റിംഗകളിൽ കേസ് സ്റ്റഡി മത്സ്യത്തൊഴിലാളികളായ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- പ്രകൃതി ദുരന്തതങ്ങൾ കണക്കിലെടുത്തുക്കൊണ്ട് മത്സ്യത്തൊഴിലാളികളുടെ ജീവനം സ്വത്തിനും സുരക്ഷയേകുന്നതിനായി പ്രത്യേക സുരക്ഷ സംവിധാനങ്ങൾ ഒരുക്കുക.
- പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ രക്ഷകർത്താക്കൾക്കായി കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും അവകാശത്തെക്കുറിച്ചുമുള്ള ബോധവത്ക്കരണങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കുക.

# വ്യക്തിഗത വിവരണ ഉപാധി

## എസ്.സി.ഇ.ആർ.ടി കേരളം കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബ ങ്ങളിലെ കുട്ടികളുടെ വ്യക്തിഗതമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി തയാറാ ക്കിയിട്ടുള്ള വിവരണ ഉപാധി

1. പേര് :
2. സ്കൂളിന്റെ പേര് :
3. വയസ് :
4. മേൽവിലാസം :
5. ക്ലാസ് :
6. അച്ഛന്റെ പേര് :
7. അച്ഛന്റെ തൊഴിൽ :
8. അച്ഛന്റെ വിദ്യാഭ്യാസം :
9. മകൻ ആരാകണമെന്നുള്ള ആഗ്രഹം :
10. അമ്മയുടെ പേര്
11. തൊഴിൽ :
12. വിദ്യാഭ്യാസം :
13. മകൻ ആരാകണമെന്നുള്ള ആഗ്രഹം :
14. സഹോദരങ്ങളുടെ എണ്ണം :
15. കുടുംബത്തിലെ ആകെ അംഗസഖ്യ :
16. പഠിക്കുന്നവർ എത്ര :
17. കുടുംബത്ത് രോഗികളായ ആരെങ്കിലുമുണ്ടോ?
18. കക്കൂസ്, കുളിമുറി, കിണർ, വൈദ്ധ്യുതി മുതലായ സൗകര്യങ്ങൾ:

**സാമൂഹികം**

19. അയൽ പക്കവുമായി നല്ല ബന്ധം പുലർത്തുന്നുണ്ടോ :
20. പത്രം, ടീവി തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗപ്പെടുത്താറുണ്ടോ:
21. സാമൂഹിക സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കാറുണ്ടോ:

22. ക്ലാസിൽ കൂട്ടുകാരോടൊപ്പം കൂട്ടു കൂടാറുണ്ടോ:

23. സുഖവും ദുഖവും ഉറ്റ സുഹൃത്തുക്കളുമായി പങ്കുവക്കാറുണ്ടൊ:

24. ക്ലാസിലെ എല്ലാ കൂട്ടുകാരോടും ചങ്കാത്തം കൂടാറുണ്ടോ:

**മാനസികം**

25. മറ്റുള്ളവർ നിങ്ങളോട് നിർദാക്ഷണ്യം പെരുമാറുമ്പോൾ സങ്കടം തോന്നാറുണ്ടൊ:

26. അതിസങ്കീർണ്ണമായ പ്രശ്നങ്ങൾ മാനസികമായി ബുദ്ധിമുട്ടിയ്ക്കാറുണ്ടൊ:

**ആരോഗ്യം**

27. ഏതെങ്കിലും ശാരീരിക ബുദ്ധിമുട്ട് അലട്ടാറുണ്ടോ :

28. ശരിരത്തിനാനുപാതികമായ നീളവും തൂക്കവും ഉണ്ടോ :

29. കൃത്യമായി മെഡിക്കൽ ചെക്കപ്പുകൾ നടത്താറുണ്ടോ :

30. വാക്സിനുകൾ എടുക്കുന്നതിൽ വീഴ്ച വരുത്താറുണ്ടൊ :

31. ജനനസമയത്ത് എന്തെങ്കിലും ശാരീരികമായ ബുദ്ധിമുട്ട് നേരിട്ടുണ്ടൊ :

**അക്കാദമികം**

32. സ്കൂളിൽ കൃത്യമായി വരുന്നൊണ്ടൊ:

33. ക്ലാസിലെ പഠന പ്രവർത്തനത്തിൽ പങ്കാളിയാക്കാറുണ്ടൊ:

34. പ്രത്യേകമായി ട്യൂഷൻ സൗകര്യങ്ങൾ ഉണ്ടോ:

35. സ്കൂൾ വായശാലയിൽ അംഗത്വം ഉണ്ടോ:

**സാമ്പത്തികം**

36. പഠന കാര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ടൊ :

37. തൊഴിൽ ചെയ്യുവാനായി നിർബന്ധിതമാകുന്നുണ്ടോ :

## ഗ്രന്ഥസൂചിക


| | |
|---|---|
| Charles. L (2011) | Health status and Health care system among the Fisher Folk in Kerala. M.G University: Ph D Thesis. |
| Kathtikeyan. R, (2013) | Rural fisher folk in southern coastal districts of Tamil Nadu, a study with special reference to income and expenditure and its impact on standard of living and indebtedness. M.S. University, Tamil Nadu. |
| Paul.A (1980) | A Study of the vocational interests of the pupils of the Fisheries High Schools of kerala in relation to their Achievement Patterns: Kerala University, M.Ed Thesis. |
| Rajesh. K (2009) | Coastal Tourism in Kerala. Its impact on Economy and Environment. Kochin University of Science and Technology Chochin, Ph.D Thesis. |
| Vijayaragahavan. K. (2009) | Marine Fisheries in Malabar area – a socio economic analysis. Kannur University; Ph.D Thesis. |